
കോൺഗ്രസ്സി
ലുണ്ടനേകം

# ആരോഗ്യവും നിത്യയൗവ്വനവും കാംക്ഷിക്കുന്നവർ

ആരോഗ്യസംവർദ്ധക ഔഷധങ്ങളിൽ അഗ്രിമമായ ഞങ്ങളുടെ സുപ്രസിദ്ധ

# "മൃഗമദാദി രസായനം"



തന്നെ സേവിക്കുക. ശരീരത്തെ സവിശേഷം പുഷ്ടിപ്പെടുത്തും. അടി, ഇടി, വീഴ്ച ഇവകളാൽ സംഭവിക്കുന്ന കേടുപാടുകൾ പോക്കും. ശരീരശോഷം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ടൽ, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം, മലബന്ധം ഇവകളെ ശമിപ്പിക്കാൻ നല്ലതു്.

**പ്രസവരക്ഷയ്ക്കു് അത്യുത്തമം.**

സ്ത്രീപുരുഷഭേദമെന്യേ ഏവർക്കും സേവിക്കാം.

**വില: റാത്തൽ ഒന്നുക്കു് 5 രൂ. 75 ന: പ:**

സ്റ്റോക്കിസ്റ്റന്മാർ:— 1 മെ: രാജൻ മെഡിക്കൽസ്റ്റോഴ്സ്, പുത്തൻചന്ത, തിരുവനന്തപുരം 2 മാതേവൻമെഡിക്കൽസ്റ്റോഴ്സ്, ചെന്തിട്ട, തിരുവനന്തപുരം—3. 3. ചന്ദ്രികാ മെഡിക്കൽസ്റ്റോർ, ഉള്ളൂർ, തിരുവനന്തപുരം 4 ഗോപി & കമ്പനി, മെയിൻറോഡു്, മാർത്താണ്ഡം 5 വെസ്റ്റേൺ മെഡിക്കൽസ്റ്റോഴ്സ്, ചിന്നക്കട, കൊല്ലം 6 ജി. ദാമോദരൻ, കെമിസ്റ്റ്സ്, കടയ്ക്കാവൂർ 7 കമലാ മെഡിക്കൽസ്റ്റോഴ്സ്, കന്നിക്കോട്ടു് 8 ജൂപ്പിററർ മെഡിക്കൽ സ്റ്റോഴ്സ്, കായംകുളം 9 പരീതുകുഞ്ഞു് & സൺസ്, മർച്ചന്റ്സ്, പുനലൂർ 10 പി. കെ. രാഘവൻപിള്ള, മർച്ചന്റ്, കണ്ടറ 11 ശശി മെഡിക്കൽസ്റ്റോഴ്സ്. കഴക്കൂട്ടം 12 കെ. ടി. ജോർജ്ജു് & സൺസ്, തിരുവല്ലാ 13 സി. ജെ. ജോൺ & കൊ, കെമിസ്റ്റ്സ്, വൈക്കം 14 പ്രഭാതു് മെഡിക്കൽസ്റ്റോർ, കല്ലിശേരി 15 പി. എസ്. കെ. സ്റ്റോഴ്സ്, മുണ്ടക്കയം 16 കളരിക്കൽ മെഡിക്കൽസ്റ്റോഴ്സ്, കോട്ടയം 17 മെഡോണാഎമ്പോറിയം, ചങ്ങനാശേരി 18 യുണൈററഡ് മെഡിക്കൽസ്റ്റോഴ്സ്, മാവേലിക്കര 19 പുലമൺ മെഡിക്കൽസ്റ്റോഴ്സ്, പുലമൺ ജംഗ്ഷൻ, കൊട്ടാരക്കര 20 എസ്. ഡി. വി. എ. ഫാർമസി, അടൂർ 21 ബാലു മെഡിക്കൽ സ്റ്റോഴ്സ്, വടക്കൻപറവൂർ 22 പ്രമീളാസ്റ്റോഴ്സ്. കാച്ചിറ 23 ജനതാ സ്റ്റോഴ്സ്, കരുനാഗപ്പള്ളി 24 അബ്ദുൽ റസാക്കു്, മർച്ചന്റ്, ചവറ 25 പോപ്പുലർ മെഡിക്കൽസ്റ്റോഴ്സ്, വക്കലെ 26 എം. പി. ജോസഫ്, മരുന്നുവ്യാപാരം, പാത്തന്നൂർ 27 പി. സി. ശേഖർ, മർച്ചന്റ്, നെയ്യാററിൻകര 28 ന്യൂ കൊളംബൊ ഫാർമസി, പത്തനംതിട്ട 29 കേരളാഫാർമസി, നെടുമങ്ങാടു് 30 ശ്രീചിത്രാ മെഡിക്കൽസ്റ്റോർ, അഞ്ചൽ. 31. പാറപ്പാട്ടു മെഡിക്കൽസ്റ്റോഴ്സ്, ചെങ്ങന്നൂർ

വി. പി. ഏർപ്പാടിനു് ഞങ്ങൾക്കെഴുതുക—

വി. പി. ചാർജ്ജു് 1 രൂ. 95 ന: പ. ഫോൺ നമ്പർ 586.

**മാനേജർ, എസ്സ്. ഡി. ഫാർമസി, മുല്ലയ്ക്കൽ—ആലപ്പുഴ.**

**(Alleppey P. O.) P Box 61**

ബ്രാഞ്ചുകൾ:— അമ്പലപ്പുഴ, ചേർത്തല, കുത്തിയതോടു്, പാലാ, എടത്വാ, തോപ്പുംപടി (കൊച്ചി), തൊടുപുഴ, തൃശ്ശൂർ, ചങ്ങനാശ്ശേരി, തിരുവനന്തപുരം, മട്ടാഞ്ചേരി (കൊച്ചി), എറണാകുളം (with നേഴ്സിംഗ് ഹോം) ഈരാററുപേട്ട, മുണ്ടക്കയം.

8.4.61
...KUMAR NEWS AGENCY
CHENTHITTA
TRIVANDRUM

# സരസൻ

(വിനോദമാസിക)

പുസ്തകം 16 | ചങ്ങനാശേരി 1961 ഏപ്രിൽ | ലക്കം 12

# തിരപ്പുറപ്പാടു്

## "ഇത്രയ്ക്കു് അത്രയുമായപ്പോൾ അത്രയ്ക്കു് എത്രയാ"

പാലാബാങ്കുലിക്വിഡേഷനെ തുടർന്നു് റിസർവ്വ്ബാങ്കു് വേറെ അഞ്ചു ബാങ്കുകൾക്കു് മൂന്നു മാസത്തേക്കു് മോറട്ടോറിയം നൽകി. സാധാരണക്കാരുടെ വയററത്തടിക്കുന്നതിനുകാരണമായ ഈ അന്ത്യശാസനക്കാലാവധി എങ്ങനെയെങ്കിലും അവസാനിച്ചുകാണാൻ ജനങ്ങൾ വെമ്പലോടെ കാത്തിരിക്കുകയായിരുന്നു. ഒരുവിധത്തിൽ ആ മൂന്നു മാസം കഴിഞ്ഞു. ഇനിയെങ്കിലും ഒന്നു നിവർന്നുനടക്കാമെന്നാശിച്ചപ്പോൾ അതാവരുന്നു; കാലാവധി മൂന്നുമാസത്തേക്കുകൂടി നീട്ടിയിരിക്കുന്നു എന്നുള്ള രണ്ടാമത്തെ കല്പന! ഇതിലധികം ഇനി എന്തുവേണം? മൂന്നാമത്തെ പഞ്ചവത്സര പദ്ധതികളും, അതിന്റെ പ്രവത്തനങ്ങളുമെല്ലാം വെളിച്ചംപോലും കാണാതെ കടലാസുരേഖകൾമാത്രമായി സർക്കാർ ആഫീസുകളിലെ ഇരുട്ടറകളിൽ കിടന്നു് സ്വൈരമായി ഉറങ്ങുകയായിരിക്കും ഇതിന്റെ അനന്തരഫലം! അതെങ്ങനെയുമിരിക്കട്ടെ, പാവങ്ങളായ അത്താഴപ്പട്ടിണിക്കാരുടെ അവസ്ഥയാണു് ഏററവും പരിതാപകരം. ഇതേപ്പററി ചോദിക്കാനും പറയാനും നമുക്കു് ആളില്ല; കഴക്കോൽപോലെ പതിനൊന്നു മന്ത്രിമാർ നമുക്കുണ്ടു്. ദിവസം രണ്ടുവീതം ഇവർ കററസ്സും കൂട്ടുംകൂടിയും ഡൽഹിക്കു പറക്കുന്നുമുണ്ടു്. പ്രസ്താവനകളും അഭിപ്രായങ്ങളുമെല്ലാം ഇതെപ്പററി തകത്തടിക്കുന്നുമുണ്ടു്. പക്ഷെ "പിന്നെയും കാളനക്കരെത്തന്നെ" എന്നു പറഞ്ഞതുപോലെ ഈ കാര്യത്തിനു യാതൊരു തീരുമാനവുമുണ്ടാക്കാൻ അവക്കു കഴിഞ്ഞില്ലെന്നു മാത്രം! ഇങ്ങനെയാണു് സംഗതികളുടെ പോക്കെങ്കിൽ ഞങ്ങൾക്കു് ഇതേ ചോദിക്കാനുള്ളു—

"ഇത്രയ്ക്കു് അത്രയുമായപ്പോൾ അത്രയ്ക്കു് എത്രയാ?"

## ഐക്യം പൊട്ടുമോ?

അങ്ങനെ സംഭവിക്കുമെന്നും ഇല്ലെന്നും രണ്ടഭിപ്രായം ഇന്നു പരന്നിട്ടുണ്ടു്. അധികൃതന്മാർ ആവത്തിച്ചാവർത്തിച്ചു പറയുന്നുണ്ടു്, ഞങ്ങളിൽ പിളർപ്പൊന്നുമില്ല; ഇതു പൊട്ടുന്ന ചരക്കല്ല എന്നൊക്കെ, പിളർപ്പില്ലെങ്കിൽ ഇങ്ങനെ വളരെയേറെ ആവത്തിക്കേണ്ട കാര്യമുണ്ടോ എന്നാണു് ഞങ്ങൾ സംശയിക്കുന്നതു്. ഉപമുഖ്യനും മുഖ്യനും ഏതു ചടങ്ങിൽ സംബന്ധിക്കാൻ പോയാലും പ്രധാനമായി പറയുന്ന പല്ലവി ഇതൊന്നുമാത്രമാണു്. ഹോംഗാർഡിൽ കുഴപ്പമില്ലെങ്കിൽ റബ്ബർകൃഷിക്കുള്ള വനംപതിവുപദ്ധതി തനി വെള്ളയാണെങ്കിൽ, പോററിയദ്ദേഹത്തിന്റെ മതിൽക്കെട്ടു് ഉറപ്പുള്ളതാണെങ്കിൽ, അങ്ങനെ പലതും നല്ലതെങ്കിൽ ഈ പൊട്ടലിന്റെ അടിസ്ഥാനമായ വിടവുകളാക്കി സംസാരങ്ങളുയരുന്നതിൽ ഒരു ചുക്കും ഭയപ്പെടാനില്ല. അങ്ങനെയല്ല നേരേ മറിച്ചാണു സംഗതികളുടെ കിടപ്പെങ്കിൽ എത്ര



പറഞ്ഞാലും പ്രയോജനവുമില്ല. ഞങ്ങൾക്ക മന്ത്രിമാരോടു് ഈ അവസരത്തിൽ ഒരു കാര്യമേ പറയാനുള്ളു. നിങ്ങൾ ധൈര്യമായിട്ടു നിന്നോളൂ! വല്ലവരും വല്ലതും പറയുന്നതുകേട്ടു് നിങ്ങൾ "തലയിൽ പൂടരുപ്പാ"തിരുന്നാൽമതി. ഐക്യം പൊട്ടുമെന്നു പേടിക്കണ്ട. അതല്ലാ; പൊട്ടുമോ! എങ്കിലങ്ങു പൊട്ടട്ടെ! അല്ലാതെന്താ? ഇതു നല്ലകൂത്തു്!

## ജനാർദ്ദന ബഹിഷ്ക്കരണം

പുതിയ മന്ത്രിസഭയെന്നു പറഞ്ഞാൽ അതൊരു ത്രികോണപ്രേമത്തിൻെറ ആകെത്തുകയാണെന്നു പറയുന്നതിൽ തെററില്ല. ഉപരിപ്ളവശക്തികൾ ഇങ്ങനെ മൂന്നു കോണുകളിലുമായിനിന്നയത്തിപ്പൊക്കിയ കേരളഭരണവിതാനത്തിൻെറ ഒരു കോണിലെ ആണിക്കല്ലായിരുന്ന ആളാണു് ചാലക്കുടി നിയോജകമണ്ഡലത്തിൽ പി. എസ്സ്. പി. ടിക്കററിൽ നിന്നു് പനമ്പള്ളിക്കെതിരായി ജയിച്ച ശ്രീ. സി. ജി. ജനാർദ്ദനൻ. മന്ത്രിസഭാരൂപവൽക്കരണ ദിവസംവരെ ആ ബഹുമാന്യവ്യക്തി നിശ്ശബ്ദനായിരുന്നു. എന്നാൽ അതിനുശേഷം അല്പശബ്ദനായും, ക്രമേണ അധികശബ്ദനായും രൂപാന്തരപ്പെടുകയാണുചെയ്തതു്. ശബ്ദം നിയന്ത്രണാതീതമായപ്പോൾ പാർട്ടിയിൽനിന്നു ബഹിഷ്കൃതനായി. അച്ചടക്കരാഹിത്യമാണു് അതിനുള്ള കാരണം. കാര്യം വളരെ ശരിയായിരിക്കാം, അല്ലെങ്കിൽ തെററായിരിക്കാം. ഏതായാലും ഇത്രപെട്ടെന്നു് ഇങ്ങനെ ഒരു ബഹിഷ്ക്കരണനയം വേണ്ടിയിരുന്നോ എന്നാണു് ഞങ്ങൾ സംശയിക്കുന്നതു്. മുക്കാലിൽ മുടന്തി മുഴച്ചുനിൽക്കുന്ന ഇന്നത്തെ മന്ത്രിസഭയുടെ അപകടംപിടിച്ചനിലയും അതിൻെറ നിലനിൽപ്പിനും ഈ സംഭവം വകനൽകുകയില്ലായിരിക്കാം. പക്ഷെ അങ്ങനെയാണു് ഗ്രഹപ്പിഴയു വരുന്നതെങ്കിലോ? നീർക്കോലി കടിച്ചാലും അത്താഴം മുടങ്ങുമെന്നല്ലേ പഴമൊഴി? ആരു്, എങ്ങനെ, എവിടെയാണെന്നു് ആക്കറിയാം! ദൈവമേ! അങ്ങനെയൊന്നും സംഭവിക്കാതിരിക്കട്ടെ!! എങ്കിലും പറയുകയാണു്!!!




## ഞെട്ടിപ്പോയി

കേന്ദ്ര ആഭ്യന്തരമന്ത്രി പണ്ഡിററ് ഗോവിന്ദവല്ലഭ പന്തിൻെറ മരണവാർത്ത കേട്ടപ്പോൾ ഞങ്ങളൊന്നു് ഞെട്ടുകതന്നെ ചെയ്തു. അദ്ദേഹത്തിൻെറ ചരമം, അടയ്ക്കാൻവയ്യാത്ത ഒരു വടവാണെന്നു് പല പത്രക്കാരും ഉന്നതനേതാക്കളും പറയുന്നു. ഞങ്ങളത്രത്തോളം മുന്നോട്ടു പോവാൻ തയ്യാറില്ല. സർദാർ വല്ലഭായി പട്ടേൽ മരണമടഞ്ഞപ്പോൾ, ഇൻഡ്യയിലെ ഉയർന്ന നിലവാരത്തിലുള്ള നേതാക്കളും, പത്രങ്ങളും കരഞ്ഞൊണ്ടു പറഞ്ഞു:– "ഭാരതത്തിനു് ഒരിക്കലും നികത്താനാവാത്ത ഒരു വിടവാണു് സർദാറിൻെറ മരണംമൂലം ഉണ്ടായിരിക്കുന്നതു്" എന്നു്. എങ്കിലും ആ വിടവടയ്ക്കാൻ ചങ്കുററവും കഴിവുമുള്ള ഒരു ധീരൻ മുന്നോട്ടുവന്നു—പണ്ഡിററ് പന്തു്. പന്തിൻെറ ചരമംമൂലം, ആ മന്ത്രക്കസാല ഒഴിഞ്ഞുകിടക്കാൻപോകയാണെന്നു് ഞങ്ങൾ വിചാരിക്കുന്നില്ല. വല്ലഭായി ഇരുന്നിടത്തു് ഒരു പന്തിനു കേറി ഇരിക്കാമെങ്കിൽ, പന്തിരുന്നിടത്തു് ഒരു കൃഷ്ണമേനോനൊ, എ. എം. തോമസോ, ലക്ഷ്മി എൻ മേനോനോ, സുബ്ബരായനോ കേറിയിരുന്നുകൂടെന്നില്ല. പക്ഷെ, വടക്കേ ഇൻഡ്യയ്ക്കു് നീക്കിവച്ചിരിക്കുന്നതാണു് ആഭ്യന്തരമന്ത്രിപദവി എന്നുള്ള കേൾവി ശരിയാണെങ്കിൽ, ഞങ്ങൾ നിർദ്ദേശിച്ച പേരുകാരൊന്നും ആ കസാല മോഹിക്കണ്ട. എങ്കിലും പന്തിൻെറ നിര്യാണത്തിൽ ഞങ്ങൾ ആത്മാർത്ഥമായിത്തന്നെ ഞെട്ടാൻ തയ്യാറായി—ഞെട്ടി.

ധീരനും കർത്തവ്യാനുഷ്ഠാനത്തിൽ നിർഭയനും ആയിരുന്ന സർദാറിൻെറ ഉത്തമനായ പിൻഗാമി അന്തരിച്ചപ്പോയല്ലൊ, എന്നുള്ള വിചാരംകൊണ്ടുമാത്രമല്ലാ ഞങ്ങൾ ഞെട്ടിയതു്. നമ്മുടെ ഇവിടത്തെ മന്ത്രിപുംഗവന്മാർ വലിയവലിയ രാജ്യകാര്യങ്ങളും ചുമലിൽ ഏററിക്കൊണ്ടു് അങ്ങു ഡൽഹിയിൽ ചെല്ലുമ്പോൾ, അവരെ പടിപ്പുരയിൽത്തന്നെ നാലും അഞ്ചും മണിക്കൂർ നിറുത്തി മുഷിപ്പിക്കുന്ന ചില കേന്ദ്രന്മാരിൽ പ്രഗത്ഭനായിരുന്നു പണ്ഡിററ് പന്തു്. അങ്ങിനെയുള്ള ഒരുത്തൻ മരിക്കുക— ഞങ്ങൾ ഞെട്ടുകതന്നെ ചെയ്തു.

....0....







പോലീസിനെപ്പറ്റി അസംബ്ലിയിൽ
ശക്തിയായ ആരോപണമുണ്ടായി.

# കേന്ദ്രമേ രക്ഷിക്കണേ!!

പട്ടുനൂലിഴകളിൽ ചേർത്തുബന്ധിച്ചോരൈക്യം
പൊട്ടുവാൻ തുടങ്ങുന്നു കേന്ദ്രമേ രക്ഷിക്കണേ!
പട്ടണങ്ങളും മററു നഗരങ്ങളും പേടി
പ്പെട്ടിരിക്കുകയാണു;കേന്ദ്രമേ രക്ഷിക്കണേ!

നാരായംവിഴുങ്ങിയ മട്ടിലായ് കോൺഗ്രസ്സിന്റെ
നാരായവേരായുള്ള ഗോവിന്ദൻനായരയ്യോ!
കാരണമറിയാതെ തുള്ളുന്നപാർട്ടിയണി
ക്കോമരങ്ങളുമെല്ലാം;കേന്ദ്രമേ രക്ഷിക്കണേ!

ഒന്നാണെന്നുറപ്പാക്കിത്തന്നൊരാത്രിത-'ത്തിന്റെ
മുന്നാണിച്ചേറ്പ്പിളകി, പെയിൻറും വാർണീഷും
പോയ്




എണ്ണിയാലൊടുങ്ങാത്ത ച്ഛിദ്രവാസനപൊങ്ങി
ക്കണ്ണുകൾ കാണാതായി! കേന്ദ്രമേ രക്ഷിക്കണേ!

മുഖ്യനു,മുപമുഖ്യൻ,പ്രമുഖ്യനെന്നിങ്ങനെ
മുഖ്യനെ പങ്കിട്ടീടും സ്ഥാനമോഹികളോരോ
മുക്കിലും മൂലയിലും നിന്നതിനനുകൂല
ശക്തിസംഭരിക്കുന്നു കേന്ദ്രമേ രക്ഷിക്കണേ!!

പദ്ധതിത്തുകപങ്കിട്ടൊപ്പിച്ച ക്രമക്കേടു
പത്രികൾ വിരുത്തുമ്പോൾമറ്റൊരുതലയ്ക്കലാ
അന്ധമാമഭ്യന്തരംബന്ധുക്കൾക്കായിട്ടോരോ (യ്
കുന്തങ്ങളുണ്ടാക്കുന്നു കേന്ദ്രമേ രക്ഷിക്കണേ!

പൂഞ്ഞുലാൽ മതിൽകെട്ടി,പുതിയ കണ്ട്രാക്കറെ
പ്രീണിപ്പിച്ചതിലൂടെ പ്രശ്നങ്ങൾ തീർപ്പു ചിലർ
കാട്ടുകൾ കയ്യേറുന്നു-കയ്യാളർ ക്രുത്താടുന്നു
പ്രാണനെ പന്താടുന്നു കേന്ദ്രമേ രക്ഷിക്കണേ!

എന്തെല്ലാം പറഞ്ഞിട്ടും സ്വന്തം കൈപ്പിൻവ
ലിക്കാൻ
ചിന്തപോലുമേയില്ല;തകർന്നീടുന്നു ബന്ധം
വലിഞ്ഞീടുന്നു;മൂന്നുമൂലയ്ക്കുനിന്നൈക്യ
മുലഞ്ഞീടുന്നുപൊട്ടാൻ കേന്ദ്രമേ രക്ഷിക്കണേ!

പൊട്ടണം;പൊട്ടിപ്പൊട്ടി,ഞഞ്ഞിഞ്ഞായ് തകരണം
പൊട്ടുമീബന്ധത്തിനായല്ലെങ്കിലെന്തിന്നായി
ഒട്ടിച്ചീവിധത്തിലായ്?നശിക്കാൻപക്ഷപാവ-
പ്പെട്ടവർ വേറേയില്ലേ? കേന്ദ്രമേ രക്ഷിക്കണേ!

ഇപ്പുകുകൃഷിനിർത്തിയൊററയ്ക്കു നിലനില്ക്കാൻ
പാറുന്നാപരുവത്തിൽ കേരളമാക്കീടണം
കെൽപ്പുററു പുനരല്ലെന്നിരിക്കിൽ പാളീസായി
പ്പൊട്ടിപ്പോകുമേഐക്യം കേന്ദ്രമേരക്ഷിക്കണേ!

...0...

# മന്ത്രിസഭയിലെ ചാരവലയം

## വേഷപ്രച്ഛന്നരായി മാരകായുധങ്ങളോടുകൂടിയ ഒരു സംഘത്തെ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. ഞെട്ടിപ്പിക്കുന്ന—അതിഭയങ്കരമായ അണിയറ കരുനീക്കങ്ങൾ

(സ്വന്തം പ്രതിനിധി)

തിരുവനന്തപുരം ഏപ്രിൽ 1

നീചനീചവും, അതിഭയങ്കരവുമായി പ്രവർത്തനം നടത്തുന്ന ഒരു ചാരസംഘടന മന്ത്രിസഭയുടെ എല്ലാ മണ്ഡലങ്ങളിലും പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന വിവരം ഈയിടെ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെടുന്നു. ഏതാണ്ട് പത്തുമാസങ്ങൾക്കുമുമ്പാണത്രെ ഇതിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെട്ടുതുടങ്ങിയത്. ഇന്നുവരെ ലോകത്തിൽ ഒരുത്തരും ചെയ്യാത്ത അടവുകളാണ് ഈ സംഘടന നടത്തിക്കൊണ്ടിരുന്നതെന്നും തെളിഞ്ഞിരിക്കുന്നു.

### ചതുർമുഖാക്രമണം

നാലു ഭാഗങ്ങളിൽനിന്ന് ഒരുപോലെ ആക്രമണം നടത്തത്തക്കവിധം ഒരു ചതുർമുഖാക്രമണപരിപാടിയാണ് ഈ സംഘടന ആസൂത്രണംചെയ്തിട്ടുള്ളതെന്ന് തടവുകാരനായി പിടിക്കപ്പെട്ട ഒരു ചാരനിൽനിന്നും അറിവായിരിക്കുന്നു.

### നാലുപേരെ കണ്ടുപിടിച്ചു

മുഖ്യമന്ത്രിയുടെ സങ്കേതത്തിൽ മുഖംമൂടിധരിച്ച് മാരകായുധങ്ങളുമായി പതിയിരുന്ന നാലുപേരെയാണ് ആദ്യമായി കണ്ടുപിടിക്കപ്പെട്ടത്. ഇവരുടെ മതമോ ജാതിയോ ഒന്നുംതന്നെ വെളിപ്പെടുത്തിയിട്ടില്ല. ഒരുതരം ടൈം സ്രിഞ്ചുകൊണ്ട് മാരകമായ ഒരു വിഷം മന്ത്രിക്കസേരകളിൽ തള്ളിച്ചിരിക്കുന്നതിനെത്തുടർന്നാണ് ആദ്യമായി അന്വേഷണമാരംഭിച്ചത്. ഒരു മാസക്കാലത്തെ അത്യദ്ധ്വാനത്തിനുശേഷമാണ് നാലുപേരെ കണ്ടുപിടിക്കാനിടയായതെന്ന് ഒരു മന്ത്രിസഭാവക്താവിൽനിന്നറിയാൻ കഴിഞ്ഞു.

### പ്രധാന ലക്ഷ്യം

ചാരവലയത്തിന്റെ പ്രധാന ലക്ഷ്യം മുഖ്യമന്ത്രിയായിരുന്നു എന്നാണ് ചോദ്യംചെയ്യപ്പെട്ട തടവുകാരിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞത്. ആക്രമണകാരികൾ ഇതിനു മുമ്പിരുന്ന പല മന്ത്രിമാരെയും ആക്രമിക്കുന്നതിനു തുനിഞ്ഞിട്ടുണ്ടെന്നും, എന്നാൽ അന്നൊന്നും ആ രഹസ്യം ആരും മനസ്സിലാക്കുകയോ കണ്ടുപിടിക്കപ്പെടുകയോ ചെയ്തില്ലെന്നും ഈ കളിപ്പോരുകാരുടെ സംഘത്തലവന്മാരിൽ ഒരാളെന്ന് അവകാശപ്പെടുന്ന ഒരു തടവുകാരൻ പറയുന്നു.

### കൊല്ലുക എന്നതല്ല പ്രശ്നം

ഇവരുടെ ആക്രമണോദ്ദേശം വധിക്കുക എന്നുള്ളതല്ലെന്നും രക്തത്തിലൂടെ വിഷസംക്രമണം നടത്തി ബുദ്ധിയെ വൈകൃതപ്പെടുത്തുകയെന്നുള്ളതാണെന്നുമാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. എന്നാൽ ഏതുവിധമാണ് ആ കൃത്യം നിർവ്വഹിക്കുന്നതെന്ന് ഇതേവരെ വെളിപ്പെടുത്തിയിട്ടില്ല.

### ആദ്യസംഭവം

മുഖ്യമന്ത്രി പട്ടംതാണുപിള്ളയ്ക്ക് ആകസ്മികമായുണ്ടായ ഒരു ബോധക്കേടിന്റെ കാരണത്തെപ്പററി ഡോക്ടറന്മാർ നടത്തിയ പരിശോധനയിൽ രക്തസമ്മർദ്ദമാണെന്ന് ആദ്യം ധരിച്ചു. അതനുസരിച്ച് രക്തപരിശോധനനടത്തുകയും അപ്പോൾ ഈ വിഷസങ്കലനം കണ്ടുപിടിക്കപ്പെടുകയുമാണുണ്ടായത്. മുഖ്യമന്ത്രിയുടെ അസ്വാസ്ഥ്യത്തെ തുടർന്ന് മന്ത്രി ശ്രീ. പോററി, ശ്രീ. ചന്ദ്രശേഖരൻ എന്നിവർക്കും ഇതുപോലെത്തന്നെയുള്ള അനുഭവമുണ്ടായി. അതിന്റെയും കാരണങ്ങൾ മറെറാന്നുമല്ലെന്നാണ് മെഡിക്കൽവകുപ്പുകാർ അഭിപ്രായപ്പെട്ടത്.

### അനുഭവങ്ങൾ

ഈ വിഷസംക്രമണം രക്തത്തിൽ നടത്തപ്പെടുകയാണെങ്കിൽ ബുദ്ധിമാന്ദ്യം, ബോധക്കേട്, ഔദ്യോഗികജീവിതത്തോട് വെറുപ്പ്, അലസത, ശത്രുക്കളുമായി സഹകരിക്കണമെന്നൊരു തോന്നൽ, നാണക്കേട് മുതലായി പല അനുഭവങ്ങളുമുണ്ടാകുമത്രേ. കൂടാതെ സ്വന്തം തൊലിക്കട്ടിക്ക് അയവുവരുന്നതുപോലുള്ള ഒരു തോന്നലും ഇതുമൂലം അനുഭവപ്പെടുമെന്ന് മുഖ്യമന്ത്രി നേരിട്ടു പ്രസ്താവിക്കുകയുമുണ്ടായി. (നാണക്കേടും തൊലിക്കട്ടിക്കുറവും തോന്നിയാൽ ആരും മന്ത്രിപദത്തിൽ ഇരിക്കുകയില്ലല്ലോ) ഈ വിഷമത്തിന് പ്രത്യൗഷധമൊന്നും ഇതുവരെ കണ്ടുപിടിക്കാൻ ഡോക്ടറന്മാർക്കു കഴിഞ്ഞിട്ടില്ല.

### അസാധാരണപ്രവർത്തനം

ലോകത്തിൽ ഇതുവരെയുള്ള ചാരപ്രവർത്തനങ്ങളുടെ പട്ടികകൾവച്ചുനോക്കുമ്പോൾ എതിരാളികൾ സ്ഥലത്തി



ല്ലാത്ത സന്ദർഭങ്ങളിൽ രഹസ്യമായിട്ടാണ് ഇത്തരം കളിപ്പോരുകൾ നടത്തിയിട്ടുള്ളതെന്നു കാണാൻകഴിയും. എന്നാൽ ഈ സംഘടനയുടെ പ്രവർത്തി നേരെമറിച്ചാണ്. എതിരാളികൾ സ്ഥലത്തുള്ളപ്പോഴാണത്രേ ഇക്കൂട്ടരുടെ സമരം.




### സംഘടനാ ശക്തി

ഈ കളിപ്പോരുകാരുടെ സംഘടനയിൽ വളരെയധികം അംഗങ്ങളുണ്ടെന്നും, എന്നാൽ അവർ എവിടെ, എങ്ങനെയെല്ലാമാണ് സഞ്ചരിക്കുന്നതെന്നും തടവുകാർ വെളിപ്പെടുത്തുന്നില്ല. ആഭ്യന്തരമന്ത്രിയുടെ പ്രത്യേക പോലീസ് പാർട്ടി ഒരു ദിവസം മുഴുവൻ ചോദ്യംചെയ്തിട്ടും ഇവർ യാതൊരു രഹസ്യവും വെളിപ്പെടുത്തിയിട്ടില്ല. മരണത്തിലോ, മാനഹാനിയിലോ, ദേഹദണ്ഡനത്തിലോ ഇവർക്ക് ഭയമില്ലത്രേ— എന്താണിതിനു മാർഗ്ഗമെന്ന് പോലീസ്പാർട്ടി തലപുകഞ്ഞാലോചിക്കുകയാണ്.

### മററു മന്ത്രിമാർക്കും ഉപദ്രവം

ഈയിടെയായി മറെറാരു വിശേഷവും കണ്ടുപിടിച്ചിരിക്കുന്നു. ഒരു മന്ത്രിയുടെ രക്തം മററു മന്ത്രിയിൽ കാണുന്നു എന്നുള്ളതാണ് ഈ പ്രത്യേകത. എന്നാൽ അതിലും അല്പം വ്യത്യാസമുണ്ട്. മുഖ്യമന്ത്രിയിൽ ഉപമുഖ്യൻെറ രക്തവും, ആഭ്യന്തരമന്ത്രിയുടെ രക്തവും കലർന്നിരിക്കുന്നതായി കാണാൻ കഴിഞ്ഞു. എന്നാൽ മുഖ്യൻെറ രക്തം ഇവരിൽ ആരിലും കാണാൻ കഴിയുന്നില്ല. ഇതൊരത്ഭുതമായിരിക്കുന്നു എന്നാണ് രക്തപരിശോധനനടത്തിയ ഡാക്ടരുടെ അഭിപ്രായം. ഇതുകൊണ്ട് കളിപ്പോരുകാർ സാധിക്കുന്നതെന്താണെന്ന് ഇതേവരെ വ്യക്തമായിട്ടില്ല.

### ഡൽഹിക്ക്

ഇങ്ങനെ വൈകൃതത്വം ഭവിച്ച രക്തംകുത്തിയെടുത്ത് ഡൽഹിയിലുള്ള ലാബറട്ടറിക്ക് അയച്ചുകഴിഞ്ഞു. അതുപോലെതന്നെ തടവുകാരായിപ്പിടിച്ച "കളിപ്പോരുകാരെയും കൂടുതൽ ചോദ്യംചെയ്യപ്പെടുവാൻ ഡൽഹിക്കു കൊണ്ടുപോയിരിക്കുന്നു.

### ഒടുവിൽ കിട്ടിയതു്

ന്യൂഡൽഹി, ഏ. 2

ഏതാനും പോലീസ്നായ്ക്കളും, അനവധി രാസദ്രവ്യങ്ങളും ഉപയോഗിച്ചു നടത്തിയ പരീക്ഷണഫലമായി രക്തത്തെപ്പററി ചില വസ്തുതകൾ അറിയാൻകഴിഞ്ഞുവെന്ന് ഡൽഹി ലാബറട്ടേറിയൻെറ ഒരു കുറിപ്പിൽ കാണുന്നു. ഇതിനോടകം ഒരു സംഘം ടെക്നീഷ്യന്മാർ ഡൽഹിയിൽനിന്ന് തിരുവനന്തപുരത്തെത്തി ചില കൂടുതൽ തെളിവെടുപ്പു നടത്തിയതായും കേൾക്കുന്നു.

### ചാരന്മാർ ആരാണെന്നു തെളിഞ്ഞു

(ഏററവും ഒടുവിൽ കിട്ടിയതു്)

കണ്ടുപിടിക്കപ്പെട്ട ചാരന്മാർ ആരാണെന്ന് ഡൽഹിവൃത്തം ഇന്നു പ്രഖ്യാപനംചെയ്തിരിക്കുന്നു. ഈ ചാരസംഘടന ഇൻഡ്യയിൽ പല കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാൽ തിരുവനന്തപുരംപ്രവർത്തനത്തിൻെറ രീതി ഒന്നു വേറെയാണെന്നുമാണ് പ്രസ്താവന.

### STOP PRESS

ഇന്നുച്ചയ്ക്കു പ്രസിദ്ധപ്പെടുത്തിയ ഒരസാധാരണ ഗസററിലാണ് ചാരന്മാരുടെ വിവരണങ്ങൾ കൊടുത്തിരിക്കുന്നതു്. പിടിക്കപ്പെട്ട ചാരന്മാർ മൂട്ടവർഗ്ഗത്തിൽപ്പെട്ട ജീവികളാണെന്നാണ് അവസാനമായി കണ്ടുപിടിച്ചിരിക്കുന്നതു്. പട്ടത്തിൻെറ ദേഹത്ത് ശങ്കറിൻെറ രക്തം കുത്തിവയ്ക്കുന്നതിനുവേണ്ടി ശങ്കറിൻെറ ചെയറിലെ ഒരു സംഘം മൂട്ടകൾ പട്ടത്തിൻെറ ചെയറിൽ കടന്നുകൂടുകയുണ്ടായതായിരിക്കണം ഇതെന്നു സംശയിക്കപ്പെടുന്നു. ഏതായാലും ഈ പശ്ചാത്തലത്തിലല്ലേ പട്ടം വീണ്ടും കോൺഗ്രസ്സിലേക്കു പോയാലെന്താണെന്ന് ആലോചിക്കുന്നതെന്നും പൊതുവേ അഭിപ്രായമുണ്ട്. പക്ഷേ ഇതുവരെ ആ വാർത്തയ്ക്കു സ്ഥിരീകരണം ലഭിച്ചിട്ടില്ല.

—൦—


വസ്ത്രങ്ങൾക്കു്

★ താജ്മഹാൾ ടെക്സ്ററയിൽസ് ★

Phone No. 2542. മുല്ലയ്ക്കൽ :: ആലപ്പുഴ. Residency 2284.

# കുടിപുറപ്പാട്

## (വാണക്കുററി)

**—വടക്കൻ പാട്ട്—**

കേരളമുഖ്യനാം പട്ടത്തമ്മാൻ
പി. എസ്സ്. പി. മുഖ്യനാം പട്ടത്തമ്മാൻ
മുച്ചൂട്ടും മന്ത്രിയാം പട്ടത്തമ്മാൻ
മൂവന്തിമന്ത്രിയാം പട്ടത്തമ്മാൻ

ഒരുദിനം കാലത്തുണർന്നെണീററു
കാവിലെ ദേവിയെ കൈവണങ്ങി
പരദൈവം തൻനടതന്നിൽചെന്നു
പലവട്ടം നിന്നു സ്തുതിക്കുന്നുണ്ടേ
എന്നമ്മേ പൊന്നമ്മേ ലോകമായേ
ഇപ്പോക്കിലെന്നെത്തുണച്ചീടണേ
അളമുട്ടിപ്പോകുന്ന പോക്കാണമ്മേ
പൂവും പ്രസാദവും കൈയ്യിലേന്തി
പുലരുന്നതിൻമുമ്പേ വീട്ടിലെത്തി
കട്ടിക്കരയൻ ഖദറെടുത്തു
ചുററിമുറുക്കിയുടുത്തുചാലെ
ജിബ്ബായെടുത്തിട്ടതിൻെറമീതേ
ചിത്തിരഷാളൊന്നു ചുററിയിട്ടു
അന്നേരം വന്നല്ലോ കുഞ്ഞിപ്പൊന്നു
ആശാട്ടിയായുള്ള കുഞ്ഞിപ്പൊന്നു
"അല്ലേ,യിതെങ്ങോട്ടു പോണപോക്ക്"
പരിചാരകരില്ലാതെ പോക്കെങ്ങോട്ട്
പരിഹസിക്കില്ലയോ പാർട്ടിക്കാര്
കോൺഗ്രസ്സിലേക്കുള്ള പോക്കുഞൊന്
ഗോവിന്ദൻചൊല്ലീട്ടു പോണുഞൊന്
അപ്പോഠം പറയുന്നു കുഞ്ഞിപ്പൊന്നു
മൂപ്പിലെമൂപ്പത്തി കുഞ്ഞിപ്പൊന്നു
മൂത്തുനരച്ചാലും നാണമില്ല
മുതുകിലിടിച്ചാലും നാണമില്ല
പണ്ടത്തേതെല്ലാം മറന്നുപോയോ
കണ്ടിട്ടും കാണാത്തതാണുകഷ്ടം
കയ്യൊപ്പുരുപത്തിനാലിലൂടെ

കാലുപറിച്ചു കളഞ്ഞവരേ
കാലുപിടിക്കുവാൻ നാണമില്ലേ
താലോലിച്ചീടുവാൻ നാണമില്ലേ
അപ്പോഠം പറയുന്നു പട്ടത്തമ്മാൻ
മൂപ്പേറും മുതുമന്ത്രി പട്ടത്തമ്മാൻ
നീയെന്തറിയുന്നു കുഞ്ഞിപ്പൊന്നു?
ഇടതിങ്ങിയുള്ളോരിരുപ്പാണിന്ന്
ഇവിടെയീമട്ടിൽ ഭരിക്കവയ്യ
മൂക്കിനുനേരേ കൊടുവാളാണ്
മുഖ്യചെയറെല്ലാം മൂട്ടയാണ്
മൂലക്കല്ലെല്ലാമിളക്കമാണ്
പി. എസ്സ്. പി. ക്കാരോടു പുച്ഛമാണ്
ഡി.എസ്സ് പി.പോലും ചിരിക്കയാണ്




**ന്യൂയിസൻസ്**




ററീ പാർട്ടി കഠക്കു പല സ്ഥലത്തും ആളുകഠ ഉപയോഗിച്ചു നല്ലഅഭിപ്രായം കിട്ടിയ ലക്ഷ്മണാ കോഫി ഉപയോഗിക്കുക!

ഈ മുഖ്യസ്ഥാനം തെറിച്ചുപോയാൽ
ഈ ഞാനീലോകത്തിൽ വാഴകില്ല
പാഷാണംതിന്നു മരിക്കുംഞാനു്
കത്തിയാൽ കുത്തി മരിക്കും ഞാനു്
ചാകാതെ മുഖ്യനായെന്നും വാഴാൻ
പോകയാണോമനേകോൺഗ്രസ്സിൽഞാൻ
അപ്പോഠം കരഞ്ഞല്ലോ കുഞ്ഞിപ്പൊന്നു
ഇത്തരമോതുന്നു കുഞ്ഞിപ്പൊന്നു
പോകല്ലേ നിങ്ങളാകോൺഗ്രസ്സില്
പോയാലോ നിങ്ങഠക്കും പേപിടിക്കും
പണ്ടത്തെ ഒപ്പിട്ട പേനായൊണ്ടു്
പണ്ടത്തെ ചേരികളിന്നുമുണ്ടു്

പോകല്ലേ പോകല്ലേയാത്മനാഥാ!
പോകല്ലേ കോൺഗ്രസ്സിൽ വീണ്ടും നാഥാ
ചുമ്മാതിരിക്കെന്റെ കുഞ്ഞിപ്പൊന്നു
ചെമ്മേയിതെന്ന്യേ വഴിവേറില്ല.
കൂട്ടത്തിലുള്ളോർ പിഴച്ചുപോയാൽ
കൂട്ടിലിരിക്കുവോക്കാപത്താണു്
പാലൂട്ടിപ്പോററിയ കുഞ്ഞുനമ്മേ
പാലത്തേക്കേററി വലിച്ചതില്ലേ?
തോളേലെടുത്തു നടന്നിരുന്ന
ബാലൻ ജനാർദ്ദനനിന്നെന്തായി?
മൂപ്പീന്നാണെന്നവനോർത്തിടാതെൻ
ഏപ്പുചവുട്ടി.ത്തകർത്തതില്ലേ?
എല്ലാം മുടിഞ്ഞെടീ കുഞ്ഞിപ്പൊന്നു
ഇല്ല പി.എസ്സ്.പി.യിൽ മേലിലീഞാൻ
അപ്പോഠ പറയുന്നു കുഞ്ഞിപ്പൊന്നു
"അപ്പോഴേ ഞാനൊന്നു ചോദിക്കട്ടെ!
എച്ചിക്കുഴിയിങ്കൽ നിന്നുമാറീ
ട്ടോട്ടക്കലത്തിലേക്കല്ലേനിങ്ങഠ?"
നീപോടീ നാറുന്നതാണെങ്കിലും
നീരുമീപ്രശ്നത്തിനില്ലാതെ
വേറെവഴിയതുകൊണ്ടുനമ്മെ
നീതടയാതെൻെറ കുഞ്ഞിപ്പൊന്നു
നാററമുണ്ടെങ്കിലും മൂക്കുപൊത്തി
കാററിൻ ഗതിനോക്കി നിന്നോളാംഞാൻ

...0...

ഉറപ്പും ഭംഗിയുമുള്ള നവീനരീതിയിലുള്ള സ്വർണ്ണരത്നാഭരണങ്ങഠക്കു്

# രാമു ജൂവലേഴ്സ്

മുല്ലയ്ക്കൽ ക്ഷേത്രത്തിനു മുൻവശം. ആലപ്പുഴ.
പ്രൊപ്രൈററർ: കെ. ദാമോദരൻപിള്ള.

# സഖാവ് സി. ജെ. ജനാർദ്ദനൻ

— ചാണക്യൻ —

സോഷ്യലിസം ആരുടെ കയ്യിലുണ്ടോ അവനത്രെ സഖാവ്. കാൺഗ്രസ്സുകാരുടെ കൈയിൽ സോഷ്യലിസമുണ്ടെന്നാണല്ലോ അവരൊക്കെ പറയുന്നത്. പിന്നെ എന്തുകൊണ്ട് ആ ഇനത്തിൽ പെട്ടതിനെ സഖാവെന്നു വിളിക്കുന്നില്ല? അങ്ങിനൊരു ചോദ്യത്തിനു വകയുണ്ട്. ആട്ടെ—കുന്നു ചോദിക്കട്ടെ—"ഞങ്ങളുടെ കൈയിൽ കുറെ സത്യമുണ്ട്" എന്ന് കേരളത്തിലെ ഏതെങ്കിലും ഒരു പത്രം പറഞ്ഞാൽ, "ഞങ്ങളുടെ സാരി ചുററിയിരിക്കുന്നത് ഞങ്ങളുടെ ചാരിത്ര്യത്തിൻെറ മുകളിലാണ്" എന്ന് ഏതെങ്കിലും ഒരു സിനിമാതാരമോ, ഒരു നാടകക്കാരിയോ, ഒരു നേഴ്സോ പറഞ്ഞാൽ, "ഞാൻ പിന്നോക്കസമുദായത്തിൻെറ സമുന്നതനേതാവാണ്" എന്നു പി. കെ. കുഞ്ഞു പറഞ്ഞാൽ, നിങ്ങൾ വിശ്വസിക്കുമോ? സംഗതി അതാണ്. കോൺഗ്രസ്സിൻെറ സോഷ്യലിസം ഇത്രയൊക്കെയേയുള്ളു. കൊച്ചുകുട്ടികൾ കുരുത്തോലകൊണ്ട് പാമ്പിൻെറ രൂപമുണ്ടാക്കി കളിക്കാറുണ്ട്. അതിനാണെങ്കിൽ പത്തിയില്ല, വിഷമില്ല. ജീവനില്ല. അതുകൊണ്ട് മനുഷ്യരാരും പാമ്പെന്ന് വിളിക്കാറുമില്ല. ഇതുകൊണ്ടാണ് "ജനലക്ഷങ്ങളെ! കാൺഗ്രസ്സുകാരായ ഞങ്ങളിൽ നല്ല രസികൻ സോഷ്യലിസമുണ്ട്" എന്ന് കോൺഗ്രസ്സ് കാണ്ടാമൃഗങ്ങൾ വിളിച്ചുപറഞ്ഞിട്ടും മനുഷ്യരാരും അവരെ സഖാവെന്നു വിളിക്കാത്തത്. പി. എസ്. പി. ക്കാരൻ സ്വല്പംകൂടി കടന്നവനാണ്. അവൻെറ സോഷ്യലിസത്തിന് സ്വല്പം ജീവനുണ്ട്. പുളവനെ കണ്ടാൽ ഏതാണ്ടൊരു പാമ്പിൻെറ രൂപമില്ലേ? പത്തിയില്ല, വിഷമില്ല, കടിയുമില്ല, എന്നാലും പുളവന് നിർബന്ധമാ, അവനെ പാമ്പെന്നു വിളിക്കണമെന്ന്. പി. എസ്. പി-യിൽ സോഷ്യലിസം ഈ പുളവൻജാതിയിൽപ്പെട്ടതാണ്. അതുകൊണ്ടാണ് അവനെ സഖാവെന്നു വിളിക്കുന്നത്.



എങ്കിലും സഖാവ് പട്ടം താണുപിള്ള എന്നു പറയാൻനേരത്ത് പറയുന്നവൻെറ നാക്കിനൊരു കൊഞ്ഞയുണ്ടായിപ്പോകാറുണ്ട്. ആ വിളി കേൾക്കുമ്പോൾ താണുപിള്ളസ്സാറിൻെറ മുഖത്തൊരു വളിപ്പും വരുക പതിവാണ്. പി. എസ്. പി-യൻ സോഷ്യലിസം പുളവനാണെങ്കിൽ ആർ. എസ്സ്. പി-യൻ സോഷ്യലിസമോ? പൃഷ്ഠവും തലയും ഒന്നുപോലെയിരിക്കുന്ന ഒരു ജാതി പരിഷ്കൃത കാരകളുണ്ടല്ലോ ഇപ്പോൾ. അതുപോലെയുള്ള ചില പാമ്പുകളുണ്ട്—വാലും തലയും തിരിച്ചറിയാൻവയ്യാത്തവണ്ണം. ആ ഇനത്തിനെ "ഇരുതലമൂരി" എന്നാണ് എല്ലാവരും വിളിക്കുന്നത്. വാലില്ല, തലയില്ല—എന്നാൽ രണ്ടുമുണ്ടുതാനും. പത്തിയില്ല, കടിയില്ല—എന്നാൽ ഉണ്ടെന്നു തോന്നുകയും ചെയ്യും. ആറെസ്സിയൻ സോഷ്യലിസത്തെ നമുക്ക് ഇരുതലമൂരിയെന്ന് വിളിക്കുക. കാര്യവുമുണ്ടല്ലോ. എങ്ങോട്ടുവേണമെങ്കിലും എപ്പോൾ വേണമെങ്കിലും ഇഴയുന്ന സ്വഭാവമാണല്ലോ ആ ജന്തുവിനുള്ളത്. അപ്പോളെവിടെ, കരുത്ത എട്ടടിമൂർഖൻജാതിയിലുള്ള—പത്തിയും വിഷവും കടിയുമുള്ള സോഷ്യലിസം? അവനെ—ആ ഭയങ്കര ഫണനെ കാണണമെങ്കിൽ, നോക്കു, കമ്മ്യൂണിസ്റ്റിൻെറ പുഞ്ചിരിയിലേക്ക്, നടത്തയിലേക്ക്, നോട്ടത്തിലേക്ക്. അവനതാ അവയിലെല്ലാം തിറവെച്ച് ചുരുണ്ടു പതുങ്ങിയിരിക്കുന്നു.

ചുരുക്കമിതാണ്. അസ്സൽ സഖാവുവിളിക്കർഹർ കമ്മ്യൂണിസ്റ്റുകാരാണ്. എന്താ ചെയ്യുക? പി. എസ്.



പി–ക്കാരനും സഖാവാണെന്നും പറഞ്ഞോണ്ടു നടന്നാൽ നമ്മളെന്താ ചെയ്യുക? അതുകൊണ്ടു് നമുക്കു് സി. ജി. ജനാർദ്ദനനേയും സഖാവു് സി. ജി. ജനാർദ്ദനൻ എന്നു വിളിച്ചുകളയാം.

സി. ജി. ജനാർദ്ദനൻ എന്നൊരു രാഷ്ട്രീയഭീകരസത്വമുണ്ടെന്നു് നമ്മളെന്നുമുതലാ അറിയാൻതുടങ്ങിയതു്? ശരിക്കുള്ള കാലം നമുക്കാർക്കും നിശ്ചയമില്ല.

അപ്പന്റെ തോട്ടമെന്നപോലെ ഓരോരുത്തനും ഓരോ നിയോജകമണ്ഡലവും പോക്കററിലിട്ടോണ്ടു് നടക്കാവുണ്ടല്ലോ— സ്വയമനുഭവിക്കാൻ, പാട്ടംകൊടുക്കാൻ, ഒററിക്കോ വിലക്കോ കൊടുക്കാൻ പരമസ്വാതന്ത്ര്യമുള്ളമട്ടിൽ. എലക്ഷൻ സമീപിക്കുമ്പോഠം, പോക്കററിൽ ചുരുണ്ടുമടങ്ങിക്കിടക്കുന്ന നിയോജകമണ്ഡലം ഇങ്ങോട്ടെടുക്കും. എന്നിട്ടതിൽ പെരുമ്പാമ്പുപോലെ അങ്ങോട്ടു കിടക്കും. അല്ലെങ്കിൽ എതെങ്കിലുമൊരാശ്രിതനെ വിളിച്ചു് "ഇതിൽ കേറി കിടന്നോടാ. നിന്നെ ഞാൻ എം. എൽ. എ–യാക്കിയേക്കാം." എന്നാജ്ഞാപിക്കും. എന്താ കള്ളമാണെന്നഭിപ്രായമുണ്ടോ? പണ്ടു്—അത്ര പണ്ടല്ലാ—നെയ്യാററിൻകര പരമേശ്വരൻപിള്ള എന്നൊരു ഡ്രൈവറുണ്ടായിരുന്നു. നെയ്യാററിൻകര മിക്കവാറുംഭാഗവും തിരുവനന്തപുരത്തിന്റെ കുറെ ഭാഗവും അയാളുടെ കീശയിലായിരുന്നു. നെയ്യാററിൻകരയോ തിരുവനന്തപുരത്തോ ആർക്കെങ്കിലും നിൽക്കണമെന്നുണ്ടെങ്കിൽ ആദ്യമായി അയാഠം ഡ്രൈവറെ കണ്ടു് കാഴ്ചവെക്കണമായിരുന്നു. അങ്ങിനായിരുന്നു പിട്ട, പക്ഷെ ഒരു കൊച്ചുപയ്യൻ ഒരു പിച്ചാത്തി ആ നേതാവിന്റെ നെഞ്ചിൽ കുത്തിക്കേററിക്കളഞ്ഞു. അങ്ങിനെ ആ വീരൻ ചരമിച്ചപ്പോഠം, ആ മണ്ഡലങ്ങഠം സ്വല്പം സ്വതന്ത്രങ്ങളുമായി. ഇങ്ങനെ പറയുമ്പോഠം, നിയോജകമണ്ഡലങ്ങളിൽ മുട കടിച്ചുകിടക്കുന്ന പടംപൊഴിഞ്ഞ മൂത്താന്മാരെ കുത്തിക്കൊല്ലണമെന്നു് അഭിപ്രായമുള്ളതായി ആരും ശങ്കിക്കരുതു്. തിരുവനന്തപുരത്തിന്റെ കുറെ നിയോജകമണ്ഡലങ്ങഠം ഇന്നും പട്ടത്തിന്റെ ചെരുപ്പിനടിയിൽ കിടന്നു് വിമ്മുകയാണു്. കൊല്ലത്തിന്റെ പടിഞ്ഞാറുവടക്കുഭാഗങ്ങളും, കരുനാഗപ്പള്ളിയുടെ തെക്കുപടിഞ്ഞാറൻതീരങ്ങളും കുമ്പളം എന്ന വിക്രമന്റെ കൈയിലാണെന്നാണു് ഇപ്പോഴും ഒരു വെയ്പ്പ്. റാന്നിയുടെ കഥ പറയാനില്ല. അതു് വയലാകുടുംബത്തിന്റെ, വിശേഷിച്ചു് ഇടിക്കുളയുടെ കരബലത്തിലമർന്നുകിടക്കയാണു്. ഇങ്ങിനെ പല മല്ലന്മാരും പലടത്തും അടിഞ്ഞുകിടപ്പുണ്ടു്. ഇക്കൂട്ടത്തിൽ ചാലക്കുടി എന്ന നിയോജകമണ്ഡലം പനമ്പള്ളി കൈയേറി സ്വന്തമെന്നപോലെ എല്ലാർപെട്ടും അനുഭവിച്ചുവരികയായിരുന്നു. പനമ്പള്ളി ചാവുന്നതുവരെ ആ നിയോജകമണ്ഡലത്തിൽ മററൊരുത്തൻ എത്തിനോക്കാൻ ധൈര്യപ്പെടുകയില്ലെന്നായിരുന്നു പൊതുജനവിശ്വാസം. ഈ വിശ്വാസം ആദ്യമായി തകർത്തതു് സി. ജി. ജനാർദ്ദനനായിരുന്നു. "ഒരു പോക്കിറിക്കും ഈ നിയോജകമണ്ഡലത്തിൽ എന്നോടെതിർത്തുനിൽക്കാൻ ചങ്കൂററമില്ലെടാ" എന്നൊരു വെല്ലുവിളിഭാവത്തോടെ പനമ്പള്ളി ചാലക്കുടിയിൽ കാൺഗ്രസ്സ്ടിക്കററിൽ സ്ഥാനാർത്ഥിയായി, പലപ്പോഴുമെന്നപോലെ ഒരിക്കൽ കേറി നിന്നു. "നിന്നെയൊന്നു മലർത്തിയടിക്കാനൊക്കുമോ എന്നു് ഞാനൊന്നു നോക്കട്ടെടാ" എന്നൊരു സാഹസസ്വഭാവത്തോടെ സി. ജി. ജനാർദ്ദനൻ പി. എസ്. പി. ടിക്കററിൽ ചാലക്കുടിയിൽത്തന്നെ കേറിനിന്നു. ഫലമോ? ചാലക്കുടിസിംഹമായി വിലസിയിരുന്ന പനമ്പള്ളിയെ ചാലക്കുടിപ്പുള്ളിപ്പുലിയായി ഉയർന്നുവരുന്ന സി. ജി. ജനാർദ്ദനൻ കടിച്ചുകുടഞ്ഞു് അള്ളിക്കീറി മലർത്തിയിട്ടു. അന്നുമുതലാണെന്നു തോന്നുന്നു ജനാർദ്ദനനെന്നൊരു രാഷ്ട്രീയവിക്രുതജീവി ചാലക്കുടിയിൽ കിടപ്പുണ്ടെന്നു് നമുക്കൊക്കെ മനസ്സിലായതു്. പിന്നീടു് ജനാർദ്ദനനെ കമ്മ്യൂണിസ്റ്റുകാരെന്ന ചെന്നായ്ക്കഠം ഒന്നെതിർത്തുനോക്കി. ജയം ജനാർദ്ദനന്തന്നെ കിട്ടി. മുമ്പു് ചാലക്കുടിയിൽ പനമ്പള്ളി എന്തായിരുന്നോ, അതാണിപ്പോഠം ജനാർദ്ദനൻ ചാലക്കുടിയിൽ. നയതന്ത്രജ്ഞനും കപടപടുവും ആയ പനമ്പള്ളി വീ




ൺപോയിടത്തു്, രാഷ്ട്രീയവിവരമില്ലാത്തവനും, എടുത്തുചാട്ടക്കാരനുമായ ജനാർദ്ദനൻ എത്രനാൾ നിലനിൽക്കാൻ പോകുന്നു? പനമ്പള്ളിയെ വെന്നതിനോടുകൂടി ജനാർദ്ദനന്റെ പേരു് പുറത്തുവന്നു. കമ്മ്യൂണിസ്റ്റ് സ്ഥാനാർത്ഥിയെ നിലംതൊടാതെ പൊക്കിയെറിഞ്ഞപ്പോൾ ആ പേരിനൊരു വണ്ണവും വിസ്താരവും നീളവുംവെച്ചു. എന്നാൽ ഇതൊന്നുമല്ലാ ജനാർദ്ദനന്റെ പേരു് ഇപ്പോൾ ഉച്ചകോടിയിലെത്തിച്ചിരിക്കുന്നതു്. സ്വന്ത മാതാവിനേയും സഹോദരിയേയും, ഭാര്യയേയും സമ്പൂർണ്ണനഗ്നയാക്കി, പുരുഷാരത്തിന്റെമുമ്പിൽ പ്രദർശിപ്പിക്കുന്നവനെ എന്താണു് വിളിക്കേണ്ടതു്? ഭ്രാന്തൻ, തെമ്മാടി, ആഭാസൻ, വിഡ്ഢി എന്നൊക്കെപ്പോകുന്ന നമ്മുടെ മലയാളപദങ്ങൾ ആ പോക്കിനെ സംബന്ധിച്ചിടത്തോളം കേവലം ലോലവും മധുരവും മോഹനവും ഉദാരവും ആയ വി ളി ക ളാ ണ്. അപ്പോൾ മലയാളത്തിന്റെ ആഭാസപദാവലി, ജനാർദ്ദനന്റെ മുമ്പിൽ നിഷ്പ്രഭമാണെന്നുവരുന്നു. അതു ശരിയുമാണു്. എന്തുകൊണ്ടെന്നോ? ഒരുത്തൻ ഏതെങ്കിലുമൊരു രാഷ്ട്രീയപാർട്ടിയിൽ ചേർന്നുവെന്നുവരാം—ചില സമയം ആ പാർട്ടിയുടെ ഗ്രഹപ്പിഴകൊണ്ടെന്നുതന്നെവെച്ചോളൂ. ചേർന്നുകഴിഞ്ഞതിനുശേഷം അതിനകത്തെ മെമ്പറന്മാരിൽ ചിലരിൽ പല വൃത്തികേടുകൾ കണ്ടുവെന്നുംവരാം. അങ്ങിനെ കണ്ടാൽ ചേർന്ന മെമ്പർ. അതിനകത്തു നിന്നോണ്ടു് പാർട്ടിച്ചിട്ടുകളെ ബഹുമാനിച്ചോണ്ടു് ആ വൃത്തികേടുകൾ കഴിവതും ഇല്ലാതാക്കാൻ ശ്രമിക്കയാണു് ആണുങ്ങൾ ചെയ്യാറുള്ളതു്. ആ വൃത്തികേടുകൾ അസഹ്യമാണെന്നു കണ്ടാൽ തന്നേക്കൊണ്ടു മാററാനാവില്ലെന്നു് തീർച്ചവന്നാൽ ഉടൻ രാജികൊടുത്തുപുറത്തുവന്നു് ആ പാർട്ടിക്കു് തനിക്കു പിടിക്കാത്ത ചില പോരായ്മകളുള്ളതിനാൽ താൻ രാജികൊടുത്തുവെന്നു് അന്തസ്സാറ ഭാഷയിൽ ഒരു പ്രസ്താവന ഇറക്കുകയാണു്, അച്ഛനു പിറന്ന ആൺപിള്ളേരു ചെയ്യാറുള്ളതു്. നമ്മുടെ ജനാർദ്ദനൻ ചെയ്തതോ? പി. എസ്സ്. പി. യുടെ അന്ത:പുരത്തിൽ ഇരുന്നോണ്ടു് "ഇവിടിതാ ഞങ്ങളുടെ അമ്മ" വ്യഭിചരിക്കുന്നു. അച്ഛനിതാ കള്ളനോട്ടടിക്കുന്നു. ഒരു മന്ത്രിയായ ചന്ദ്രശേഖരനിതാ ഒരു പുതിയ വെള്ളിച്ചെണ്ട വാങ്ങിയിരിക്കുന്നു. മന്ത്രി പോററിയിതാ കയ്യാല വെട്ടിക്കുന്നു. കൊള്ളയും കൊലയും കവർച്ചയുംകൊണ്ടു് ഇവർ ഇതാ നാടുമുടിക്കുന്നു" എന്നൊക്കെ രാജ്യം കേൾക്കെ വിളിച്ചുപറയുകയെന്നുവെച്ചാൽ— എന്താ ഇങ്ങനെയുള്ളവനെ വിളിക്കേണ്ടതെന്നു് നിങ്ങൾതന്നെ തീർച്ചയാക്കിൻ.

ജനാർദ്ദനനു് കടുത്ത ദ്വേഷ്യം വരാനും കാര്യമുണ്ടു്. പണ്ടു വയലാഇടിക്കുള പെമ്പിളയേയും കൊച്ചുങ്ങളേയും വിളിച്ചോണ്ടു്, കോഴിക്കൂടും മീൻപാളയും എടുപ്പിച്ചോണ്ടു് കുറെ കുപ്പികളും ശേഖരിച്ചോണ്ടു് റാന്നിയിലെ പബ്ലിക്കുറോഡിൽ വന്നുനിന്നു. "എന്താ വിശേഷം? എങ്ങോട്ടാ കൂടും കുടുക്കയുമായിട്ടുള്ള ഈ യാത്ര? എന്നു ചോദിച്ച വഴിയാത്രക്കാരോടു്—"ഓ തിരുവനന്തപുരംവരെ ഒന്നു പോകയാ. നാലഞ്ചുകൊല്ലം മന്ത്രിയായിരുന്നു് ഒന്നു സഹായിച്ചുകൊടുക്കണമെന്നു് താണുപിള്ളസാർ പറഞ്ഞയച്ചിരിക്കുന്നു" എന്നു വയലാഇടിക്കുള അന്നു പറഞ്ഞതും, രണ്ടുമൂന്നു മണിക്കൂർ അങ്ങിനെനിന്നു കഴിഞ്ഞതിനുശേഷം തിരിയെ വീട്ടിലേക്കു കയറിപ്പോയതും പലരും ഇന്നും മറന്നിരിക്കയില്ല. ഇതേ അനുഭവംതന്നെ നമ്മുടെ ജനാർദ്ദനനും, കഴിഞ്ഞ മന്ത്രിസഭാ രൂപീകരണക്കാലത്തും ഉണ്ടായി.

"സാറെ! എന്നേക്കൂടെ ഒരു മന്ത്രിയാക്കണമല്ലോ" ജനാർദ്ദനൻ പട്ടത്തി



നോട്ടു് അപേക്ഷിച്ചു. മറുപടിയായിട്ടു പട്ടം ഒന്നു ചിരിക്കുകമാത്രം ചെയ്തു. പട്ടം സാർ ഏററുകഴിഞ്ഞു. പാവം ജനാർദ്ദനൻ തീർച്ചയാക്കി. വീട്ടിൽചെന്നു് എല്ലാവരോടും പറഞ്ഞു. "എല്ലാവരും തയ്യാറായിക്കൊള്ളിൻ. തിരുവനന്തപുരത്തു പോയി മന്ത്രിമന്ദിരത്തിൽ താമസിക്കാൻ. മുഷിഞ്ഞ മുണ്ടും സാരിയും ബ്ലൗസുമെല്ലാം പെട്ടെന്നു് അലക്കി തേച്ചുവെക്കിൻ" എന്നെല്ലാം. മൂന്നാംദിവസം ജനാർദ്ദനന്റെ വീടെല്ലാം അടച്ചു പൂട്ടിയിട്ടു് എല്ലാവരും റോഡിൽ വന്നു നിന്നു. രണ്ടുമൂന്നു മണിക്കൂർനിന്നു് കഴിഞ്ഞതിനുശേഷം പണ്ടത്തെ വയലാഇടിക്കളയേപ്പോലെ വീട്ടിലേക്കു് തിരിച്ചു കയറിപ്പോകയും ചെയ്തു.

എപ്പോഴെല്ലാം പട്ടം മന്ത്രിസഭ രൂപീകരിക്കാൻ സംഗതിയാകുമോ അപ്പോഴെല്ലാം മന്ത്രിസ്ഥാനം കിട്ടുമെന്നു് മോഹിച്ചുകൊണ്ടു് സദാസമയവും അദ്ദേഹത്തിന്റെ പിന്നാലെ വാലാട്ടിക്കൊണ്ടു നടന്നിരുന്ന ഒരു സ്പാനിയൻ ശുനകവീരനുണ്ടു്—പി. കെ. കുഞ്ഞു്. ഇപ്രാവശ്യം പട്ടം അതിനെ തട്ടിക്കളഞ്ഞു. ശുനകകുമാരൻ പെട്ടെന്നു് വാലാട്ടം നിറുത്തി. പിന്നാലെയുള്ള നടപ്പുനിർത്തി. മുറുമുറുപ്പും കൊച്ചു കൊച്ചു കുരകളും പട്ടത്തിന്റെനേർക്കു വിട്ടു. കുതികാലിൽ ഒന്നു കടിക്കാൻ പഴുതുനോക്കി നടപ്പാരംഭിച്ചു. ഈ നടപ്പിൽ കുഞ്ഞിനു് ഒരു തുല്യദുഃഖിതനെ കിട്ടി. സഖാവു് സി. ജി. ജനാർദ്ദനൻ.

"എന്റെ കുഞ്ഞേ! ആ മുതുകഷണ്ടിയാൻ എന്നെ പററിച്ചല്ലോ" കുഞ്ഞിനെ കണ്ടയുടൻ ജനാർദ്ദനൻ വാവിട്ടു, കരഞ്ഞോണ്ടു പറഞ്ഞു.

"എന്നേയും പററിച്ചു ജനാർദ്ദനാ." കുഞ്ഞു മറുപടി പറഞ്ഞു.

"ഇനിയുമോ കുഞ്ഞേ?" ജനാർദ്ദനൻ ചോദിച്ചു.

"ആ മുതുപെണ്ടയെ ഒന്നിരുത്തണം, അതിനു് ജനാർദ്ദനൻ പാർട്ടിയോഗങ്ങളിൽവച്ചും നിയമസഭാരംഗത്തുവച്ചും പബ്ലിക്കുറോഡിൽവച്ചും അയാളേപ്പററിയും, അയാളുടെ സിൽബന്തികളേക്കുറിച്ചും മുറസ്സു് ഏഭ്യക്കര ഉറക്കെ നടത്തണം. നാടിന്റെ അങ്ങുമിങ്ങുമുള്ള മുക്കുകളിൽവച്ചു് ഞാനും കൊച്ചു കുരകൾ നടത്തിക്കൊള്ളാം" കുഞ്ഞു പറഞ്ഞു. ഉടൻതന്നെ രണ്ടുപേരുംകൂടി ചേർന്നു് പട്ടത്തിനു് എതിരായി ഒരു ഗ്രൂപ്പു രൂപീകരിച്ചു. ഗ്രൂപ്പിന്റെ കാര്യം പറഞ്ഞപ്പോഴാ ഓർമ്മവന്നതു്. എവിടെയാ ഗ്രൂപ്പുരൂപീകരണം എന്ന മികച്ച ഏഭ്യത്തരം ഇല്ലാത്തതു്? കോൺഗ്രസ്സിലാണെങ്കിൽ ചാക്കോക്കൊരു ഗ്രൂപ്പുണ്ടു്, കമ്മ്യൂണിസ്റ്റു് പാർട്ടിയിലാണെങ്കിൽ എം. എൻ. ഗ്രൂപ്പും ടി. വി. ഗ്രൂപ്പും ഉണ്ടു്. അതുപോകട്ടെ പറഞ്ഞുവന്നതു് അതല്ലല്ലോ, കുഞ്ഞു് ഒരു പദ്ധതി ആവിഷ്ക്കരിച്ചു. ജനാർദ്ദനൻ അതേറെറടുത്തു് പ്രവർത്തനമാരംഭിച്ചു. ഈ പ്രവർത്തനത്തിന്റെ ആരംഭമാണു് ഈ കഴിഞ്ഞ നിയമസഭയിൽ ജനാർദ്ദനൻ അലറിയതും മുഴക്കിയതും, ഇതുകൊണ്ടു് ഒരു ഗുണമുണ്ടായി. ജനാർദ്ദനന്റെ പേരു് ദിഗന്തങ്ങളിൽ ചെന്നെത്തി. കുട്ടയിലും ചാക്കിലുമൊതുങ്ങാത്ത ഒരു എം. എൽ. എ. കേരളനിയമസഭയിലുണ്ടെന്നുള്ള വാർത്ത, ഇൻഡ്യനന്തരീക്ഷത്തിൽ പറന്നൊഴുകാൻ തുടങ്ങി.

എന്തുപറഞ്ഞാലും ശരി, ജനാർദ്ദനനെ സ്വല്പം ബഹുമാനിക്കാതിരിക്കാൻ തരമില്ല. സ്വതന്ത്രമായി കുതിച്ചുപായുന്ന മനുഷ്യന്റെ ചിന്താഗതിയുടെ മുമ്പിൽ നെടുനീളത്തിൽ കിടക്കുന്ന ഒരു മുൾമരമാണു് അച്ചടക്കം അതിനെ പുല്ലുപോലെ ഗണിക്കേണ്ടതാണെന്നും അതിനെ താണ്ടി അപ്പുറം കടക്കുന്നതാണു് ആണത്തമെന്നും ജനാർദ്ദനൻ സ്വന്തം പ്രവൃത്തിമൂലം നമുക്കു് കാണിച്ചുതന്നിരിക്കുന്നു. പി. എസ്സ്. പി. ചെയർമാനായ അശോകമേത്തയെ കാണാൻ പോയിരിക്കയാണു് ജനാർദ്ദനനിപ്പോൾ. ചട്ടിയിൽ കിടന്നു് പൊരിഞ്ഞ സഹികെട്ടിട്ടു് തണുപ്പുകിട്ടാനായി അടുപ്പിലേക്കു ചാടിയ കഥ കേട്ടിട്ടുണ്ടു്. അതനുഭവിച്ചറിയാൻ ജനാർദ്ദനനു് ഒരവസരം കിട്ടിയിരിക്കയാണു്. അമേരിക്കൻ ഡോളറിന്റെ കിങ്കരനായ മേത്തയിൽനിന്നു് നീതിലഭിക്കുക—ദൈവമേ! എന്തൊരു വ്യാമോഹം? അതിരുനീക്കം, കയ്യാലനിരത്തു് ഇവമൂലം കുമ്പളവും, വെറും മുട്ടാളത്തരംകൊണ്ടു് പാമ്പൻ മാധവനും കുറെ പണവും കുറെ കൗശലബുദ്ധിയും കുറെ ഗുണ്ടാത്തരവുംകൊണ്ടു് സാമുവൽ ആരോണും, വെറും കള്ളം ശുദ്ധമായ ബലാൽക്കാരവുംകൊണ്ടു് വയലാ ഇടിക്കളെയും, ഇവയെല്ലാംകൊണ്ടു് സി. ജി. ജനാർദ്ദനനും നാട്ടുപ്രമാണികളായി. ജനനേതാക്കളായി. എന്തെല്ലാം പറഞ്ഞാലും ശരി, ജനാർദ്ദനനു് ഒരു മാന്യപദവി, പാലക്കുടി ഇപ്പോൾ നൽകിയിരിക്കയാണു്. അങ്ങിനെയുണ്ടാകത്തക്കവണ്ണം ചില പെരുമാററങ്ങൾ. സാമാന്യമൊരു മുതലാളിപദവിയുണ്ടായിരുന്നിട്ടും ജനാർദ്ദനനിൽ ഉണ്ടെന്നാണു് ചിലർ പറയുന്നതു്. രണ്ടുപ്രാവശ്യം അവിടെനിന്നു ജയിച്ചസ്ഥിതിക്കു് അതിൽ കുറെ ശരിയുണ്ടെന്നു് നമുക്കും സമ്മതിച്ചുകൊടുക്കാം. ഒടുവിലായിട്ടു് ഇത്രയുംകൂടി പറഞ്ഞുവെച്ചേക്കട്ടെ.

"പ്രിയപ്പെട്ട ജനാർദ്ദനാ! ഏതു പാർട്ടിയിൽ ചെന്നുചേർന്നാലും നിങ്ങളെ ഇനി ആരും വിശ്വസിക്കാൻ പോകുന്നില്ല. അങ്ങിനൊരു വഴക്കമാണു് നിങ്ങളുണ്ടാക്കിയിരിക്കുന്നതു്.

....0....


## ദാമ്പത്യജീവിതം ആനന്ദപ്രദമാക്കുക!

**ജീവക് –** ശീഘ്രസ്ഖലനവും, ലൈംഗികബലഹീനതയുംമൂലം സംയോഗസുഖം അനുഭവിക്കാൻ സാധിക്കാത്ത സ്ത്രീപുരുഷന്മാർക്ക് ഒരനുഗ്രഹമാണീ സിദ്ധൗഷധം. **അസ്ഥിസ്രാവത്തെ** നിശ്ശേഷം മാററുകയും ആരോഗ്യത്തെ വർദ്ധിപ്പിച്ച് ഉന്മേഷംനൽകുകയും ചെയ്യുന്നു.

ഒരു പൗണ്ടു് 5 രൂപാ.

**മെൻസെൻ–** ആർത്തവസമയത്തുണ്ടാകുന്ന കഠിനവേദനയെ ഇല്ലാതാക്കി ആർത്തവം സുഖപ്രദമാക്കുന്നു. ഗർഭകാലങ്ങളിൽ ഉപയോഗിക്കരുത്.

പാക്കററു് ഒരു രൂപാ.

**താഖത്ത്** ലൈംഗികബലഹീനത, ശീഘ്രസ്ഖലനം മുതലായവയെ മാററി നാഡിക്ക് ശക്തിനൽകുന്നു.

സ്റ്റോക്കിസ്റ്റന്മാരെ ആവശ്യമുണ്ട്. വില 3 രൂപാ.

**ബാപ്പുവൈദ്യർ ഫാർമസി, ആലപ്പുഴ.**

# നിയമസഭയിലെ ഒരു ഉജ്ജ്വലരംഗം

ഇന്നും പതിവുപോലെ ഡപ്യൂട്ടി സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ കൃത്യസമയത്തിന് ആരംഭിച്ചു. ആദ്യമായി മെമ്പാന്മാരുടെ ഏതാനും ചോദ്യങ്ങൾക്ക് മന്ത്രിമാർ മറുപടി പറഞ്ഞു.

ടി.സി.എൻ. നമ്പ്യാർ– "ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം കള്ളനോട്ടടിക്കാനുള്ള ലൈസൻസ് എത്രപേക്കു കൊടുത്തിട്ടുണ്ട്.

ഡപ്യൂട്ടി മുഖ്യമന്ത്രി– ഇതൊരഭിപ്രായമാണ്. ചോദ്യമല്ല.

മുഖ്യമന്ത്രി— അഭിപ്രായമല്ല. വ്യക്തമായ ചോദ്യമാണ്. ഉത്തരം പറയണം.

ഹസ്സൻഗനി— കണ്ടോ സ്പീക്കറെ! ഐക്യം തകരാൻ പോകുന്നത്? മുഖ്യനും ഡപ്യൂട്ടനും തമ്മിലിങ്ങനെതുടങ്ങിയാൽ ഞങ്ങളെന്തുചെയ്യും? സ്പീക്കർ റൂളിംഗുനൽകണം.

സ്പീക്കർ– ഗനികാക്കാ പറഞ്ഞതാ ശരി. ഞാൻ റൂളിംഗുനൽകുന്നു.

ബേബിജാൺ– എന്തിയേ റൂളിംഗ്? ഇവിടെങ്ങും കാണുന്നില്ലല്ലോ.

സ്പീക്കർ— ഓ–ഞാനതു വിട്ടുപോയി ബേബി. മുഖ്യമന്ത്രിയുടെകൂടെയാ ഞാൻ. അദ്ദേഹം പറഞ്ഞതാ കൊള്ളാവുന്നതു്. ഡപ്യൂട്ടർ ഒഴിഞ്ഞുമാറാതെ ഉത്തരം പറയേണ്ടതാണ്.

ഡപ്യൂ– ഈ സംസ്ഥാനത്തുനിന്ന് ഒട്ടാകെ ഒരുലക്ഷത്തി അമ്പതിനായിരത്തിപതിമൂന്ന് ലൈസൻസിനുള്ള അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

കുസുമം– വകതിരിച്ചു പറയാമോ? അതായതു് നൂറുരൂപാ നോട്ടടിക്കാനുള്ള അപേക്ഷകളെത്ര, പത്തുരൂപായ്ക്കുള്ളതെത്ര. അഞ്ചും രണ്ടും ഒന്നും അടിക്കാനുള്ളതെത്ര എന്ന ക്രമത്തിൽ.

ഡപ്യൂ– ഉദ്യോഗസ്ഥന്മാർ വകതിരിച്ചുകൊണ്ടിരിക്കയാണ്. പൂർണ്ണവിവരം കിട്ടിയിട്ടില്ല ഈ അവസരത്തിൽ ഞാനൊരു കാര്യം മെമ്പറന്മാരെ ഓർമ്മിപ്പിക്കാനാഗ്രഹിക്കുന്നു, നമ്മുടെ സംസ്ഥാനം സാമ്പത്തികമായി ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിച്ചുകൊണ്ടു നിൽക്കയാണ്, നമുക്കു ഘനവ്യവസായങ്ങൾ യാതൊന്നുമില്ല. ചെറുകിടവ്യവസായങ്ങളിൽ പോക്കറ്റടിമാത്രം സ്വല്പം തരക്കേടില്ലാത്തവിധം നടക്കുന്നുണ്ട്. അക്കാര്യത്തിൽ അഭിനന്ദനം അർഹിക്കുന്നതു് നമ്മുടെ പോലീസുതുറയും, അതിന്റെ നാഥനായ ആഭ്യന്തരമന്ത്രിയുമാണ്.

. . . ആഭ്യന്തരമന്ത്രി— ആ ഒരു കാര്യത്തിൽ മാത്രമല്ലാ ഞാനും എന്റെ പോലീസുതുറയും ഹോംഗാർഡും അഭിനന്ദനമർഹിക്കുന്നതു്. മററു പല കാര്യങ്ങളും ഡപ്യൂട്ടൻ വിസ്മരിച്ചുകളഞ്ഞതിൽ ഞാൻ വ്യസനിക്കുന്നു.

ഡപ്യൂ– ഒന്നു ക്ഷോഭിക്കാതിരി ആഭ്യന്തരാ. എല്ലാം എനിക്കോർമ്മയുണ്ട്. ഞാൻ പറയാൻവന്നതു് അതല്ലാ. ഒന്നരക്കോടിക്കുമേൽ ജനസംഖ്യയുള്ള ഒരു സംസ്ഥാനമാണു നമ്മുടേതു്.

രാമകൃഷ്ണൻ– പ്രസംഗമൊന്നും വേണ്ട ഡപ്യൂട്ടാ.

ഡപ്യൂട്ടൻ– ഒരു മന്ത്രി പ്രസംഗിച്ചോണ്ടുനിൽക്കുമ്പോൾ പ്രസംഗിക്കണ്ടായെന്നു് പറയാൻ ഒരു മെമ്പർക്കവകാശമുണ്ടോ? ഞാൻ റൂളിംഗാവശ്യപ്പെടുന്നു.

മുഖ്യൻ– നിങ്ങളെ പ്രസംഗിക്കാൻ ആരുവിളിച്ചിവിടെ? ചോദ്യങ്ങൾക്കു് ഉത്തരം പറയാനാണു ക്ഷണിച്ചതു്

വാവാ– കണ്ടോ സ്പീക്കർ ഐക്യം തകക്കാൻ നോക്കുന്നതു്. ഇങ്ങനെ മുഖ്യൻ തുടങ്ങിയാൽ എന്താചെയ്യാനാ. ഞാൻ റൂളിംഗ് ആവശ്യപ്പെടുന്നു.

സ്പീക്കർ– വാവാകാക്കാ പറഞ്ഞതാ നേരു്. ,ഞാൻ മുഖ്യമന്ത്രിയുടെ അഭിപ്രായത്തോടു യോജിക്കുന്നു.

ഡപ്യൂട്ടർ— ഇതു് അച്ചടക്കലംഘനമാണ്. സഹിക്കാനാവില്ല. ഒരു കാൺഗ്രസുകാരിയായ ഡപ്യൂട്ടിസ്പീക്കർ, വെറും പി. എസ്. പി. ക്കാരനായ മുഖ്യമന്ത്രിയോടു് എപ്പോഴും യോജിക്കുന്നതു് ശരിയാണോ എന്നു് ഞാൻ ചോദിക്കുന്നു.

സ്പീക്കർ— ഞാനോർത്തില്ല ശങ്കരാ, ഇനിയും സൂക്ഷിച്ചോളാം. ശങ്കരനോടാ ഞാൻ യോജിക്കുന്നതു്. ശങ്കരനെ ക്ഷണിച്ചതു് പ്രസംഗിക്കാനല്ലാ; ഉത്തരം പറയാനാണ്. ഉം ക്ഷണം ഉത്തരം പറഞ്ഞോളു.

ഹരിശ്ചന്ദ്രൻ– ഒരു ലക്ഷത്തിൽ ചില്വാനം ലൈസൻസപേക്ഷകൾ കിട്ടിയിട്ടുണ്ടെന്നു് ഇവിടെ ഡപ്യൂട്ടൻ പറഞ്ഞു. ഇതിൽ എത്ര അപേക്ഷകൾ അനുവദിച്ചു?

ഡപ്യൂ– രണ്ടെണ്ണമൊഴിച്ചു് ബാക്കിയെല്ലാം അനുവദിച്ചുകൊടുത്തു.

നാരായണക്കുറുപ്പ്— തള്ളിയ രണ്ടെണ്ണവും പി. എസ്. പി. ക്കാരുടേതായിരിക്കണം. അല്ലേ?

ഡപ്യൂ– ആരുടേതെന്നു് ഞാൻ നോക്കിയില്ല. രണ്ടെണ്ണത്തിൽ ഒപ്പില്ലായിരുന്നു. അതുകൊണ്ടു് അതുതള്ളി.

ചാഴിക്കാടൻ– കാനനമദ്ധ്യത്തിലെ സരോവരമാണ് ഈ സഭാതലം, അത്ര മനോഹരമാണ് നമ്മുടെ നിയമസഭ. കാനനമെന്നുപറഞ്ഞതു് നമ്മുടെ സംസ്ഥാനം. സരോവരം ഈ നിയമസഭ. ഈ സരോവരത്തിൽ നീർപ്പുളവ



ന്മാരായ കത്തോലിക്കരും, ഞണ്ടുകളായ മുസ്ലീംകളും, മുളുവിലാഞ്ചികളായ പി. എസ്. പി.ക്കാരും, വെള്ളാമ്പൽ പൂക്കളായ ശാരദാകൃഷ്ണൻ, കുസുമംജോസഫ്, സരസ്വതിഅമ്മ, ലീലാദാമോദരമേനോനാദികളും, ചെന്താമരകളായ ഐഷാ–നഫീസത്തുകളും ഉണ്ടു്.

ഭാർഗ്ഗവൻ— രാജ്യത്തിന്റെ സാമ്പത്തികഭദ്രതയെ സൂക്ഷിക്കുന്ന കള്ളനോട്ടടിയേപ്പററിയാണു് ഇവിടെ സംസാരിക്കുന്നതു്. തന്റെ വളിച്ച സാഹിത്യമൊന്നും എടുത്തു വിളമ്പാതെ കള്ളനോട്ടടിയേപ്പററി വല്ലതും പറയാനുണ്ടെങ്കിൽ പറയൂ.

കുറൂർ— രണ്ടെണ്ണമൊഴിച്ചു് ബാക്കിയെല്ലാം അനുവദിച്ചുകൊടുത്തെന്നു് ഇവിടെ പറയുന്നതുകേട്ടു. ഓരോ ജില്ലയിലും എത്രവീതം അനുവദിച്ചുകൊടുത്തെന്നു പറയാമോ?

ഡപ്യൂ— ശരിയായ കണക്കില്ല, അമ്പതിനായിരത്തിനുമേൽ ലൈസൻസുകൾ കോട്ടയത്തിനു കൊടുത്തിട്ടുണ്ടു്. അതുകഴിഞ്ഞാൽ തിരുവനന്തപുരത്തിനാണു് കൂടുതൽ കിട്ടിയിട്ടുള്ളതു്. തൃശ്ശൂരിനും നല്ലൊരു പങ്കു കിട്ടിയിട്ടുണ്ടു്. കൊല്ലവും തരക്കേടില്ല.

പി. ആർ. കുറുപ്പ്— അപ്പോൾ ഇക്കാര്യത്തിലും മലബാറിനെ അവഗണിച്ചിരിക്കയാണു്. ഞാൻ ക്ഷോഭിക്കുന്നു. മലബാർ ക്ഷോഭിക്കുന്നു.

മഹമ്മദുകോയ— മഹമ്മദീയർക്കു് എത്ര ലൈസൻസുകൾ കൊടുത്തു?

സുഗതൻ— കമ്മ്യൂണിസ്റ്റുകാരുടെ എത്ര അപേക്ഷകൾ കിട്ടി? എത്ര അനുവദിച്ചു?

ബേബിജാൺ— ആർ.എസ്.പി.ക്കാരുടെ അപേക്ഷകളെല്ലാം അനുവദിച്ചുകൊടുക്കണം. ഇല്ലെങ്കിൽ ശ്രീകണ്ഠൻചേട്ടൻ എന്നെ കൊല്ലാൻവരും.

ആദിച്ചൻ— പിന്നോക്കവർഗ്ഗങ്ങൾക്കു് കള്ളനോട്ടടിക്കാൻ വേണ്ട ഉപകരണങ്ങളില്ല. സർക്കാർ അതിനു വേണ്ട പ്രോത്സാഹനം നൽകണം.

ഡപ്യൂ— ഇങ്ങനെ മെമ്പറന്മാർ തുരുതുരാ ചോദ്യങ്ങൾ തുടർന്നാൽ ഞാൻ കാറങ്ങിപ്പോകും. ചെയർ റൂളിംഗ് നൽകണം.

സ്പീക്കർ— റൂളിംഗുകൾ ഇവിടെ ആവശ്യം കിടപ്പുണ്ടല്ലോ, നിങ്ങൾ കറങ്ങാതെ നെട്ടനെ നിന്നോളൂ.

പി. ആർ. കുറുപ്പ്— കള്ളനോട്ടടിക്കു് വളരെയേറെ ലൈസൻസുകൾ കൊടുത്തിരിക്കുന്നതു് കോട്ടയത്തിനാണു്. ഇങ്ങനെ സംഭവിച്ചതു് കോട്ടയം സ്വദേശിയായ ആഭ്യന്തരൻ ഇതിൽ സമ്മർദ്ദം ചെലുത്തിയിട്ടല്ലേയെന്നു് സംശയിക്കുന്നു.

ആഭ്യന്തരൻ— ഏഭ്യത്തരം പറയരുതു്. ആരേയും സമ്മർദ്ദിക്കാതെ എന്റെ കാര്യം നോക്കാൻ എനിക്കറിയാം. ഞാൻ മന്ത്രിയായിരിക്കുമ്പോൾ കോട്ടയത്തിനു് കൂടുതൽ ആനുകൂല്യം കിട്ടിയതിലെന്താണത്ഭുതം?

ഭാർഗ്ഗവൻ— ആഭ്യന്തരന്റെ അനുജന്മാർ, ചായക്കട പൊളിക്കുക, കള്ളഷാപ്പുകൾ തകർക്കുക, പ്രായമായ പെൺകൊച്ചുങ്ങൾ പാർക്കുന്ന കുടിലുകളെ പൊളിക്കുക, കാൺഗ്രസ്മണ്ഡലയോഗങ്ങളിൽ കടന്നുചെന്നു് ചവിട്ടും ഇടിയും നടത്തുക, ഇതൊക്കെ ചെയ്യുന്നതായി പരാതിയുണ്ടല്ലോ. ഇതാണോ സൽഭരണം?

ആഭ്യന്തരൻ— ഏതവൻ പറഞ്ഞെടാ ഇവിടെ സൽഭരണമാ നടക്കുന്നതെന്നു്. എന്റെ അനുജന്മാർക്കും ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും ഇങ്ങിനൊക്കെ ചെയ്യണമെങ്കിൽ ഞാൻ പോലീസുമന്ത്രിയായിരിക്കുമ്പോഴല്ലാതെ പിന്നെപ്പോഴാകും? അതൊന്നു പറഞ്ഞേതാ. (ഭരണകക്ഷിമെമ്പറന്മാർ കരഘോഷം മുഴക്കുന്നു. പ്രതിപക്ഷമുഖം മ്ലാനമാകുന്നു)

ഇറവങ്കര— കല്ലുപ്പാറസ്വദേശിയും ക്ഷയരോഗിയുമായ ഒരു പുലയൻ, അവന്റെ ചെറുപ്പക്കാരിയായ ഭാര്യയോടൊന്നിച്ചു് ഉള്ളൂർ ആസ്പത്രിയിൽ ചെന്നു. അവിടത്തെ അഞ്ചെട്ടു് ഉദ്യോഗസ്ഥന്മാർ അവളെ കഠിനമായി ചികിത്സിച്ചു. തളർന്നു വശംകെട്ട അവളോടൊന്നിച്ചു് ക്ഷയരോഗിഭർത്താവു് കൊട്ടാരക്കര വന്നു. അവിടെവെച്ചും കുറേപ്പേർ ചേർന്നു് അവളെ ചികിത്സിച്ചു. അവളെ ഇപ്പം കാൺമാനില്ലെന്നും, ഭർത്താവു് ഭ്രാന്തുപിടിച്ചു് ഓടിനടക്കുന്നെന്നും പത്രങ്ങളിൽ കണ്ടു. സർ! ഇതാണോ നിങ്ങളുടെ സൽഭരണം?

ആഭ്യന്തരൻ— ഞങ്ങളുടെകാലത്തു് പുലയിയെ മാത്രമല്ലേ കാണാതായുള്ളു. നിങ്ങളുടെകാലത്തായിരുന്നെങ്കിൽ പുലയനെക്കൂടി കാണാൻകിട്ടുകില്ലാരുന്നല്ലോ (ഭരണകക്ഷിമെമ്പറന്മാർ കരഘോഷിക്കുന്നു. പ്രതിപക്ഷങ്ങൾ മ്ലാനിക്കുന്നു.)

സുഗതൻ— നിങ്ങളുണ്ടാക്കിയ കമ്മിററികളിലും ഹോംഗാർഡിലും എല്ലാം നിങ്ങളുടെ സ്വന്തക്കാരെയല്ലേ നിയമിച്ചിരിക്കുന്നതു്?

ആഭ്യന്തരൻ— പിന്നെ നിങ്ങളുടെ സ്വന്തക്കാരെ വേണോ നിയമിക്കാൻ? ഇതെന്തൊരു പുതുമ? (ഭരണകക്ഷിമെമ്പറന്മാർ പൊട്ടിച്ചിരിക്കുന്നു.)

ചാഴി— അങ്ങിനെ അടിച്ചുവിട് ചാക്കോച്ചാ.

മുഖ്യൻ— ഇങ്ങെയുള്ള മന്ത്രികൾ കാരണം നമ്മളിൽ ജനവിശ്വാസം കുറഞ്ഞുപോകുമെന്നാണു് എന്റെ അഭിപ്രായം?

ആഭ്യന്തരൻ— ഒന്നു ചുമ്മാതിരി മുഖ്യാ. ഐക്യം തകർക്കാതിരിക്കാൻ നിങ്ങൾ ശ്രദ്ധിക്കുമോ? എന്നാൽ ജനവിശ്വാസം നമ്മുടെ പിന്നാലെ നടക്കും.

കൃഷ്ണൻ— മദ്യനിരോധനമേഖലകളിൽനിന്നും മദ്യനിരോധനം എടുത്തുകളയുമോ?

ആഭ്യന്തരൻ— ഇല്ല. അതിന്റെ ആവശ്യമില്ല. മദ്യനിരോധനമേഖലകളിൽ മദ്യത്തെക്കാൾ കടുത്ത അട്ടാസവം ഉണ്ടാക്കി വിൽക്കാൻ വേണ്ട ഏർപ്പാടുചെയ്തിട്ടുണ്ടു്. എന്നുമാത്രമല്ലാ എല്ലാ മേഖലകളിലും സമൃദ്ധിയായി വാറ്റുചാരായം ഉണ്ടാക്കാനും, ഹോംഗാർഡുമുഖാന്തിരം വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. എന്റെ ഹോംഗാർഡിന്റെ നിലനിൽപ്പിനു് ഇതുകൂടാതെകണ്ടു കഴിയുകയില്ല.

മുഖ്യൻ— അതെന്തുവാ. ചാക്കോച്ചാ നിങ്ങളെന്നോടുചോദിക്കാതെ എന്തെല്ലാം ചെയ്യുന്നു?

ആഭ്യന്തരൻ— അതാ നിങ്ങൾ ഐക്യം തകർക്കാൻ ശ്രമിക്കുന്നു. കരിനീലനട്ടയെ ഇട്ടു വാററിയെടുക്കുന്ന ആസവത്തിനാണു് അട്ടാസവമെന്നു പറയുന്നതു്. രാജ്യവ്യാപകമായ നിലയിൽ ഈ വ്യാപാരം നടത്തിക്കൊണ്ടിരിക്കയാണല്ലോ നമ്മൾ. വിശേഷിച്ചു് തിരുവനന്തപുരത്തു്. കേട്ടോ പട്ടം, നല്ല ലഹരിയാ ഈ ആസവത്തിനു്. എത്രയെത്ര പന്നാടന്മാർ ഇതുകൊണ്ടു് പണക്കാരായിത്തീർന്നിരിക്കുന്നു?

രാഘവമേനോൻ— (ചാടിയെഴുന്നേററു്) ഞാൻ പെണ്ണുങ്ങൾക്കു് വഴങ്ങിക്കൊടുക്കുന്നവനല്ല. എന്നെ അറിയാമോ?

സ്പീക്കർ— ഇതെന്നെ അവമാനിക്കലാണു്. ഞാനൊരു സ്ത്രീയാണെന്ന കാര്യത്തിൽ ആക്കും സംശയമില്ലല്ലോ.

സുഗതൻ— എനിക്കറിഞ്ഞുകൂടാ സ്ത്രീയെന്നുവെച്ചാലെന്താണെന്നു്?

ആഭ്യന്തരൻ— സുഗതാ! സൂക്ഷിച്ചോ ആ പറച്ചിലിൽ സ്വല്പം അ




ശീലം കിട്ടിട്ടില്ലയെന്ന് ഞാൻ സംശയിക്കുന്നു.

ശാരദാകൃഷ്ണൻ— ഹേ രാഘവമേനോൻ! നിങ്ങൾ പെണ്ണുങ്ങൾക്ക് വഴങ്ങിക്കൊടുക്കുന്നവനല്ലെന്ന് എന്റെ മുഖത്തുനോക്കി ഒന്നു പറയാമോ?

രാഘവ— (ശാരദാകൃഷ്ണനെനോക്കി കണ്ണു രുക്കികാണിച്ചിട്ട്) അല്ലാ, ഞാൻ പറകയായിരുന്നു.

സി. ജി. ജനാർദ്ദനൻ— (ചാടിയെഴുന്നേററ്) മാഡം! ഇവിടെ നടക്കുന്നതെല്ലാം കവർച്ചയാണ്. ഈ മന്ത്രിമാരെല്ലാം കൊള്ളക്കാരാണ്. മുഖ്യമന്ത്രിയുടെ മരുമോൻ മുപ്പതിനായ രംത്രപാ ഖജനാവിൽനിന്നു തട്ടി. അദ്ദേഹത്തിന്റെ ഭാര്യ ഒരു കാപ്പിമൊന്ത വാങ്ങിച്ചു. മന്ത്രി ചോററി തൊഴുത്തുമേയിച്ചു. ചന്ദ്രശേഖരന്റെ കൊച്ചമ്മ രണ്ട് ആട്ടിൻകുട്ടികൾക്ക് വില പറഞ്ഞതായി എനിക്കറിയാം. മന്ത്രി പൗലൂസ് ഒരു ക്യാൻവാസ് ചെയറിന് തുണിമേടിച്ചു. പല മന്ത്രിമാരുടേയും വീട്ടിൽ ഇപ്പോൾ മുണ്ടും ചട്ടയും ഒക്കെ അലക്കിക്കുന്നു. ഉണക്കമീൻ വാങ്ങാത്തദിവസം ചാക്കോയ്ക്കില്ല.

നാരായണക്കുറുപ്പ്— മാഡം! ഒരു ചോദ്യം. ജനാർദ്ദനനന് ആ സീററിൽ ഇരിക്കാൻ അവകാശമുണ്ടോ?

സ്പീക്കർ— ഓ- അതു പറയാൻ ഞാൻ വിട്ടുപോയി. മെമ്പർ ജനാർദ്ദനന്! നിങ്ങൾ സ്വതന്ത്രന്മാക്കുള്ളസീററിൽപോയിരിക്കണം. പി.എസ്.പി—ക്കാർ നിങ്ങളെ സസ്പെൻറുചെയ്തിരിക്കയാണ്.

ജനാർദ്ദനൻ— എന്നെയോ സസ്പെൻറുചെയ്തതു്? ഏതവനാ അതിനു ധൈര്യമുള്ളതു്?

സ്പീക്കർ— അതൊന്നും എനിക്കു നിശ്ചയമില്ല. നിങ്ങൾ ഉടൻ അവിടെനിന്നു നീങ്ങണം

ജനാർദ്ദ— നീങ്ങിയില്ലെങ്കിൽ....

സ്പീക്കർ— നീക്കും. ച്ഛീ! പോടോ സ്വതന്ത്രസീററിലേക്ക്. ഞാൻ പൂലെടുക്കേണ്ടെങ്കിൽ ഉടൻ പൊയ്ക്കോ. (അടികൊണ്ട കൊടിച്ചിപ്പട്ടി വാലുംചുരുട്ടി പുറകോട്ടുനോക്കിക്കൊണ്ട് പോകുന്നതുപോലെ ജനാർദ്ദനൻ സ്വതന്ത്രന്റെ സീററിലേക്കു പോകുന്നു)

ജനാർദ്ദനൻ— മാഡം! എനിക്ക് ഒരു പ്രസ്താവന പുറപ്പെടുവിക്കണം.

സ്പീക്കർ— മന്ത്രിക്കേ അതിനവകാശമുള്ളു.

ജനാർദ്ദ— പ്രസ്താവനയല്ല. ഒരു വിശദീകരണംമാത്രം.

സ്പീക്കർ— തന്റെ ഒരു വിശദീകരണവും ഇവിടെയാവശ്യമില്ല.

ഭാർഗ്ഗവൻ— അങ്ങിനെ പറയരുതു്. ഒരു വിശദീകരണത്തിനവസരം കൊടുക്കണം.

സ്റ്റീഫൻ— യു. എൻ. ഓ—യിൽ ക്രൂഷ്ചേവു് എടുക്കുന്ന അടവാണ് ഈ കമ്മ്യൂണിസ്റ്റുകാരിവിടെടുക്കുന്നതു്. ഇവരുടെ തന്തയാണെന്നുതോന്നുന്നു ക്രൂഷ്ചേവ്.

സുഗതൻ— നിന്റെയൊക്കെ തന്ത മൊബ്ബൂട്ടടാ.

(ഭരണകക്ഷിമെമ്പറന്മാർ ഒന്നടങ്കം എഴുന്നേററുനിന്ന് "എടാ നിന്റെ തന്തയാടാ ക്രൂഷ്ചേവ്" എന്നുച്ചത്തിൽ വിളിച്ചുപറയുന്നു. ഉടൻ പ്രതിപക്ഷമെല്ലാം എഴുന്നേററുനിന്ന് "എടാ, മൊബ്ബൂട്ടിന്റെ മക്കളെ! നിന്നെയെല്ലാം ശരിയാക്കിയേക്കാമെടാ" എന്ന് അത്യുച്ചത്തിൽ അലറിപ്പറയുന്നു. "നിന്റെ തന്ത ക്രൂഷ്ചേവാടാ" എന്നുച്ചത്തിലുള്ള വിളികൾകൊണ്ട് സഭാതലം വിറയ്ക്കുന്നു. അയ്യോടാ പൊന്നു കാലമാടന്മാരെ! ഒന്നു നിത്തീനെടാ. നിയമസഭ ഒരു ചുടലനൃത്തരംഗമായിമാറുന്നു. എന്റാറപ്പേ ഇവന്മാരുടെ തലയിൽ ഇടിത്തീവീഴണെ" എന്നു സ്പീക്കർഉറക്കെ വിളിച്ചുപറയുന്നു. ഹജ്ജൂരിന്റെ പടിഞ്ഞാറെ മുററത്ത് പുല്ലുചെത്തിക്കൊണ്ടിരുന്ന തേവി, അവളുടെ ഭർത്താവിനോടു ചോദിച്ചു. "ഈ വിളിയും കൂവലും അലർച്ചയുമൊക്കെ എന്തുവാ. വല്ലോരേം കൊല്ലുകയാന്നോ?

അല്ലെടി. നമ്മുടെ എം. എൽ. ഏ. തമ്പുരാക്കന്മാർ, പട്ടിണിക്കാരായ നമ്മളേയും രാജ്യത്തേയും നിയമസഭയിലിരുന്നു രക്ഷിക്കുന്ന കോലാഹലമാടി അതെല്ലാം ഭർത്താവു പറഞ്ഞു.

"ആണ്ടേ ഒരു ശവത്തിനെ ചുമലിലെടുത്തോണ്ട് കുറേപ്പേർ ഇറങ്ങിവരുന്നു അതാരാ? തേവി ചോദിച്ചു.

അതു ശവമല്ലെടീപെണ്ണേ, ജനാർദ്ദനൻതമ്പുരാനെ കമ്മ്യൂണിസ്റ്റുകാർ എടുത്തോണ്ടുവരുവാടി. ഭർത്താവു പറഞ്ഞു.



# വിഷു പ്രമാണിച്ച് ഏപ്രിൽ 14-ാംതീയതി

# കേരളത്തിലും പര്യടനത്തിനെത്തുന്നു!



ദേവർ ഫിലിംസ്

# കൊങ്കുനാട്ട് തങ്കം

[തമിഴ്]

പ്രധാന നടീനടന്മാർ—

**ആനന്ദൻ, പുഷ്പലത, എം. ആർ. രാധ, പണ്ഡരീഭായി**

**കുലദൈവം രാജഗോപാൽ, ദേവർ.**

സംഗീതം: കെ. വി. മഹാദേവൻ. ★ സംവിധാനം: എം. എ. തിരുമുഖം.

നിർമ്മാണം:

## സാൻഡോ ചിന്നപ്പ തേവർ.

# ഞങ്ങള് കുഞ്ഞോമായെ——————തീവണ്ടികേററാൻ വന്നോരാ.

(N. P.)

പച്ചവെള്ളം കുഞ്ഞോമായും (കുഞ്ഞതോമ്മായാണ് കുഞ്ഞോമയായതു്) ഊളൻ പൈലിക്കുട്ടിയും ഓറതാൻ ഔസേപ്പച്ചനും വലിയ കൂട്ടുകാരായിരുന്നു. പള്ളിയിൽ പോയാലും ചന്തയിൽപോയാലും അന്തിമയങ്ങുമ്പോഠം മൂന്നുപേരും വടക്കൻ വെളിയനാട്ടെ വലിയ പള്ളിയുടെ മുററത്തു് ഒന്നിച്ചുകൂടും. നാട്ടുവത്തമാനം പറയുന്നതിനിടയിൽ ഒരാഠം പറയും "ഇനിയും നമുക്കു് ഷാപ്പിലോട്ടുകേറി ഇമ്മിണി സ്നേഹിക്കാം" എന്നു്. ഉത്സവം കാണാൻ പോകുന്ന പെണ്ണുങ്ങളുടെ ചുറുചുറുപ്പോടെ മൂന്നുപേരുംകൂടി പോകും. അങ്ങിനെ സ്നേഹിച്ചുകഴിയുന്നകാലത്തു് മററിംഗ്ളീഷുവരെ പഠിച്ച കുഞ്ഞോമായ്ക്കു്, മലങ്കരക്കാരുടെ നീലഗിരത്തോട്ടത്തിൽ വേലയ്ക്കുള്ള ഒരു ആർഡർ കിട്ടി.

കുഞ്ഞോമാ പോകയാണന്നു നീലഗിരിക്കു്. ചെങ്ങാതിയെ ചങ്ങനാശേരി റയിൽവേസ്റ്റേഷൻവരെ അനുഗമിച്ചു യാത്രയാക്കുവാൻ ഊളൻ പൈലിക്കുട്ടിയും ഓറതാൻ ഔസേപ്പച്ചനുംകൂടെ തിരിച്ചു. മൂന്നുപേരുംകൂടി ബോട്ടുജെട്ടിയും വട്ടപ്പള്ളിയും കവലയും താണ്ടി ചങ്ങനാശേരി റയിൽവേസ്റ്റേഷനിൽ എത്തി. അന്വേഷണം നടത്തിയപ്പോഠം സ്റ്റേഷൻമാസ്റ്റർ പറയുന്നു, വണ്ടിവരാൻ അരമണിക്കൂർ താമസമുണ്ടെന്നു്.

"അരമണിക്കൂറ്! ഇവന്മാരുടെ അരമണിക്കൂറെന്നുവച്ചാൽ ഒരു മണിക്കൂറാ. അതുവരെയെങ്ങിനാ ചുമ്മാതിരിക്കുന്നെ. വരിൻ. എൻെറകണക്കു് നമുക്കു് ഇമ്മിണികൂടി സ്നേഹിച്ചുകളയാം. ഇനി എന്നാ കുഞ്ഞോമായെ കാണുന്നേ—" ഊളൻ രണ്ടുപേരെയും പിടിച്ചുകൊണ്ടു് നടന്നു, അവിടെനിന്നു നോക്കിയാൽ നല്ലതിൻവണ്ണം കാണാവുന്ന ഒരു കള്ളഷാപ്പിലേക്കു്. അവിടെ അങ്ങിനെ സ്നേഹിച്ചും വത്തമാനംപറഞ്ഞും കഴിയുന്നതിനിടയിൽ വണ്ടിയുടെ കൂക്കവിളി കൂകൂ എന്നു്. മൂന്നുപേരുംകൂടി എഴുന്നേററോടി.

വണ്ടി സ്റ്റേഷനിൽ വന്നുനിന്നു ഇറങ്ങേണ്ടവർ ഇറങ്ങി. കയറേണ്ടവർ കയറി. വണ്ടിവിടാനുള്ള മണി കിലുങ്ങി. പച്ചവെള്ളം കുഞ്ഞോമായും ഊളൻപൈലിക്കുട്ടിയും ഓറതാൻ ഔസേപ്പച്ചനുംകൂടി ഓടിയെത്തി. കട്ടവിലത്തെ വണ്ടിയുടെ തുറന്നുകിടന്നിരുന്ന വാതിലിൽക്കൂടി ഊളനും ഓറതാനും അകത്തേക്കു ചാടിക്കയറി. പെട്ടിയുമായി ഓടിയെത്തുന്നതിയിടയിൽ കുഞ്ഞോമാ വണ്ടിയിൽനിന്നും ഇറങ്ങിവന്ന ഒരു തടിച്ചിപ്പെമ്പിറന്നോരുടെ കുമ്പളങ്ങാ കുചങ്ങളിൽ മുട്ടി തുടിനോ എന്നു മലർന്നടിച്ചുവീണു. ചടപിടാ എന്നു് ധൃതിയിൽ എഴുന്നേൽക്കുന്നതിനിടയിൽ തീവണ്ടി കൂവിക്കൊണ്ടുപോയി. പോകുന്ന തീവണ്ടിയെ നോക്കി വിഷാദമഗ്നനായി നിൽക്കുന്ന കുഞ്ഞോമായെ സമീപിച്ചുകൊണ്ടു് പോർട്ടർ മൈതീൻ പറഞ്ഞു:—

"എങ്കിലും പടച്ചവനെ വലിയ കഷ്ടമായിപ്പോയി. നിങ്ങളു മൂന്നുപേരും ഒന്നിച്ചുവന്നിട്ടു് രണ്ടുപേരു തീവണ്ടിയിൽകയറിയങ്ങുപോയി. സാറിനു് അവരോടൊപ്പം പോകാൻ കഴിയാഞ്ഞതു് വലിയ കഷ്ടമായിപ്പോയി"




"ഒപ്പമോ? ചെങ്ങാതീ! പോകാൻ വന്നതു് ഞാൻ മാത്രമാ. അതിയാന്മാർ എന്നെ യാത്രയയക്കാൻ വന്നവരാ—ആ ഊളൻ പൈലിക്കുട്ടിയും ഓറതാൻ ഔസേപ്പച്ചനും" കുഞ്ഞോമാ മൂക്കിൽ വിരൽവച്ചു. അതുകണ്ടു മൈതീനും വച്ചു.

തീവണ്ടിയിൽ കയറിയ ഊളനും ഓറതാനും അണയ്ക്കുന്ന അണപ്പുംകണ്ടു് ഒരു സഹയാത്രകൻ ചോദിച്ചു "നിങ്ങളെവിടെപ്പോന്നാരാ" ഞങ്ങഠം കുഞ്ഞോമായെ വണ്ടി കേററാൻ വന്നോരാ. രണ്ടുപേരും ഒപ്പം മറുപടി പറഞ്ഞു.

"കുഞ്ഞോമാ എന്തിയേ?" അയാഠം വീണ്ടും ചോദിച്ചു.

"ആ എന്തിയേന്നാ. അവനു കള്ളു കുടിച്ചാൽപിന്നെ നടക്കാൻമേലാ. അങ്ങളിങ്ങുപോന്നു." ഊളൻ പ്രതിവചിച്ചു.

കുഞ്ഞോമാമാർ ഇന്നു് ഒട്ടുവളരെയുണ്ടു്. ഈ രാജ്യത്തു്. ബീഡിതെറുപ്പു് തൊഴിലാളികഠംമുതൽ പ്രൈവററുകോളേജുകളിലെ കരിംകുപ്പായക്കാരായ പ്രഫസാന്മാർവരെ. എല്ലാം അവശന്മാർ. അവക്കൊക്കെ ചില ആവശ്യങ്ങളുണ്ടു്. അവ പരിഹരിച്ചുകിട്ടുവാനായി ഇറങ്ങിത്തിരിക്കും. ഞങ്ങളുംകൂടി അത്രടംവന്നു് തീവണ്ടികയററിവിടാം എന്നുംപറഞ്ഞു് വിളിക്കാതെ പറയാതെ ചില രാഷ്ട്രീയക്കാർ അടുത്തുകൂടും. കുഞ്ഞോമായുടെ ചിലവിൽ കാപ്പിയും ശാപ്പാടും വലിയും കുടിയും എല്ലാം നട

ക്കും. ഒരു കലാശക്കോട്ടപൊട്ടും. ആളുകൾ അലസതാമനോഭാവത്തോടെ എലിവാണവും അമിട്ടുകളും എല്ലാം നോക്കിക്കാണും. പത്രങ്ങളിൽ വെണ്ടക്കയിൽ വാർത്തയിടും. കുഞ്ഞോമായുടെ പേരു് അവിടെങ്ങും കാണുകയില്ല. അവന്റെ കാര്യംതന്നെ ആളുകൾമറക്കും. പക്ഷെ അതിനിടയിൽ അവനെ തീവണ്ടികയററാൻ വന്നവർ, തീവണ്ടിയിൽകയറിയങ്ങുപോകും. പ്രസിദ്ധരാകും, ജനനേതാക്കന്മാരാകും, മന്ത്രിമാരാകും. എല്ലാവർക്കും അറിയാം ഈ വക രഹസ്യങ്ങൾ. "കാര്യം അതാണു്. പക്ഷെ ഉള്ളതുപറഞ്ഞിട്ടു് നമുക്കെന്തുവേണം." എന്നു മട്ടിൽ കലാശക്കോട്ടയിലെ കോലാഹലങ്ങൾ കണ്ടു മാളോർ മുണ്ടിന്റെ മൂട്ടിലെ പൊടിയുംതട്ടി നടക്കും.

ധീരയായ ഒരു വനിത ഈയിടെ ചില സത്യങ്ങളെല്ലാം പറഞ്ഞു; സേവ്യകേരളന്മാരുടെ വകയായി എറണാകുളത്തുണ്ടായിരുന്ന ഒരു കലാശക്കോട്ട കണ്ടതിനുശേഷം ശ്രീമതി ആനി തയ്യിൽ ബി. എ. ബി. എൽ. മാർച്ചു് 8-ാംനു- ഒരു കത്തെഴുതി പത്രങ്ങൾക്കെല്ലാം. ആ കത്തിൽ പൊളിഞ്ഞ പാലാബാങ്കിനേച്ചൊല്ലി, യോഗസ്ഥലത്തുവച്ചു് പരസ്യമായി നെഞ്ചത്തടിച്ചുകരഞ്ഞ അഞ്ചാറു് എം. എൽ. എ. സേവ്യകേരളന്മാരുടെ മുമ്പിലേക്കു ചില മൊഴികൾ എറിഞ്ഞുകൊടുത്തു. "പാലാബാങ്കു പൊളിഞ്ഞതിനു് ജനങ്ങൾ സംഘടിക്കണമെന്നുപറഞ്ഞല്ലൊ; ഉം സംഘടിക്കാം. പക്ഷെ എന്തിനാണു സംഘടിക്കുന്നതെന്നു പറഞ്ഞില്ല. സംഘടിച്ചിട്ടു് എന്നാ ചെയ്യാനാ? അതുകൂടി പറഞ്ഞാൽ സംഘടിച്ചു് എല്ലാവരുംകൂടി അങ്ങിറങ്ങിയേക്കാം." ഛെ! ഛെ! അനാവശ്യ ചോദ്യമൊന്നും ചോദിക്കാതെ പെങ്ങളെ. സംഘടിച്ചിട്ടു് എന്തുചെയ്യണമെന്നു് അറിയാവുന്നവരാണെങ്കിൽ, പറയുന്നവർ തന്നെ ആദ്യമങ്ങു് സംഘടിക്കുകയില്ലെ. ഇതു പിന്നെ ഒരു ലോഹ്യംപറച്ചിൽ. ഞങ്ങളു കുഞ്ഞോമായെ തീവണ്ടികേററാൻ വന്നോരാ.

കൂട്ടത്തിൽ ആരോ പറഞ്ഞുവത്രെ, ഡയറക്ടറന്മാർ തെററുചെയ്തിട്ടുണ്ടെങ്കിൽ അവരുടെ മേൽ നടപടി നടത്തണം എന്നു്. വളരെ പതുക്കെയാണു് ഒരു സേവ്യകേരളൻ അതു പറഞ്ഞതു്. പക്ഷെ ആ ശ്രീമതി അതു കേട്ടു. എന്നിട്ടു് അവരങ്ങോട്ടു് ഉറച്ചു ചോദിക്കുകയാണു്, "തെററുചെയ്തിട്ടുണ്ടെങ്കിൽ എന്നോ? എന്താ! തെററുചെയ്തിട്ടുണ്ടോ എന്നു് ഇപ്പോഴും സംശയമാണോ? ഈടില്ലാതെ ഒട്ടുവളരെ പണം കടം പോയതുകൊണ്ടാണു് ബാങ്കു് പൂട്ടാൻ ഇടവന്നതെന്നും, കടത്തിലധികവും ഡയറക്ടറന്മാരും സ്വന്തക്കാരുംകൂടി എടുത്തതുമാണെന്നും, കണക്കുകൊണ്ടു തെളിഞ്ഞിട്ടില്ലെ, എന്നിട്ടും സംശയമൊ? ഓ! ഞാൻ എടുത്ത പണം എന്നു പറയുവാൻ ഒരു ഡയറക്ടറന്മാരുണ്ടായോ? രൊക്കം കൊടുക്കാൻ കാശില്ലെങ്കിൽ ഈടു് ഇതാ: എന്റെ വസ്തു പിടിച്ചോ എന്നെല്ലാം പറയാൻ ഒരാളെങ്കിലും ഉണ്ടായൊ? എന്റെ പണം റെഡി, ഞാൻ അങ്ങു തന്നുകൊള്ളാം എന്നു് ഒരു സേവ്യകേരളനു് കമ്പിയടിച്ചെന്നു്. എന്നു കമ്പിയടിച്ചു? ആരടിച്ചു? ആർക്കടിച്ചു? നേരായും അടിച്ചതാണെന്നു് എന്താണു തെളിവു്? ജനങ്ങളുടെ രോഷാഗ്നി കത്തിക്കാളുന്നതു കണ്ടപ്പോൾ കമ്പിവന്നിരിക്കുന്നെന്നും പറഞ്ഞു്, മഞ്ഞക്കടലാസിൽ അടിച്ച സിനിമാനോട്ടീസെടുത്തു് തഞ്ചത്തിൽ കാട്ടുകയല്ലെ ചെയ്തതു്. മനുഷ്യരെ ഇങ്ങനെ മക്കാറാക്കാമോ—ആനിപ്പെങ്ങളെ! നിങ്ങളുടെ മുൻപിൽ ആണുങ്ങൾ തലകുനിക്കുന്നു. നിങ്ങളേപ്പോലെയുള്ള പത്തുപേർ ഈ രാജ്യത്തുണ്ടായിരുന്നെങ്കിൽ, ഈ രാജ്യം ഇന്നു സ്വർഗ്ഗമായേനെ. പക്ഷെ ഇല്ല. എല്ലാവരും കുഞ്ഞോമാമാരെ ഇമ്മിണി സ്നേഹിച്ചു് തീവണ്ടികയററാൻ വരുന്നവരാണു്.

കൂട്ടത്തിൽനിന്നു് അഞ്ചാറുപേരുടെ കരച്ചിൽ പൊങ്ങി. കത്തോലിക്കരും അകത്തോലിക്കരും തൊലിക്കരും കരഞ്ഞു. കുംഭമീനമാസക്കാലത്തു് തെങ്ങിൽനിന്നു തേങ്ങാ അടർന്നുവീഴുന്നതുപോലെ അവരുടെ കണ്ണുകളിൽനിന്നും കൊഴുക്കട്ടപ്രായത്തിലുള്ള കണ്ണുനീർക്കണങ്ങൾ അടർന്നുവീണു. എന്നിട്ടു് എല്ലാംകൂടി കൊച്ചികായലിലേക്കു് ഒഴുകി. ആ പ്രവാഹത്തിൽപ്പെട്ടു് ചിലരെല്ലാം ഒഴുകിപ്പോയി. സാധാരണക്കാരി ഒരു പെണ്ണുംപിള്ള ആയിരുന്നെങ്കിൽ, തനിക്കു് ഒരു ഭർത്താവുവന്നു്, ആ ഭർത്താവിൽ തനിക്കു് ഉണ്ണിക്കുട്ടനേപ്പോലെ ഒരു ആൺകുട്ടിയുണ്ടായി, ആ ആൺകുട്ടി വെള്ളത്തിൽ വീണു ചത്താൽ എങ്ങനെ കരയണമെന്നു് ആലോചിച്ചു പണ്ടെങ്ങോ കരഞ്ഞ വെള്ളത്തെടത്തിപ്പെണ്ണിന്റെ കണ്ണുനീരു കണ്ടു് കാര്യം അറിയാതെ കരഞ്ഞ മാളോരേപ്പോലെ, ആനിയമ്മയും അങ്ങു കരഞ്ഞുപോകുമായിരുന്നു. പ്രത്യേകിച്ചും സേവ്യകേരളന്മാരുടെ രാഗവിസ്താരത്തിനിടയിൽ, കത്തോലിക്കരോടു് റിസർവ്വ്ബാങ്കിനുള്ള വർഗ്ഗവൈരാഗ്യംകൊണ്ടു് പാലാബാങ്കു് പൂട്ടിക്കളഞ്ഞതാണെന്നു് അവർ പുറപ്പെടുവിച്ച പ്രസ്താവന കേട്ടപ്പോൾ. ഒരു മഹാബാങ്കു് കത്തോലിക്കാക്രിസ്ത്യാനികളുടേതാണെന്നു കണ്ടപ്പോഴുള്ള അസൂയ: പക്ഷെ ശ്രീമതി ആനിയമ്മ ഒരു കത്തോലിക്കാവനിതയായിരുന്നിട്ടുകൂടി, ബുദ്ധി അവരെ കൈവെടിഞ്ഞില്ല. അവർ വിളിച്ചുപറഞ്ഞു: കള്ളം പറഞ്ഞു് മാറുള്ളോരെ കളിപ്പിക്കാൻ വരാതെ ഇബിലീസുകളെ. റ


# ★ സ്ത്രീകൾ ക്ലേശിക്കേണ്ടതില്ല. ★

വിവാഹിതകൾ മാത്രമല്ല, അവിവാഹിതരായ സ്ത്രീകൾക്കും...... Menses Delayed? താമസിച്ചുണ്ടാകുന്ന ആർത്തവം അഥവാ നിന്നുപോയതു്, അതിനുള്ള കാരണം എന്തുതന്നെ ആയിരുന്നാലും, അതു് എത്ര കാലപ്പഴക്കമുള്ളതായാലും യാതൊരു ദോഷവും ചെയ്യാതെ പുനരാരംഭിക്കുന്നതിനും...... സന്താനങ്ങൾക്കു ശേഷം വീണ്ടും സന്താനങ്ങൾ ആഗ്രഹിക്കാത്തവർക്കും, ഗുഹ്യരോഗബാധ അന്യോന്യം പകരാതിരിക്കുന്നതിനും ഉപയോഗിക്കാവുന്ന പല വിധത്തിലുള്ള റബ്ബർ ഉപകരണങ്ങൾ (സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം) വില്പാനുണ്ടു്.

വിശദവിവരങ്ങൾക്കു് 30 ന: പ: സ്റ്റാമ്പുസഹിതം എഴുതുക:—

**THE MODERN FAMILY PLANNING CLINIC,**

വെള്ളൂർക്കുന്നം, മൂവാററുപുഴ.

ർവ്വബാങ്കിനു് കത്തോലിക്കരോടു് എന്തിനാ വിരോധം. റിസർവ്വബാങ്കിനു് റബ്ബറും തേയിലയും കുരുമുളകും കാപ്പിയും കൃഷിയുണ്ടോ. അവക്കും ഉള്ള വനമെല്ലാം അനധികൃതമായി പ്രവേശിക്കണമെന്നു് മോഹമുണ്ടോ, കത്തോലിക്കരോടു് റിസർവ്വബാങ്കിനു് വിരോധമുണ്ടെങ്കിൽ എന്തുകൊണ്ടു് അവർ തൃശ്ശൂരിലെ കത്തോലിക്കാ സിറിയൻബാങ്കിനെ പിടികൂടിയില്ല, സൌത്തിൻഡ്യൻബാങ്കിനെ പിടികൂടിയില്ല—ചുമ്മാ ചപ്പടാച്ചിപറയാതെ. പാലാബാങ്കിലെ പണത്തിൽ അധികവും കത്തോലിക്കരുടേതാകയാൽ, ബാങ്കുപ്രമാണികളായ കായംകുളം കൊച്ചുണ്ണിമാരും പെങ്ങളും മഹമ്മദമാരുമെല്ലാം; കൂടുതൽ അപഹരിക്കാതിരിക്കുവാൻവേണ്ടി ബാങ്കു പൂട്ടി കത്തോലിക്കരുടെ താൽപ്പര്യം സംരക്ഷിക്കുകയല്ലെറിസർവ്വബാങ്കുകാർ ചെയ്തതു്.

ഒരു കുസൃതിക്കുട്ടിക്കു് ഒരു ദുശ്ശീലം: എപ്പോഴും വലത്തുകൈയുടെ തള്ളവിരൽ വായിൽ ഇരിക്കണം: ഉറിഞ്ചണം. ഒരു ദിവസം തള്ള പറഞ്ഞു, "മോനേ? വിരലുകുടിക്കുന്നതു് അയ്യമാ. വിരലുകുടിച്ചാൽ എന്തുവരുമെന്നറിയാമോ. വയറു വീർത്തുവീർത്തുവരും. ഒടുവിൽ നടക്കാൻ വയ്യാതെയാവും." വിരലു മേലാൽ കുടിക്കുകയില്ലെന്നു് കുട്ടി ഏററു. രണ്ടുമൂന്നു ദിവസം കഴിഞ്ഞപ്പോറം ഏതാണ്ടു പൂർണ്ണഗർഭിണിയായ ഒരു യുവതിയും അവളുടെ ചില ബന്ധുക്കളുംകൂടി സന്ദർശനാർത്ഥം ആ വീട്ടിൽ വന്നു. ആ കുസൃതിച്ചെറുക്കൻ ആ ഗർഭിണിയുടെ വയറിൽ നോക്കിക്കൊണ്ടു പറയുകയാണു്:— "അയ്യയ്യ! എനിക്കറിയാം എന്താ ചെയ്തിട്ടാ ഇതു വയറിങ്ങനെ വീർത്തതെന്നു്! ഞാൻ പറയട്ടേ?—" തള്ള ആ ചെറുക്കന്റെ വാ പൊത്തിപ്പിടിച്ചു. കന്നിക്കാരിയായ ഗർഭിണിയുടെ മുഖം നാണംകൊണ്ടു വിളറി വെളുത്തുള്ളിപോലെയായി. ആ ചെറുക്കനെപ്പോലെ പറഞ്ഞതല്ല പിന്നെ— ക്രിസ്ത്യാനികളോടുള്ള വിരോധം കൊണ്ടു് ദിവാൻ സർ. സി. പി. രാമസ്വാമിഅയ്യർ കൊപായിലോൺ നാഷനൽ ബാങ്കു് പൊളിച്ചെന്നു് ആരോ പറഞ്ഞു്, കുഞ്ഞോമായെ തീവണ്ടികയററാൻവന്നവർ കേട്ടിട്ടുണ്ടു്. അപരാധികളുടെ കുററം മാച്ചുവാൻ ആ നുണ എടുത്തു് ഒന്നു പ്രയോഗിക്കയാണു് എന്നാണു് ശ്രീമതി ആനിയമ്മയുടെ കടിതത്തിന്റെ പൊരുഠം—കണക്കായിപ്പോയി. കണ്ണു പൊടിഞ്ഞുകാണും. ചെവി അടച്ചുകാണും. സേവ്യ കേരളന്മാരെ! ആനിയമ്മയുടെ വാദമാകുന്ന അഗ്നിയിൽ നിങ്ങഠം ഈയാംപാററകളാണു്. നിങ്ങഠം കുഞ്ഞോമായെ തീവണ്ടികയററാൻ വന്നവരാണെന്നുമാത്രം പറഞ്ഞു് ഒഴിഞ്ഞുതിരിഞ്ഞു നിന്നിരുന്നെങ്കിൽ, ആ പെമ്പ്രന്നോർ ഇത്രയൊന്നും അടയും പൂളുംവച്ചു പറയുകയില്ലായിരുന്നു.

തുടർന്നുള്ള പ്രസ്താവനയിൽ ശ്രീമതി ആനിയോടു യോജിക്കുവാൻ ഒരു മടി. ഡിപ്പോസിററന്മാർക്കു് അവരുടെ മുഴുവൻ തുകയും കിട്ടാൻവേണ്ടി ഗവമ്മെൻറിൽനിന്നും രണ്ടുമൂന്നുകോടിരൂപാ മുടക്കണമെന്നും, അതിനുശേഷം ഡയറക്ടറന്മാരടക്കം പണം എടുത്തവരുടെപേരിൽ യാതൊരു ദയാദാക്ഷിണ്യവുംകൂടാതെ നടപടിയെടുത്തു് തുക ഈടാക്കാമെന്നുമാണു് ആ പ്രസ്താവന. പെങ്ങഠം അറിഞ്ഞില്ലായിരിക്കും, കുഞ്ഞോമായെ തീവണ്ടികയററാൻ വന്നവർ, ആദ്യഭാഗം നടപ്പാക്കാൻവേണ്ടി സർക്കാരിനെ ചെന്നു മുട്ടി. മന്ത്രിമാരെ ഓരോന്നിച്ചും ഒരുമിച്ചും കണ്ടു. ഭീഷണിപ്പെടുത്തി: പ്രലോഭിപ്പിച്ചു: കരഞ്ഞുകാട്ടി. പല മന്ത്രിമാരും വലയിൽ വീണതായിരുന്നു. ഞേ! എന്തുചെയ്യും വീഴാതെ. കുഞ്ഞോമായുടെ കൂട്ടുകാക്കു് അത്രമാത്രം പിടിയുണ്ടു്. പക്ഷെ ഡപ്യൂട്ടിമുഖ്യൻ ഒരു തൂണുപോലെ അങ്ങു നിന്നു. പുള്ളിക്കാരൻ തീർത്തു പറഞ്ഞു, ജനങ്ങളെ പിഴിഞ്ഞെടുക്കുന്ന സർക്കാർ പണം, കുറെ പെരിച്ചാഴികഠം അപഹരിച്ച പണത്തിനു പകരം വെറുതെ അങ്ങു കൊടുക്കാനുള്ളതല്ലെന്നു്. ബഹുമാനപ്പെട്ട ഡെപ്യൂട്ടിമുഖ്യനറിയാം, ഗവമ്മെൻറുവക കരുവേലപ്പുരയിൽനിന്നും രണ്ടുമൂന്നുകോടി രൂപാ എടുത്തു് പാലാബാങ്കിനു കൊടുത്താൽ അതിൽ ഒരു പൈസപോലും തിരിച്ചുകിട്ടുകയില്ലെന്നു്. ഈടാക്കാൻ നടപടിനടത്തിയാൽ ഉടൻതന്നെ, കുഞ്ഞോമയുടെ കൂട്ടുകാർ എത്തും, നടപടികഠം നിത്തിവയ്ക്കണമെന്നുശുപാർശചെയ്യാൻ. ശുപാർശ കേട്ടില്ലെങ്കിൽ, മന്ത്രിസഭയാകുന്ന കഘവും പട്ടിയുംകൂടി പാണൽനിന്നും മാറിച്ചിടും, മൂന്നുതരം. ആ ഭീതിയില്ലായിരുന്നുവെങ്കിൽ അപരാധികഠം ഇതിനു് എത്രയോ മുൻപുതന്നെ പൂജപ്പുരയിൽ വാസമാകുമായിരുന്നു. ഇനി അഥവാ കുഞ്ഞോമായെ തീവണ്ടികയററാൻ വന്നവർ വെറുതെയിരുന്നുവെന്നു് ഒന്നു വിചാരിക്കുക, നടപടി നടത്തിയാൽ തുക എവിടെനിന്നും പിരിയാനാണു്. പലരുടേയും പേരിൽ നാഴി കുരുമുളകോ, നാലുറാത്തൽ റബ്ബറോ കാണുകയില്ല. പിന്നെയാകട്ടെ ഒരു സെൻറുഭൂമി. ബുദ്ധിമാനായ ശങ്കറിനു് ആ വിവരമെല്ലാം അറിയാം. അതുകൊണ്ടു് ആ നിർദ്ദേശം അങ്ങു പിൻവലിക്കു. ആ സ്ഥാനത്തു് മററുള്ളവർ ഒന്നു വയ്ക്കാം.

ഡയറക്ടറന്മാർ ഉഠംപ്പെടെ പണം വായ്പ എടുത്തവരുടെ ഒരു ലിസ്റ്റു തയ്യാറാക്കണം. അവരുടേതോടൊപ്പം അവരിൽനിന്നും സംരക്ഷണംലഭിക്കുന്ന ഭാഗ്യശാലികളുടേതും. ഉം. കുഞ്ഞോമായുടെ കൂട്ടുകാരുടേതും ഇരിക്കട്ടെ. എന്നിട്ടു് എല്ലാവരേയും പിടികൂടി ജനനനിയന്ത്രണശസ്ത്രക്രിയയ്ക്കു് നിർബന്ധിച്ചു വിധേയരാക്കുക. ജനനനിയന്ത്രണഓപ്പറേഷനു വിധേയരാകുന്നവർക്കു് പതിനഞ്ചും ഇരുപതും ഒക്കെ രൂപാവീതം സക്കാർ കൊടുക്കുന്നുണ്ടല്ലോ. നമ്മുടെ പാലാബാങ്കിലെ അധമർണ്ണരുടേയും കൂട്ടരുടേയും പ്രതിഫലം കൊടുക്കാതിരിക്കുക. എന്നിട്ടു് ആ തുകയെല്ലാംകൂടി പാലാബാങ്കിൽ നിക്ഷേപിക്കുക. അതുകൊണ്ടു് മതിയാകുമോ എന്നു്? തുക മുഴുവൻ ഈടാകുന്നതുവരെ മാസത്തിൽ ഒരിക്കൽ വീതം അവരെ വീണ്ടും വീണ്ടും വലിയ വേദനയില്ലാത്ത ആ ആപ്പറേഷൻകോഴ്സുകഠംക്കു് വിധേയരാക്കുക. അങ്ങനെയാകുമ്പോഠം ഡിപ്പോസിററന്മാക്കു് അവരുടെ പണവും കിട്ടും, സ്റ്റേററിലെ തൊഴിലില്ലാതെ ശമ്പളംവാങ്ങുന്ന കുടുംബാസൂത്രണക്കാക്കു് പുള്ളികളേയും കിട്ടും, പണം എടുത്തു മാളികയും തോട്ടവും വാങ്ങിയ വൻപുള്ളികഠംക്കു് പണം കൊടുക്കാതെയും കഴിയാം, പച്ചവെള്ളം കുഞ്ഞോമായെ തീവണ്ടികയററാൻ വന്നവർക്കു് സമാധാനവുമാകും. എന്തു പറയുന്നു, ശ്രീമതി ആനി തയ്യിൽ ബി. എ. ബി. എൽ?

....o....




# ഹണീഡ്യൂജർദാ

**സുഗന്ധ ഔഷധപ്പുകയില**

താംബൂലാവശ്യത്തിനു് അനുയോജ്യവും തൃപ്തികരവുമാണു്. ഞങ്ങളുടെ ഫോട്ടോ ട്രേഡുമാക്കു് ലേബൽ പരിശോധിച്ചു വാങ്ങുവിൻ.

വ്യാജനിമ്മാണംകണ്ടു വഞ്ചിതരാകരുതു്.

നിമ്മാതാ:— കെ. ഷണ്മുഖസുന്ദരം, മുല്ലയ്ക്കൽ—ആലപ്പുഴ.

Phone No. 632. P. B No 188.

# പൂടനികുതി

പകൽ രണ്ടു മണിയോടുകൂടി എന്നും പതിവായൊന്നു് മയങ്ങാറുണ്ടു് രണ്ടു പേരും—ശങ്കരം മിസ്സസ് ശങ്കരം, ഈ സമയത്താണു് അടുക്കളക്കാരി വാസന്തിയുടെ അയൽവീട്ടു് സന്ദർശനവും നുണ പറച്ചിലും. അന്നും പതിവനുസരിച്ചു് ഡപ്യൂട്ടർ ഫാനിന്റെ കീഴിൽ കിടക്കുന്ന സ്വന്തകട്ടിലിൽകേറി ഒരുവശം ചരിഞ്ഞുകിടന്നു് മയങ്ങാനാരംഭിച്ചു. മിസ്സസ് കുഞ്ഞിനു മുലകൊടുത്തു് തൊട്ടിലിൽ കിടത്തീട്ടു് ഭർത്തൃകട്ടിലിനു സമീപത്തായി കിടക്കുന്ന കട്ടിലിൽ കിടപ്പായി. കിടന്നപാടെ നല്ല ഉറക്കവുമായി. നല്ല ഉറക്കത്തിൽ ഭാര്യ വീണുകഴിഞ്ഞിരിക്കുന്നു എന്നു ബോദ്ധ്യംവന്നയുടൻ ഡപ്യൂട്ടർ ശബ്ദം കേൾപ്പിക്കാതെ പതുക്കെ എഴുന്നേററു് അടുക്കളയിലേക്കു നടന്നു. അദ്ദേഹം അവിടെച്ചെന്നു് ഓരോ കലവും ചട്ടിയും പൊക്കിനോക്കിത്തുടങ്ങി. ഉപ്പു്, മുളകു്, മഞ്ഞൾ, മല്ലി തുടങ്ങിയ സാധനങ്ങൾ വച്ചിരുന്ന വട്ടികലാദികളെല്ലാം പ്രത്യേകം പ്രത്യേകം പരിശോധിക്കാൻ തുടങ്ങി. ഇതിനിടയ്ക്കു് അദ്ദേഹത്തിന്റെ വലതുകൈമുട്ടു് ഉറിയിൽ തട്ടുകയും ഉറിയിൽ അടച്ചുവെച്ചിരുന്ന പാൽക്കലം താഴെവീണു പൊട്ടുകയുംചെയ്തു. കലംവീണു പൊട്ടിയ ശബ്ദംകേട്ടു് മിസ്സസ് ഞെട്ടിയുണർന്നു് "ച്ചീ പൂച്ചേ പൂച്ചേയെന്നു വിളിക്കാനാരംഭിച്ചു. "എടീ! വാസന്തി! അടുക്കളയിൽ പൂച്ച കേറി കലമുടയ്ക്കുന്നെടി. ഒന്നു നോക്കു്" എന്നു് അവർ വീണ്ടും വിളിച്ചുപറഞ്ഞു. പെട്ടെന്നു് അവരുടെ കണ്ണുകൾ ഭർത്തൃകിടക്കയിലേക്കു് പാഞ്ഞുചെന്നു. മയങ്ങിക്കിടന്ന ഭർത്താവിനെ കട്ടിലിൽ കാണാനില്ല. ഹൃദയത്തിൽ ഒരു തീജ്ജ്വാല പൊങ്ങിത്തുടങ്ങി. സർവാംഗം വിയർത്തുപോയി. അവർ നേരെ അടുക്കളയിലേക്കു് ഓടിച്ചെന്നു. ഉടനെ കലത്തിന്റെ ചീളുകൾ പെറുക്കി വെളിയിൽ എറിഞ്ഞുകൊണ്ടിരിക്കുന്ന ഭർത്താവിനെയാണു് അവർ അടുക്കളയിൽ കണ്ടതു്.

"ഇതാ എന്നുമുള്ള നിങ്ങളുടെ പണി. ഇല്ലേ? ഞാനിതു് സംശയിക്കാതിരുന്നില്ല. മന്ത്രിയായതിൽപിന്നെ ഇതൊക്കെ മാററിവെച്ചിരിക്കുമെന്നായിരുന്നു എന്റെ വിശ്വാസം." മിസ്സസ് പരുഷസ്വരത്തിൽ പറഞ്ഞു.

"നീ എന്തുവാടി ഇപ്പറയുന്നെ? അറിയാതെ കൈയൊന്നു മുട്ടിയപ്പം കലം താഴെവീണുടഞ്ഞുപോയി. ഉടഞ്ഞുവീണ കലക്കഷണങ്ങൾ വെളിയിൽ കളയുന്നതു തെററാണോടി?" ഡപ്യൂട്ടർ പറഞ്ഞു.

"ഒന്നും പറയണ്ട. എല്ലാം മനസ്സിലായി. ആടിയ കാലും പാടിയ വായും അടങ്ങിയിരിക്കുമെന്നു വിചാരിച്ച ഞാനാണു് മഠയി. വാസന്തിയെന്തിയേ? അതു പറ." മിസ്സസ് സ്വല്പം രൂക്ഷസ്വരത്തിൽ പറഞ്ഞു.

"നിന്നാണെ, എന്റെ കുഞ്ഞുങ്ങളാണെ, വാസന്തിയെ ഞാൻ കണ്ടില്ലെ? നീ എന്നെ സംശയിക്കാതെടി തങ്കം." അനുനയസ്വരത്തിൽ ഡപ്യൂട്ടർ പറഞ്ഞു.

"പിന്നെന്തിനാ ഉറങ്ങാൻകിടന്ന നിങ്ങൾ ഈ അടുക്കളയിൽ വന്നതു്?" മിസ്സസ്സ് ചോദിച്ചു.

"എടീ! അതെങ്ങിനെയാ പറയുക? ഒരു സർക്കാർ രഹസ്യമാടി അതു്. രാഷ്ട്രീയരഹസ്യങ്ങൾ വെളിയിൽ വിട്ടുകൂടെടി." ഡപ്യൂട്ടർ പറഞ്ഞു.

"എനിക്കറിയാം നിങ്ങളുടെ സർക്കാർ രഹസ്യവും രാഷ്ട്രീയഗോപ്യവുമെല്ലാം. വാസന്തി എവിടാ ഒളിച്ചിരിക്കുന്നതെന്നു പറ." എന്നു് ഡപ്യൂട്ടറോടു പറഞ്ഞതിനുശേഷം "എടീ! വാസന്തി! എടീ! ഇവിടെ വാടി" എന്നുറക്കെ വിളിക്കാൻ തുടങ്ങി മിസ്സസ്.

"കിടന്നലറാതെടി പിശാചെ. വല്ലോരും കേട്ടാൽ—" ഡപ്യൂട്ടർ പറഞ്ഞു.

"എല്ലാവരും കേൾക്കട്ടെ, നിങ്ങളുടെ വൈഭവങ്ങൾ." മിസ്സസ് ഇങ്ങനെ പറഞ്ഞപ്പോൾ— "ആങ്ഹാ! നീ കിടന്നലറുമോ? എന്നാലതൊന്നു് എനിക്കു കാണണമല്ലോ" എന്നു പറഞ്ഞോണ്ടു് ഡപ്യൂട്ടർ കേറി മിസ്സസിന്റെ തലമുടിക്കെട്ടിനു പിടികൂടി. പിടി ബലത്തതായിരുന്നതിനാൽ ഒരു കൊച്ചു കുടപോലെ ചീകിക്കെട്ടിവച്ചിരുന്ന തലമുടിക്കെട്ടു് അഴിഞ്ഞുപോയി. ആ കെട്ടിൽനിന്നു് ഒൻപതോളം തിരുപ്പൻ താഴെവീഴുന്നതു് ഡപ്യൂട്ടർ കണ്ടു. മന്ത്രി സ്വല്പനേരം ചിന്തിച്ചുനിന്നതിനുശേഷം ഒന്നു പുഞ്ചിരിക്കൊണ്ടു.

"എടി! കിട്ടിപ്പോയി. ഇനിയും ഞാൻ ജയിച്ചതുതന്നെ. ഓമനെ! നീ സമാധാനമായിരി. ഒട്ടും സംശയിക്കണ്ട. ഇന്നു രാത്രി എല്ലാ വിവരവും ഞാൻ നിന്നോടു പറയാം." ഡപ്യൂട്ടർ ഇങ്ങനെ പറഞ്ഞിട്ടു് വെളിയിലിറങ്ങിപ്പോയി.

കൃത്യം നാലുമുപ്പതായപ്പോൾ ഡപ്യൂട്ടിമുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയിൽ, മന്ത്രിമാരും, ഭരണകക്ഷിയിലെ എം. എൽ എ–മാരും വന്നുകൂടി.

കീഴ്‌വഴക്കമനുസരിച്ചു് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു.

ഡപ്യൂട്ടർ– നേരേ കാര്യത്തിലേക്കു കടക്കയാണു്. പുതിയ നികുതികൾ ചുമത്താതെ യാതൊരു നിവൃത്തിയുമില്ല. നമ്മൾ ഞെരുങ്ങുന്നതും തകരുന്നതും കാണ്മാൻ പ്രതിപക്ഷം കാത്തിരിക്കയാണു്. ഇനിയും നികുതിചുമത്ത


## ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈ: ലിമിററഡ്

**ആലപ്പുഴ.**

എ. ബി. സി. ഡി. ഈ. എന്നീ അഞ്ചു ക്ലാസുകളിലായി

**8,000 രൂപായുടെ പ്രതിമാസ ലേലച്ചിട്ടി**

ക്യാഷ്സെക്യൂരിററിയിന്മേൽ വീണ്ടും ഉടനെ ആരംഭിക്കുന്നു.

| | | | | | | |
|---|---|---|---|---|---|---|
| A. | മാസം ഒന്നിനു് | 50 | ഇ. രൂപാവീതം | 40 | മാസം ഇ. രൂപാ | 2000 |
| B. | ,, | 30 | ,, | 40 | ,, | 1200 |
| C. | ,, | 25 | ,, | 40 | ,, | 1000x2 |
| D. | ,, | 20 | ,, | 40 | ,, | 800x2 |
| E. | ,, | 15 | ,, | 40 | ,, | 600x2 |

വ്യവസ്ഥോലയും മററു വിവരങ്ങളും ആവശ്യപ്പെട്ടാൽ അയച്ചുതരുന്നതാണു്.

മാനേജർ, ദി ഹിന്ദുസ്ഥാൻ ചിട്ടിഫണ്ടു് പ്രൈവററ് ലിമിററഡ്

പാലസ്റോഡ്, ആലപ്പുഴ.

ത്തക്ക എന്തെങ്കിലും സാധനങ്ങൾ നിങ്ങളുടെ കണ്ണിൽപ്പെട്ടിട്ടുണ്ടോ?

ആർ. ബാലകൃഷ്ണപിള്ള– ഞാനൊരു പുതിയ നിർദ്ദേശം വെയ്ക്കുയാണ്. ചുംബനത്തിന് നികുതിവെച്ചാലെന്താണ്? അമ്മമാർ കുഞ്ഞുങ്ങൾക്കുകൊടുക്കുന്ന ഉമ്മകൾക്ക് നികുതിചുമത്തണമെന്ന് എനിക്കഭിപ്രായമില്ല. അല്ലാതെ തന്നെ അനവധി അനാവശ്യചുംബനങ്ങൾ രാജ്യത്തു നടക്കുന്നുണ്ടെന്നാണ് എന്റെ അറിവ്.

ഡപ്യൂട്ടർ– പ്രണയചുംബനങ്ങളുടെ കഥയായിരിക്കും നിങ്ങൾ പറയുന്നത്. അത്തരം ചുംബനങ്ങൾ ഇപ്പോൾ നമ്മുടെ രാജ്യത്ത് വളരെ കുറവാണ്. പട്ടിണികിടക്കുന്ന ഒരു ജനതയ്ക്ക് അത്തരം ആനന്ദചേഷ്ടകൾ കാണിക്കാൻ സാദ്ധ്യമല്ലല്ലോ. എന്റെ അഭിപ്രായം പറഞ്ഞാൽ സ്നേഹിതൻ പറഞ്ഞ ചേഷ്ടിതങ്ങൾക്കും മനുഷ്യന്റെ രാഗക്രോധാദിവികാരങ്ങൾക്കും നികുതി ചുമത്തേണ്ടതാണെന്നാണ്.

ആഭ്യന്തരൻ– നികുതിയുടെ പ്രശ്നമല്ല ഞാൻ നോക്കുന്നത്. നിങ്ങളിപ്പറഞ്ഞതിൽ അശ്ലീലമുണ്ടോ?

മുഖ്യമന്ത്രി– എന്താ ചാക്കോച്ചാ ഇങ്ങിനെ പറയുന്നത്? ഇപ്പറഞ്ഞതിൽ എവിടെയാ അശ്ലീലം?

ആഭ്യന്തരൻ– അല്ല. ഞാൻ ചോദിച്ചെന്നേയുള്ളു.

ഡപ്യൂട്ടർ– ഞാനിന്ന് എന്റെ അടുക്കളയിൽക്കേറി പരിശോധിച്ചു—എന്തെങ്കിലും സാധനം നികുതിചുമത്താതെ കിടപ്പുണ്ടോ എന്നറിയാനായിട്ട്, ഉപ്പ് മുളക്, കടുക്, ഉലുവ, സോപ്പ്, ചീപ്പ് തുടങ്ങിയ സകലതിനും നികുതിചുമത്തിക്കഴിഞ്ഞു. ഒന്നുപോലും ഇനി ബാക്കിയില്ല. പെട്ടെന്നെനിക്കൊരു ഭൂതോദയം ഉണ്ടായി. നമ്മുടെ രാജ്യത്തെ പെണ്ണുങ്ങളുടെ തലയിൽ ശരാശരി നാല്പ്പത്തൊന്നു തിരുപ്പൻവീതവും, മുന്നൂറു പിൻ വീതവും ഉണ്ട്. തിരുപ്പനൊന്നിന് അൻപതു നയാപൈസാവച്ചും, പിൻ ഒന്നിന് അഞ്ചു നയാ പൈസാവച്ചും നികുതിചുമത്തിയാൽ ഒരു വലിയ തുക നമ്മുടെ ഖജനാവിൽവന്നു വീഴും.

ലീലാദാമോദരമേനോൻ– ഇത് സ്ത്രീകളെമാത്രം ബാധിക്കുന്ന നികുതിയാണ്. പെണ്ണുങ്ങളൊന്നടങ്കം ഇതിനെ ചെറുക്കുമെന്നും, പ്രക്ഷോഭണം അഴിച്ചുവിടുമെന്നും ഞാനുറപ്പുപറയുന്നു.

ഗോപിനാഥപിള്ള– ലീലാമേനോന്റെ വാദം ശരിയാണ്. നമുക്കൊരു പടികൂടി മുന്നോട്ടുനീങ്ങാം. പുതിയതൊന്നുമല്ല ഞാൻ പറയുന്നത്. മുഗൾചക്രവർത്തിമാരിൽവെച്ച് മഹാനായിരുന്ന ഔറംഗസീബ്, രോമത്തിന് നികുതി ഏർപ്പെടുത്തിയിരുന്ന കാര്യം നിങ്ങൾക്കറിയാം. എല്ലാത്തരം പൂടകൾക്കും അതിനനുബന്ധമായിനിൽക്കുന്ന തിരുപ്പനാദികൾക്കും നികുതിചുമത്തിയാലെന്തെന്നാണ് ഞാൻ ചോദിക്കുന്നത്. അപ്പോൾ ആൺപെൺഭേദമോ, ജാതിമതഭേദമോ ഇല്ലാതെ ഈ നികുതി ചുമത്താമല്ലോ.

സരസ്വതിയമ്മ പെട്ടെന്നെഴുന്നേററ് തന്റെ തലമുടിക്കെട്ടഴിച്ചിട്ടു. പത്തരുപത് കരിനാഗങ്ങൾ പൊഴിഞ്ഞുവീണതുപോലെ അനവധി തിരുപ്പനുകൾ സഭാതലത്തിൽ വീണു.

സരസ്വതിയമ്മ– നോക്കു എന്റെ തലമുടി. ഒരു ആരൊസ്പിക്കാരന്റെ മീശയുടെ പകുതി നീളമേ എന്റെ തലമുടിക്കുള്ളു. എന്റെ കൂട്ടുകാരികളുടെ ഇതിലും മോശമാണ്. പൂടയ്ക്ക് നികുതി ചുമത്തുന്നതിൽ ഞാൻ എതിരല്ല. നി



കുതി ചുമത്തുമ്പോൾ, പൂടകളുടെ നീളം വണ്ണം എണ്ണം ഇവ കണക്കിലെടുക്കണമെന്നേ എനിക്കഭിപ്രായമുള്ളു.

മഹമ്മദുകോയ— രോമത്തിനു നികുതിചുമത്തിയാൽ മുസ്ലിങ്ങളാണു് അധികം നഷ്ടംസഹിക്കേണ്ടിവരുന്നതു്. താടിരോമം ഒന്നരമുഴമെങ്കിലും ഇല്ലാത്ത ഒററ മുസ്ലിമില്ല ഈ രാജ്യത്തു്.

പാഴ്ക്കാടൻ— അതു പറയാതെ കോയ. നിങ്ങളുടെ സംഖ്യയോളംതന്നെ ഞങ്ങൾക്ക പുരോഹിതന്മാരുമുണ്ടു്. അവർക്കാണെങ്കിൽ രണ്ടരമുഴത്തിൽ കുറയാത്ത താടിപ്പൂടയുമുണ്ടു്.

ചന്ദ്രശേഖരൻപിള്ള— ഞങ്ങളുടെ ദിവ്യസന്യാസിമാരും താടി മീശക്കാരാണു്. നീളവും കുറവല്ല.

ഡപ്പൂട്ടൻ— കശപിശയുണ്ടാക്കി ഐക്യം തകർക്കാതിരിക്കിൻ. പൂടനികുതി പെട്ടെന്നു് ജനങ്ങളുടെമേൽ അടിച്ചേല്പിക്കണമെന്നാണെന്റെ അഭിപ്രായം. അല്ലാതെ രക്ഷയില്ല

ആഭ്യന്തരൻ— ഞാനും അതിനോടു് യോജിക്കയാണു്. പൂടയ്ക്കു നികുതി ചുമത്തുമ്പോൾ നമ്മുടെ മുഖ്യമന്ത്രിയും, ഒൻപതോളം പനിപ്പൂടമാത്രം ഉച്ചിയിലുള്ള മന്നവും ഈ നികുതിഭാരത്തിൽനിന്നും ഒഴിവാകുമല്ലോ. എനിക്കതു് സഹ്യമല്ല.

പൗലൂസ്— ചാക്കോച്ചൻ പറഞ്ഞതാ ശരി.

മുഖ്യൻ— ഒരു കാര്യം ചെയ്തുകളയാം. പൂടക്കു് നികുതിയെന്നുവെക്കണ്ട. തലയ്ക്കു് നികുതി ചുമത്തണം. തലയുള്ളവരെല്ലാം നികുതികൊടുക്കേണ്ടിവരുമ്പോൾ കഷണ്ടിയാനും, അകകഷണ്ടിയാനും, പുഴുക്കടിയുള്ളവരുമെല്ലാം നികുതികൊടുക്കേണ്ടതായിവരും. ആരേയും ഒഴിവാക്കിയെന്നു് പരാതിയുമുണ്ടാവില്ല. ഖജനാവു് നിറയുകയുംചെയ്യും.

ഡപ്പൂട്ടൻ— ശരി–ശരി. അതു കൊള്ളാം. പൂടനികുതിയെന്നുള്ളതു് തലനികുതിയെന്നാക്കിക്കളയാം.

ചന്ദ്രശേഖരൻ— നികുതിഭാരത്തിൽനിന്നും ഒഴിവാകാനായി, മനുഷ്യരെല്ലാം തല കണ്ടിച്ചു കളഞ്ഞാൽ വല്ലതുമെന്തുചെയ്യും?

ഡപ്പൂട്ടൻ— അതാണല്ലോ നമ്മുടെ ലക്ഷ്യം. ജനങ്ങൾക്ക് എപ്പോൾ തലയില്ലാതാകുന്നോ, അപ്പോൾമാത്രമാണു് നമ്മുടെ ഭരണം വിജയിക്കുന്നതു്.

—•—




പ്രീമിയർ

—വാച്ച് എംപോറിയം—

കായംകുളം & തട്ടാരമ്പലം.

വാച്ച്, ക്ലോക്ക്, ടൈംപീസ് മുതലായവയുടെ റിപ്പയറിംഗിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചിട്ടുള്ളവരുടെ ഉത്തരവാദിത്വപൂർണ്ണമായ പ്രവർത്തനംമൂലം അനസ്യൂതമായ പുരോഗതി കൈവരിച്ച ഏക സ്ഥാപനം.

Prop— K. P. DINAKARAN.



കുമാരി ഗുളിക (Regd)

സ്ത്രീകൾക്കുള്ളതു്

ഇതിന്റെ പ്രയോജനം പല ആണ്ടുകളായി അറിവുള്ളതാണു്. എല്ലാ പ്രധാന കെമിസ്റ്റുകൾവശം ഓപ്പൺ ഫോർമുലാസഹിതം വില്ക്കുന്നു. ട്യൂബൊന്നിനു് 4 രൂ. (ചുവപ്പ്), 6 രൂ. (മഞ്ഞ), 9 രൂ. (പച്ച).

P. DEVEE & Co., (K-20)

CALCUTTA—40

സ്റ്റോക്കിസ്റ്റന്മാർ:— (1) ജാക്സൺ മെഡിക്കൽ സപ്ലൈസ്, കോട്ടയം (2) ഇംഗ്ലീഷ് കമ്പനി, ആലപ്പുഴ (3) വെസ്റ്റേൺ മെഡിക്കൽ സ്റ്റോഴ്സ്, കൊല്ലം (4) രാജൻ മെഡിക്കൽ സ്റ്റോഴ്സ്, തിരുവനന്തപുരം—1 (5) ലോബോ ബ്രദേഴ്സ്, കൊച്ചി—2. (6) പല്ലൻ മെഡിക്കൽസ്റ്റോഴ്സ്, തൃശ്ശൂർ.

—അജമാംസ രസായനം—

നഷ്ടപ്പെട്ട ആരോഗ്യത്തെ വീണ്ടെടുത്തു് ശരീരത്തിനു് പൂർവ്വാധികം ഓജസ്സും, തേജസ്സും നൽകുന്ന ഒരു

—ഉത്തമ രസായനം—

വില റാത്തൽ 1-നു് 6 രൂപാ. വി. പി. ചിലവു് പുറമേ.

മാധവാ ആയുർവ്വേദിക്കു് ഫാർമസി,

എ. എസ്സ്. റോഡ്, ആലപ്പുഴ.

# ഗവർണർ മന്ത്രിസഭാസംഘട്ടനം

## പെൺയോഗപ്രസംഗത്തിനു മേലാൽ ഗവർണക്കു കുത്തകയില്ല.

"സ്ത്രീകൾ പുരുഷന്മാരേക്കാൾ ഉയരണം. രാഷ്ട്രീയത്തിലും ഉദ്യോഗത്തിലും കൃഷിയിലും കച്ചവടത്തിലുമെല്ലാം അവർ പുരുഷന്മാരെ തോല്പിക്കണം"

കൊജ്ഞാണംപള്ളി വനിതാസമാജത്തിൽ ഗവർണരുടെ ഉൽബോധനം!! വെണ്ടയ്ക്കാ അക്ഷരത്തിൽ ഈ വാർത്ത പത്രത്തിൽവന്നു. മുഖ്യമന്ത്രിയെ അദ്ദേഹത്തിന്റെ പ്രൈവറ്റുസെക്രട്ടറി അതു കാണിച്ചു.

പട്ടം— ഈ മാസത്തിൽ ഗവർണർ എത്ര യോഗത്തിൽ പ്രസംഗിച്ചു? അതിൽ ആൺയോഗം എത്ര? പെൺയോഗം എത്ര?

സെക്രട്ടറി— അറിഞ്ഞിടത്തോളം ഈ മാസം ആകെ 135 യോഗത്തിൽ അദ്ദേഹം പ്രസംഗിച്ചു. അതിൽ ആൺയോഗം 1 പെൺയോഗം 134.

പട്ടം— ഇന്നു ക്യാബിനറ്റുകൂടാൻ നോട്ടീസു കൊടുക്കൂ. പതിനൊന്നു മന്ത്രിമാരുള്ള ഈ സംസ്ഥാനത്ത് പെണ്ണുങ്ങൾക്കു പ്രസംഗം വേണമെങ്കിൽ മന്ത്രിമാർ ചെന്നു പ്രസംഗിക്കണം. വല്ലപ്പോഴും ഒരെണ്ണത്തിന് ഗവർണരും പോകുന്നതിൽ തെറ്റില്ല. ഇപ്പോഴത്തെ ഈ കുത്തക പാടില്ല.

സ്ക്ര— ഭരണഘടനാപരമായി ഗവർണക്കു പ്രസംഗിക്കാൻ സ്വാതന്ത്ര്യമുണ്ട്.

പട്ടം— (ചൊടിച്ച്) കേരളത്തിലെ പെണ്ണുങ്ങൾ എന്തുചെയ്യണമെന്നു പറയേണ്ടതു് ഇവിടത്തെ ആണുങ്ങളാണ്. അതു് ആണുങ്ങളുടെ മൗലികാവകാശവുമാണ്. പിന്നെ അത്ര കൊതിയാണെങ്കിൽ ഒന്നോ രണ്ടോ സ്ഥലത്തുചെന്നു പറഞ്ഞോട്ടെ. നാടുനീളെ നടന്നു പെണ്ണുങ്ങളെമാത്രം ആഹ്വാനിക്കുക എന്നതു് ശരിയല്ല.

സ്ക്ര— പക്ഷെ അതു തടയാൻ നിയമമില്ല.

പട്ടം— വേണമെങ്കിൽ ചക്ക വേരിലും ഉണ്ടാകും. ക്യാബിനറ്റു വിളിച്ചുകൂട്ടൂ. ഞങ്ങളൊന്നാലോചിക്കട്ടെ.

.... .... ....

അന്നു നാലുമണിക്കു് മന്ത്രിസഭ കൂടി. എല്ലാ മന്ത്രിമാരും ചേർന്നിരുന്നു. ഗവർണരുടെ വനിതാപ്രസ്ഥാനം ഗൗരവപൂർവം ചർച്ചചെയ്തു. ഭരണഘടന പരിശോധിച്ചതിൽ നിയമം ഗവർണക്കനുകൂലമാണെന്നു കണ്ടു. പിന്നെയെന്താണു പോംവഴി? കോൺഗ്രസ്സും പി. എസ്സ്. പി. യും ഈ കാര്യത്തിൽ ഒന്നിച്ചുനിൽക്കണമെന്നു നേരത്തെ തീരുമാനിച്ചിരുന്നതാണ്. ഓരോ പെൺയോഗത്തിനും പകരം രണ്ടു് ആൺയോഗത്തിൽവീതം പ്രസംഗിക്കാൻ ഗവർണരെ നിർബന്ധിച്ചാലെന്താണെന്നുള്ള ഒരു നിർദ്ദേശം വന്നു. പക്ഷെ അതു് അപ്രായോഗികമെന്നുള്ള കാരണത്തിൽ തള്ളപ്പെട്ടു.

ചാക്കോ— ഒരു ശരിയായ പരി







ഹാരം എനിക്ക തോന്നുന്നു. ഗവർണർ പ്രസംഗിക്കുന്ന ഏതു പെൺയോഗത്തിലും ഓരോ മന്ത്രിമാർ വീതമെങ്കിലും പ്രസംഗിക്കണമെന്നു തീരുമാനിക്കുക. വലിയ യോഗമാണെ രണ്ടോ മൂന്നോ മന്ത്രിമാക്ക പ്രസംഗിക്കാം.

ശങ്കർ— തൽക്കാലം ഇതേ പ്രായോഗികമാകൂ. പെൺയോഗങ്ങൾ ഏർപ്പാടുചെയ്യുന്ന ഭാരവാഹികൾ മന്ത്രിമാരേക്കൂടി ക്ഷണിക്കുവാൻ പി. എസ്. പി. കോൺഗ്രസ്സ് കീഴ്ഘടകങ്ങളെ സംഘടനാലവലിൽ ശട്ടംകെട്ടുക.

പട്ടം— അപ്പോൾ ആൺയോഗങ്ങളിൽ പോകാൻ നേരം കിട്ടാതെവരും.

ചന്ദ്രശേഖരൻ- കുറേക്കാലത്തേക്ക് ആൺയോഗം മുടങ്ങട്ടെ, അല്ലാത്തപക്ഷം ഗവർണർ സംസ്ഥാനത്തെ പെണ്ണുങ്ങളെയെല്ലാം ആഹ്വാനംചെയ്ത് മന്ത്രിസഭയുടെ അധികാരത്തിന് ഉലച്ചിലുണ്ടാക്കും.

മററു പരിഹാരമില്ലായ്കയാൽ ചാക്കോയുടെ നിർദ്ദേശം മന്ത്രിസഭ സ്വീകരിച്ചു. അന്നു രാത്രിതന്നെ കീഴ്ഘടകങ്ങൾക്ക നിർദ്ദേശം പോയി.

.... .... ....

ഗവർണർ അറിയാതെ അദ്ദേഹവുമായി ഇങ്ങനെ ഒരു മത്സരത്തിന് മന്ത്രിസഭ ഒരുങ്ങിയതു് വളരെവേഗം അതിരൂക്ഷമായ ഒരു മത്സരത്തിൽ ചെന്നെത്തി. മന്ത്രിമാരെ അറിയിക്കാതെ പെൺയോഗങ്ങൾ വിളിച്ചുകൂട്ടാൻ ഗവർണർ പക്ഷക്കാർ പരക്കംപാഞ്ഞു. എവിടെ പെൺയോഗമുണ്ടായാലും ക്ഷണിക്കാതെയായാലും അവിടെ പാഞ്ഞെത്തി പ്രസംഗിക്കാൻ മന്ത്രിമാരും തയ്യാറായി. ആറ്റുങ്കാവിൻെറ ഒരു മൂലയിൽ ഗവർണർപക്ഷം ഒരു വനിതായോഗം സംഘടിപ്പിച്ചു. പക്ഷെ യോഗം ആരംഭിച്ചപ്പോൾ മുഖ്യമന്ത്രിയുണ്ട് പ്ളാററുഫോറത്തിൽ. ക്ഷണപ്രകാരം എത്തിയ ഗവർണർ ഉൽഘാടനപ്രസംഗം തുടങ്ങി.

"കേരളീയ വനിതകളേ നിങ്ങൾ കഠിനമായി അദ്ധ്വാനിക്കണം. കേരളവും ഭാരതവും നിങ്ങളുടെ പ്രയത്നം കൊണ്ടു നന്നാവണം" എന്നിങ്ങനെ അദ്ദേഹത്തിൻെറ ഉൽബോധനം പൊടിപൊടിച്ചു. അതുകഴിഞ്ഞ് പട്ടം എഴുന്നേററു. "കേരളീയവനിതകളെ നിങ്ങൾ കഠിനമായിട്ടല്ലാ അതികഠിനമായി അദ്ധ്വാനിക്കണം കേരളവും ഭാരതവും ലോകവും നിങ്ങളുടെ പ്രയത്നംകൊണ്ടു നന്നാവണം."

ഉൽഘാടനം കഴിഞ്ഞ ഉടൻ ഗവർണർ സ്ഥലംവിട്ടിരുന്നു. കിളിമാനൂരിൻെറ ഒരു കോണിൽ ഒരു യോഗം ഏർപ്പാടുചെയ്തിരുന്നതിലേക്കാണ് അദ്ദേഹം പോയതു്. മുഖ്യൻ പ്രസംഗത്തിൻെറ മദ്ധ്യഭാഗത്തു പ്രവേശിച്ചപ്പോഴാണ് കിളിമാനൂർയോഗവിവരം ഒരു സി ഐ. ഡി. അദ്ദേഹത്തിൻെറ ചെവിയിൽ മന്ത്രിച്ചതു്. "വേഗം തിരുവനന്തപുരത്തിനു കമ്പിയടിക്കു. ചാക്കോയോ ശങ്കറോ ആരെങ്കിലും കിളിമാനൂരിലെത്തി യോഗം തിരക്കിയറിഞ്ഞ് പ്രസംഗിക്കുവാൻ" മുഖ്യൻ പ്രൈവററുസിക്രട്ടറിയോട് ധൃതിയിൽ നിർദ്ദേശിച്ചു. പക്ഷെ ആ പരിഭ്രമം വേണ്ടിയിരുന്നില്ല. മന്ത്രി പോററി ആ യോഗം മണത്തറിഞ്ഞ് നേരത്തെ അവിടെ എത്തിയിരുന്നു. ഗവർണർ ചെന്നപ്പോൾ പോററിയാണ് പ്രധാനമായും അദ്ദേഹത്തെ സ്വീകരിച്ചതു്.

മന്ത്രിസഭയും ഗവർണറും തമ്മിൽ തുടങ്ങിയ ഈ മത്സരം അതിവേഗം ഒരു കൊടുങ്കാററുപോലെ വളർന്നിരിക്കയാണ്. പതിനൊന്നു മന്ത്രിമാരും അവരുടെ വകുപ്പുകാര്യങ്ങൾ വകുപ്പുസിക്രട്ടറിമാരെ ഏൽപ്പിച്ചിട്ട് സ്ഥിരമായി കാറിൽതന്നെ താമസമാക്കിയിരിക്കുന്നതായിട്ടാണ് ഏററവും ഒടുവിൽകിട്ടിയ വാർത്ത. നിയമസഭയുടെ ബഡ്ജററുയോഗകാലങ്ങളിൽ മന്ത്രിമാർ തിരുവനന്തപുരത്തു മന്ത്രിമാർ കുരുങ്ങിപ്പോകുമെന്നും അപ്പോൾ മററു ബദ്ധപ്പാടില്ലാത്ത ഗവർണർ അവരെ കവച്ചുവയ്ക്കുമെന്നും ഭയമുണ്ടായിരിക്കയാണ്. എന്നാൽ അതിനിടയാകാതിരിക്കാൻവേണ്ടി നാലു മന്ത്രിമാരെ നിയമസഭാഡ്യൂട്ടിയിൽനിന്നും ഒഴിവാക്കി പ്രത്യേകം സജ്ജപ്പെടുത്തി കേരളത്തിൻെറ നാലു പ്രധാന കേന്ദ്രങ്ങളിൽ തയ്യാറാക്കി നിർത്തിയിരിക്കയാണത്രെ. ഈ മത്സരത്തിൽ തോൽക്കുവാനിടയാകുന്നപക്ഷം ഗവർണർ ഗിരി മറേറതെങ്കിലും സംസ്ഥാനത്തിലേക്ക് സ്ഥലംമാററം വാങ്ങിയേക്കുമെന്നാണ് ഇപ്പോൾ അഭ്യൂഹം. ....0....




# സീ. ജീ. മോക്ഷം

—കഥകളി—

(പാർട്ടീബന്ധത്തിൽനിന്നും മാറിസഞ്ചരിക്കാൻ നിർബന്ധിതനായ സി. ജി. ജനാർദ്ദനനെന്ന ദമയന്തി ഒരാപത്തിന്റെ വഴിത്താരയിലെത്തിയിരിക്കുന്നു. ശൂന്യത വായുംപിളർന്നു നില്ക്കുന്ന വിജനതയാണു് ചുററുപാടും.)

—ശ്ലോകം—

അങ്ങോടിങ്ങോട്ടുഴന്നും പരിചിനൊട്ടു വല-
ഞ്ഞും വിചാരം കലർന്നും
ചങ്ങാത്തക്കാർ കുറഞ്ഞും ചവുപിറെ വിവര-
ക്കേടനേകം മൊഴിഞ്ഞും
തിങ്ങുംഖേദേനപാർട്ടീം ലവലിലഥ തക-
ർത്തപ്പെട്ടും സീ. ജി. തൻകാൽ
തുമ്പിൽക്കേറിപ്പിടിച്ചാനുടനൊരു മല-
മ്പാമ്പതാറെസ്‌പിയാവാം

(പദം— രാഗം ദുഃഖഘണ്ടാരം)

എന്തുചെയ്‌വൂ ഹന്തഞാൻ ജഗദീശാ
ചിന്തയില്ലാതേവം ഭവിച്ചു
(എന്തു)

പി.എസ്‌.പി.യിൽ നിന്നുതള്ളപ്പെട്ടു മാംപണ്ടു
ഡി. എസ്‌. പി.മാരെ മുൻസക്കാരെന്നപോൽ
ആറെസ്‌പീയാമുരഗം പെട്ടെന്നണഞ്ഞു
വൈവശ്യപ്പെട്ടുത്തീട്ടെന്നെന്നെ പിന്തുടർന്നു
(എന്തു)

'അളിപിളി'പലതും പറഞ്ഞു ഞാൻ-പാർട്ടി
യഴിമതിയാണെന്നും തെളിഞ്ഞു
അതിലവന്മാരെല്ലാം കുഴഞ്ഞു-പാരം
ചതിവിലിനമ്മ കൈയ്യൊഴിഞ്ഞു
(എന്തു)

—ശ്ലോകം—

ന്യൂട്ടർഗീയറിലാത്മലാപമിതു മ-
ട്ടാഹന്ത സീ.ജീ.രുദം
രാഷ്ട്രീയച്ചുവയാർന്നു ഹാ! വനതലേ
യെങ്ങും മുഴങ്ങീടവേ

നാട്ടീന്നോടിയൊളിച്ചിരിക്കുമൊരുവൻ
മുൻമന്ത്രിതാനത്യരം
കേട്ടാനക്ഷണനിസ്രൂപം വനചരാ-
കാരം ധരിച്ചുള്ളവൻ

പദം—

(ആരവമെന്തു്........എന്നപോലെ)

വൈ—ഇററീസൊരു രോദനം ഹാ!
പി എസ്സ് പീ യിൽ നിന്നുയർന്നതും
മാറിയിരുന്നാൽ ക്രൂററിയാമോ
ചാരേചെന്നങ്ങാരായേണം
(വൈ)

കരത്തിനിടയിൽ കാണാമേ ഒരു
കലപ്പതൻ സാദൃശ്യേയം



ഉത്തരവാദിത്വമുള്ള
സ്വർണ്ണാഭരണങ്ങൾക്ക്
# മാധവാ ജൂവലറി
മാർക്കററ് റോഡ് :: ഓച്ചിറ.
Prop— V. M. A.

പുറത്തുവിട്ടൊരു പി.എസ്.പി.യുടെ
ചരക്കിവൻ അതു ഹൃദ്യയം
(വൈ)

കരുത്തെഴും സ്വരമോത്താൽ നമ്മുടെ
ജനാർദ്ദനൻതാൻ നിശ്ചയം
കുറച്ചിലില്ലാ വിരുതനെ നമ്മുടെ
കരത്തിലാക്കാമിപ്പോഴേ
(വൈ)

എടുത്തു ചുററികയരിവാളെല്ലാം
അടുത്തുചെന്നങ്ങന്വേഷിക്കാം
ഔചിത്യത്തിൽ സൗഹാർദ്ദത്വം
കൈയ്യെത്തുമ്പോൾ പയ്യെക്കൂടാം.
(വൈ)

—ശ്ലോകം—

തദാത്തഖേദം ബതവേർപെട്ടത്തീ
ജനാർദ്ദനം ഹന്ത ജവേനവേടൻ
മദാത്തനായേവമട്ടത്തണഞ്ഞ—
ങ്ങധാരമരാഗേണയുരച്ചിതേവം

(പദം— അങ്ങനെഞാനങ്ങു....എന്നപോലെ)

ചങ്ങാതീഞാനങ്ങു പോവതെങ്ങനെ
ഇങ്ങനേകം മനോരാജ്യം പൊങ്ങിവരുന്നെന്നി—
ലിപ്പോൾ
നിങ്ങളുപാർട്ടിവെടിഞ്ഞതുകൊണ്ടൊരു
ഭംഗവുമില്ലിഹഞങ്ങൾ-ഹൃദിമങ്ങൽ-
കലരാതെകാക്കാം (ചങ്ങാതീ)

ഈർച്ചക്കൂടാതെവാഴാം ഞങ്ങടെ പാർട്ടിക്കുണ്ട്
മാർച്ചുമുതലൊന്നാംതരം കോച്ചും ജീപ്പും
സവാരിചെയ്വാൻ
വാഴ്ച്ചനമുക്കിവിടെ-റഷ്യൻമോഡലാരറിഞ്ഞു
കാഴ്ചയിലാക്കമസൂയജനിക്കും—
വേഴ്ചകൊള്ളാം—ചേർച്ചകൊള്ളാം
തീർച്ചയാണിതു വിശ്വസിക്കൂ. (ചങ്ങാതീ)

(വനചരൻെറ ഹിതം അപ്പോഴാണ് സി. ജി. അറിയുന്നതു്. എന്താണു ചെയ്യേണ്ടതെന്നറിയാതെ അയാൾ വിഷമിച്ചു. ഒടുവിൽ അയാൾ തൻെറ അവസാനകൈയ്യായ ആ ഉപായം പ്രയോഗിക്കാൻ തീരുമാനിച്ചു.)

—ശ്ലോകം—

അനന്തരം തൻ ഗതികേടറിഞ്ഞു
ഹൃദന്തരത്തിൽ പരമങ്ങു സീ. ജീ.
തിരിഞ്ഞുനോക്കാതവിട്ടന്നൊരോട്ടം!
കുഴഞ്ഞുവേടൻെറ ഹിതം പൊളിഞ്ഞു!

—0—


# ജയഭാരതം ആര്യവൈദ്യശാല [Regd]

H. O. പുനലൂർ — ഫോൺ 10.

ഏററവും നല്ല ആയുർവ്വേദ ഔഷധങ്ങൾ നിർമ്മിച്ചു് അമിതലാഭേച്ഛയില്ലാത്തതിനാൽ കുറഞ്ഞ വിലയ്ക്കു് വിതരണംനടത്തുന്ന കേരളത്തിലെ മികച്ച ഒരു വൈദ്യസ്ഥാപനമാണ്
**ജയഭാരതം ആര്യവൈദ്യശാല.**

പുതിയതായി മാന്യമായ തൊഴിലിൽ പ്രവേശിക്കാനാഗ്രഹിക്കുന്നവർ, ഔഷധവ്യാപാരികൾ, ഇതര വ്യാപാരശാലകൾ നടത്തുന്നവർ തുടങ്ങിയവർക്ക് ആകർഷകമായ വ്യവസ്ഥകളിൽ ഈ വൈദ്യശാലയുടെ ശാഖകളില്ലാത്ത സ്ഥലങ്ങളിലേക്ക് ഏജൻസി കൊടുക്കുന്നതാണ്.

**പ്രൊപ്രൈറ്റർ— പി. ഓ. തോമ്മസ് വൈദ്യൻ [വൈദ്യകലാനിധി]**

# തേവീ! ആ ചൂലിങ്ങെടുക്ക് — ഉദ്ധരിച്ചേ അടങ്ങൂ.

പുലയൻ കരമ്പന്റെ ചെറാപ്പുര, ഒരു കുന്നിൻചരുവിലാണ്. ആ മാടത്തിനരുകിൽക്കൂടി ഒരു കുഞ്ഞു തോട്. ഒരു ഗ്രാമഗാനം ഈണത്തിൽ ചൊല്ലിക്കൊണ്ട് ചിലപ്പോഴം പതുക്കെയും, മററുചിലപ്പോഴം കുതിച്ചുപാഞ്ഞും ഒഴുകുന്നു. കരമ്പന്റെ മൂന്നു കുഞ്ഞുങ്ങളം (രണ്ടാണും ഒരു പെണ്ണും; ഏഴുവയസ്സുമുതൽ താഴോട്ടു പ്രായമുള്ളതു്) ആ തോട്ടരുകിൽ ചെന്നിരുന്ന് പരലും പൊത്തലും കളിക്കുന്നതും മിന്നുങ്ങി മിന്നുങ്ങി കുതിച്ചുപൊങ്ങുന്നതും കണ്ടു രസിക്കാറുണ്ട്. ആ മാടനിവാസികളുടെ കുളിക്കും കുടിക്കും ആവശ്യമുള്ള ശുദ്ധജലം ആ കുഞ്ഞു തോടാണു നൽകുന്നതു്. പലപ്പോഴും ആഹാരമില്ലാതെകിടന്ന് നരകിക്കുമ്പോഴം "വരിൻ പൊന്നോമനകളെ! എന്റെ ഹൃദയത്തിൽനിന്നും ഊറിവരുന്ന ഈ പാലുനിങ്ങളം കുടിച്ചോളിൻ" എന്ന് ആ കുഞ്ഞരുവി, മാടനിവാസികളെ നോക്കി വിളിച്ചുപറയും. തോടു വെറും കുഞ്ഞാണെങ്കിലും, ആ മാടത്തിനെ സംബന്ധിച്ചിടത്തോളം അതു വളരെ വളരെ വലുതാണ്. മഹത്താണ്. അന്നും പതിവുപോലെ കരമ്പന്റെ കുഞ്ഞുങ്ങളം, സന്ധ്യയോടുകൂടി ആ തോടരുകിൽ ചെന്നിരുന്നു കളിച്ചു. വെള്ളം കോരി കുടിച്ചു. രാത്രി എട്ടുമണിയോടുകൂടി, ഒരു ചട്ടിയിൽ കുറച്ചു വെള്ളവുമായിട്ട് മാടത്തിലേക്കുചെന്നു. അന്നേദിവസം ആ മാടത്തിൽ തീ കൂട്ടിയിട്ടില്ല. വെള്ളം തിളച്ചിട്ടില്ല. നാലുകാലിൽ നിൽക്കുന്ന ആ മാടത്തിന്റെ ഒരു തൂണരുകിൽ, കരമ്പൻ പററിച്ചേർന്നു കിടപ്പാണ്. അവന്റെ ഇടതുവശത്ത് തൊട്ടടുത്തായിട്ട് ഒരു ചാവാലപ്പട്ടിയും കിടപ്പുണ്ട്. കുഞ്ഞുങ്ങളം കൊണ്ടുചെന്ന ചട്ടിയിലെ വെള്ളം മുക്കാലും കരമ്പൻ ആർത്തിയോടെ കുടിച്ചു. ബാക്കി ആ ചട്ടിയിൽത്തന്നെ പട്ടിക്കും കൊടുത്തു. അതു നക്കിനക്കി കുടിക്കുന്നതുകണ്ടപ്പോഴം, കരമ്പന്റെ മുഖത്തു സംതൃപ്തിയുടെ ഒരു പ്രകാശമുണ്ടായി. കരമ്പൻ ഒരാഴ്ചയായി കിടപ്പാണ്. വണ്ടിയിൽ തടികേറുന്ന പണിയാണ് കരമ്പനുള്ളതു്. ഒരു ദിവസം, അത്ര വലിപ്പമില്ലാത്ത ഒരു തടി അവന്റെ കാൽമുട്ടിൽവീണു. കാലുളുക്കിപ്പോയി. നീരും വന്നു നിറഞ്ഞു. അങ്ങിനെ കിടപ്പായിപ്പോയി കരമ്പൻ. പിന്നെ ആ മാടം ഇപ്പോഴം നിലനിൽക്കുന്നതു് കരമ്പന്റെ ഭാര്യ തേവിയുടെ ചുമലിലാണ്. അവളം കൊയ്യാൻപോയിരിക്കയാണ്. കൊയ്ത്തുകഴിഞ്ഞ് മാടത്തിലേക്കു വരവു മിക്കവാറും രാത്രി ഒൻപതുമണി കഴിഞ്ഞിട്ടാവും. അവളം വന്നു കററമെതിച്ചുനെല്ലെടുത്തു പുഴുങ്ങി, വറുത്തുകുത്തി അരിയുണ്ടാക്കിയിട്ടുവേണം അടുപ്പത്തിടാൻ. ആ അരി കഞ്ഞിയായിട്ടുവേണം കരമ്പനും കുഞ്ഞുങ്ങളും തേവിയും കുടിക്കാൻ. അന്നും പതിവുപോലെ ആ മാടം നോക്കിയിരിക്കയാ, തേവിയുടെ വരവ്. അങ്ങനെ ഒരു പത്തുമിനിറോളം കഴിഞ്ഞപ്പോഴം, തേവി ഓടിക്കിതച്ച് ഒരുമാതിരി ഏങ്ങലടിയോടുകൂടി മാടത്തിനകത്തു വന്നുകയറി. 'ഇന്ന് കൊയ്ത്തില്ലായിരുന്നോ? കററയെന്തിയേ? നീയെന്താ ഇത്ര



വേവലാതിപ്പെടുന്നതു്? നിന്നെ പാമ്പോടിച്ചോ? എന്നിങ്ങനെ നാലഞ്ചു ചോദ്യങ്ങൾ ഒന്നിച്ചു കരമ്പൻ ചോദിച്ചു. എല്ലാം പറയാം. ഞാനൊന്നു നേരേനിന്നു ശ്വാസം വിട്ടോട്ടെ. ശ്വാസം വിമ്മിട്ടത്തോടെ തേവി പറഞ്ഞു. അൽപ്പം കഴിഞ്ഞപ്പോൾ ശ്വാസം നേരെവീണപ്പോൾ തേവി പറഞ്ഞു. കൊയ്ത്തുണ്ടായിരുന്നു. മൂന്നു കററയും പിടിത്തെളുമായി ഞാനിങ്ങോട്ടു പോന്നപ്പോൾ രണ്ടുപേർ എന്റെ പിന്നാലെ വേഗം നടന്നുവരുന്നതുകണ്ടു. ഞാനോടി, അവരും എന്റെ പിന്നാലെ ഓടിവന്നു. തലയിലിരുന്ന കററ താഴെ വീണുപോയി. ഞാൻ ഓററയോട്ടത്തിനു് ഇങ്ങെത്തി. അവരിപ്പം മുററത്തുവന്നുകാണും. തേവി ഇത്രയും പറഞ്ഞപ്പോൾ മുററത്തു രണ്ടുപേർ നിന്നു് ശ്വാസം വിടുന്നതുപോലെ തോന്നി. 'തേവി! വിളക്കെടുത്തു മുന്നോട്ടുകാണിച്ചേ, ഞാനൊന്നുനോക്കട്ടെ ഇവന്മാരാരാണെന്നു്'" കരമ്പൻ പറഞ്ഞു, തേവി വിളക്കെടുത്തു മുററത്തോട്ടുകാണിച്ചു. കരമ്പൻ നിരങ്ങിനിരങ്ങിവന്നു് മുററത്തോട്ടുനോക്കി. ഒരാൾ മുമ്പിൽനിന്നു് കിതയ്ക്കുന്നു. മറെറാരാൾ പിന്നിൽ രണ്ടു കുപ്പികളുമായി നിൽക്കുന്നു. ആൾ ഓടി ക്ഷീണിച്ചതുകൊണ്ടാവാം, പിന്നാലെ നിൽക്കുന്നവനിൽനിന്നും ഒരു കുപ്പിവാങ്ങി, രണ്ടുമൂന്നു കവിൾ എന്തോ കുടിച്ചു: 'ചട്ടീന്റെ മക്കളെ! നിങ്ങളെന്റെ പുലയീനെ രാത്രിയിലിട്ടോടിച്ചതെന്തിനാ?" കരമ്പൻ സഹികെട്ട കോപത്തോടെ ചോദിച്ചു.

"കരമ്പാ! നിന്നേയും തേവിയേയും എനിക്കറിയാം—നിങ്ങളെന്നെ ഓർക്കുന്നില്ലെങ്കിലും നിങ്ങൾക്കറിയാമോ ഞാനാരെന്നു്? പി. കെ. കുഞ്ഞുസാഹിബ്ബ്. നമ്മളെല്ലാം പിന്നോക്കവർഗ്ഗക്കാരാ കരമ്പാ. നിങ്ങളെ ഉദ്ധരിക്കാൻ അവകാശപ്പെട്ടവനാ ഞാൻ. വഴിക്കുവെച്ചു തേവിയേക്കണ്ടു; എന്നാലൊന്നു് ഉദ്ധരിക്കുന്ന കാര്യം പറയാമെന്നു കരുതി ഞാനവളെ സമീപിച്ചു. അവളോടിക്കളഞ്ഞു. കുഞ്ഞു് ഇത്രയും പറഞ്ഞപ്പോൾ "ക്ഷയം പിടിച്ച ഒരു പുലയനും അവന്റെ പുലയിയേയുംകൂടി ഉള്ളൂരാസ്പത്രിയിൽ ചെന്നപ്പോൾ, ആ പുലയിയെ അഞ്ചാറുപേർക്കൂടി ഉദ്ധരിച്ചെന്നു കേട്ടു. കൊട്ടാരക്കരവെച്ചും അവളെ അഞ്ചെട്ടുപേർചേന്നു് ഉദ്ധരിച്ചതെ. നിങ്ങളും കൂട്ടരുമാണോ ആ ഉദ്ധാരണം നടത്തിയതു്?" കരമ്പൻ ചോദിച്ചു.

"ഹേയ്—അക്കൂട്ടത്തിൽ പ്പെടാൻ എനിക്കു യോഗമുണ്ടായില്ല കരമ്പാ. ഒന്നുകൂടി പറയാം, ഞാനാണീ കേരളത്തിൽ ഏററവും ജനസ്വാധീനമുള്ളവൻ. ഞാൻ ഏഴുപ്രാവശ്യമാ നിയമസഭാസ്ഥാനാർത്ഥിയായി നിന്നതു്. അതും രാജ്യത്തിന്റെ പല ഭാഗത്തായി. ഒററ പ്രാവശ്യമെ തോൽവി പററിയുള്ളു. ആറു പ്രാവശ്യവും ഞാൻ ജയിച്ചു—ഒററ നായുടേയും സഹായമില്ലാതെ. അങ്ങിനെയിരിക്കുമ്പോഴാണു്, പിന്നോക്കം എന്നൊരു കൂട്ടരെ രക്ഷിക്കാൻകിടക്കുന്നല്ലോ എന്നൊരു കാര്യം ഓർമ്മവന്നതു്. ഓർമ്മവന്നപ്പോൾ എനിക്കു കലികേറി. വീട്ടിൽനിന്നും ഞാനിറങ്ങിയോടി. പിന്നോക്കരെ രക്ഷിക്കാതെ ഞാനിനിയടങ്ങുകില്ല കരമ്പാ" കുഞ്ഞു് ഇത്രയും പറഞ്ഞ നിമിഷത്തിൽ— "കരമ്പാ! സഹോദരാ! ഞാനാണു് പിന്നോക്കവർഗ്ഗസംരക്ഷകൻ. കുഞ്ഞെന്നുപറയുന്ന ഈ പന്നോക്ക കശാപ്പൻ പറയുന്നതു മുഴുവൻ കള്ളമാ. എന്റെ പേരു് കരമ്പൻ കേട്ടിരിക്കും— സി. കേശവനെന്നു്." കുഞ്ഞിന്റെ പിന്നിൽനിന്നൊരാൾ വിളിച്ചുപറഞ്ഞു.

"ആരെടാ, കേശവനോ? നിനക്കെന്തുകാര്യം എന്റെ പിന്നോക്കക്കാരുടെ അടുത്തു്. കരമ്പാ! ഇവൻ പറയുന്നതു മുഴുവൻ ഹലാക്കാ. ഇവൻ ഇബിലീസിന്റെ മോനാ. ഞാനാ നിന്റെ സംരക്ഷകൻ." കുഞ്ഞു പറഞ്ഞു.

"എടാ ചെയ്ത്താനു പിറന്ന പിശാചെ! നീയോ എന്റെ കരമ്പന്റെ സംരക്ഷകൻ. ഞാനാ കരമ്പാ നിങ്ങളുടെ നേതാവു്." കേശവൻ പറഞ്ഞു.

"പറയുന്നതു സൂക്ഷിച്ചുവേണം. അറിയാമോ കായംകുളം മേത്തനെ. കരമ്പാ! ഞാനാ നിന്റെ നേതാവു്. അല്ലാതെ ഈ മയ്യനാടനല്ല. ചേർന്നോ എന്റെകൂടെ." കുഞ്ഞു് കടന്നുപറഞ്ഞു.

"കരമ്പാ! നിന്റെ പുലയി നിന്റേതായിരിക്കണമെങ്കിൽ എന്റെകൂടെ ചേർന്നോ. ഞാൻ സത്യം പറയുവാ." സി. കേശവൻ വർത്തമാനം മുഴമിപ്പിക്കുന്നതിനുമുമ്പു്— "കരമ്പാ! നിങ്ങളുടെ സാക്ഷാൽ സംരക്ഷകനും കോൺഗ്രസ്സ നേതാവുമായ ഞാനിതാ വരുന്നു. ഇവന്മാരുടെ വർത്തമാനംകേട്ടു് നീ വഞ്ചിതനാകരുതു്. സ്റ്റീഫൻ, സ്റ്റീഫൻ എന്നൊരു ദ്വ്യനെ നീ കേട്ടിട്ടുണ്ടോ? അദ്ദേഹമാണു് ഞാൻ. നീ എന്റെകൂടെ ചേർന്നോ? സാക്ഷാൽ ഗാന്ധിരസസത്തു, ഞാനെപ്പോഴും കുടിക്കുന്നതു്. ഗാന്ധിജിയാണെങ്കിൽ പിന്നോക്കക്കാർക്കുവേണ്ടി ചത്തവനുമാണു്." സ്റ്റീഫൻ പറഞ്ഞു.

"സ്റ്റീഫാ! വെറുതെ വഴക്കിനുവരാതെ. ഞാനാ ഇവരുടെ നേതാവു്. തനിക്കിവിടെ ഒരു കാര്യവുമില്ല. പതിന്നാലുവർഷമായി നീയും നിന്റെ കാൺഗ്രസ്സും പിന്നോക്കത്തിനെ രക്ഷിക്കുന്നല്ലോ. എന്നിട്ടെന്തു രക്ഷയാടോ അവർക്കു കിട്ടിയതു്. പറഞ്ഞു മിരട്ടൊക്കെ അങ്ങു വെച്ചേരു്. കരമ്പാ! ഞാനാ നിങ്ങൾക്കുവേണ്ടി ജീവൻകളയാൻ നടക്കുന്നവൻ." കേശവൻ പറഞ്ഞു.

"അല്ല. ഇവന്മാർ രണ്ടുമല്ല. ഞാനാണു് നിങ്ങളുടെ രക്ഷകൻ." കുഞ്ഞു് പറഞ്ഞു.

"അല്ല. ഇവന്മാർ മൂന്നുമല്ലാ നിങ്ങളുടെ സംരക്ഷകൻ. ഞാനാ നിങ്ങടെ നേതാവു്. പി. എസ്. പി. നേതാവും, മുഖ്യമന്ത്രിയുമായ ഈ പട്ടംതാണുപിള്ളയാ പിന്നോക്കവർഗ്ഗനേതാവു്. അതിനു മററാരും വാലുപൊക്കണ്ട. വാ കരമ്പാ, എന്റെ തോളിൽ കൈയിട്ടോ." പട്ടംസാർ പെട്ടെന്നു് പ്രത്യക്ഷപ്പെട്ടു പറഞ്ഞു.

"എടോ മുതുപട്ടം! താനെന്നെ മന്ത്രിയാക്കാത്തോനാ. തനിക്കിപ്പം പിന്നോക്കത്തിനെ വിട്ടുതന്നേക്കാം. കരമ്പാ! ഇയ്യാൾ ദ്രോഹിയാ. പിന്നോക്കക്കാരനായ എന്നേയും ജനാർദ്ദനനേയും മന്ത്രിയാക്കാതെ ദ്രോഹിച്ചോനാ. ഇയ്യാളാ നമ്മുടെ ഒന്നാംനമ്പർ ശത്രു. വാ, എന്റെകൂടെ." കുഞ്ഞു പറഞ്ഞു.




എജൻസികൾക്കു് 35 ശതമാനം കമ്മീഷൻ.
എല്ലാ സ്ഥലങ്ങളിലും എജൻറന്മാരെ ആവശ്യമുണ്ടു്.
സാമ്പിൾ പ്രതിക്കു് സ്റ്റാമ്പുസഹിതം ഉടൻതന്നെ എഴുതുക.

# K. നാരായണപിള്ള

## മലക്കറിവ്യാപാരം

മുല്ലയ്ക്കൽ, കല്ലൻറോഡ്,

**ആലപ്പുഴ.**

മലക്കറികൾ മൊത്തമായും ചില്ലറയായും വിൽക്കപ്പെടും. അടിയന്തിരങ്ങൾക്ക് ആവശ്യമുള്ള മലക്കറികൾ ഇവിടെനിന്നും വാങ്ങുക.


"നാലെണ്ണവുംകൂടി ഒന്നിച്ചിറങ്ങിയിരിക്കുവാ പിന്നോക്കത്തെ മുന്നോട്ടാക്കാൻ. കൊള്ളാമല്ലോ. കരമ്പാ! ഇവന്മാർ നാലും വീർത്തിരിക്കുന്നത് പാവപ്പെട്ട നമ്മളുടെ ചോരകുടിച്ചിട്ടാ. ഇവന്മാരുടെ മുഖത്ത് തുപ്പപ്പെടുത്തടിക്കണം. ചുണയില്ലാത്ത മരപ്പാർക്കുകൾ—നാണമില്ലാതെ നടക്കുവാ, പിന്നെയും പാവപ്പെട്ടവരെ നന്നാക്കാൻ. കരമ്പാ! നിങ്ങൾക്കൊരു നേതാവുവേണം ചുണയും നല്ല മീശയുമുള്ള ഒരു നേതാവ്. അതിനാണ് ശ്രീകണ്ഠൻനായരായ ഞാനിറങ്ങിയിരിക്കുന്നത്. വാ, എന്റെകൂടെ. ആറെസ്പി നിങ്ങളുടെ സംഘടനയാണ്." ശ്രീകണ്ഠൻനായർ പറഞ്ഞു.

"അല്ലാ—കൂട്ടരെല്ലാം നേരത്തെ ഇങ്ങെത്തിക്കഴിഞ്ഞോ? ആട്ടിൻകൂട്ടത്തിൽ പുലികൾ ഇറങ്ങിക്കഴിഞ്ഞല്ലോ. കരമ്പാ! വഞ്ചകന്മാരിതാ, നിന്റെ മുമ്പിൽ നിൽക്കുന്നു. ഇവരുടെ കുരുക്കിൽ അകപ്പെടാതെ സൂക്ഷിച്ചോ? മിന്നിഞ്ഞാന്നും, ഇന്നലെയും, ഇന്നും, നാളെയും പിന്നോക്കവർഗ്ഗത്തിന് ഒരു രക്ഷകനുണ്ടെങ്കിൽ, അത് കമ്മ്യൂണിസ്റ്റ്പാർട്ടിയാണ്. പാർട്ടി അദ്ധ്വാനിക്കുന്നവനുവേണ്ടി നിലകൊള്ളുന്നു. വിശക്കുന്നവനും വിയർപ്പൊഴുക്കുന്നവനുംവേണ്ടി നിലകൊള്ളുന്നു. പിന്നോക്കവർഗ്ഗത്തിന് ഒരു രക്ഷാസങ്കേതമേയുള്ളു—കമ്മ്യൂണിസ്റ്റ്പാർട്ടി. അതിന്റെ സിക്രട്ടറിയായ ഞാനിതാ, കരമ്പാ! നിന്റെ മാടത്തിലേക്കു വന്നിരിക്കുന്നു. എന്റെകൂടെ വാ. പാർട്ടിയെ ശക്തിപ്പെടുത്തുക." എമ്മൻ കടന്നുവന്ന് പറഞ്ഞു.

"കരമ്പാ! നീ മാടത്തിൽ കിടക്കുമ്പോൾ, ഇവൻ മാളികയിൽ സുഖിക്കുന്നു. ഇവന്മാരോ നിന്റെ സംരക്ഷകൻ?" ശ്രീകണ്ഠൻ പറഞ്ഞു.

"കരമ്പാ! നീ കീറമുണ്ടുടുത്ത് പാടത്ത് തുമ്പയുമായി പോകുമ്പോൾ, ഇവൻ ഉടയാത്ത ഷർട്ടും മുണ്ടും ധരിച്ച്, ചീകിമിനുക്കിയ തലമുടിയുമായി, റിസ്റ്റുവാച്ചുമണിഞ്ഞോണ്ട് റോഡുനീളെ ഉലാത്തുന്നു—പ്ളാറ്റുഫോറത്തിൽ കേറിവിലസുന്നു. ഇവനോ നിങ്ങളുടെ നേതാവ്?" സ്റ്റീഫൻ പറഞ്ഞു.

"കരമ്പൻ പുലയാ! നീ കഞ്ഞിവെള്ളംകുടിക്കാതെ കിടക്കുമ്പോൾ, സഖാവെന്നു പറയുന്ന ഇവൻ ബോൺവിററായും ഓവൽടിനും കുടിച്ച് മയങ്ങുന്നോനാണ്. ഇവനോ നിങ്ങടെ നേതാവ്?" കേശവൻ ചോദിച്ചു.

"ആത്മാർത്ഥതയില്ലാത്ത ഈ പിശാചുക്കൾ ഏതവന്റെ ചോര എങ്ങനെ കിട്ടിയാലും കുടിച്ചോളും. പാവങ്ങളുടെ കയ്യിൽനിന്നും ഒന്നും രണ്ടും പൈസാവീതം പിരിച്ചെടുക്കും. അതുകൊണ്ട് പേരും പെരുമയും അടിച്ചെടുക്കും. കൊടുക്കുന്ന പാവത്തിന്റെ കഥയോ? ഒന്നും പറയേണ്ട കരമ്പാ. ഇവനല്ല നിങ്ങളുടെ നേതാവ്. അതു ഞാൻ തീർത്തു പറയുന്നു." പട്ടം പറഞ്ഞു. മുറാത്ത് ഒരു ലഹളയാരംഭിക്കുന്നമട്ടുണ്ടെന്ന് കരമ്പനു തോന്നി. "ഞാനാടാ നേതാവ്. നീയല്ലെടാ." "നിന്റെ തന്ത വിചാരിച്ചാൽ കരമ്പന്റെ ഒരു കൊച്ചു രോമംപോലും കിട്ടത്തില്ലെടാ. ഞാനാടാ നേതാവ്" എന്ന വിളികളും ചില്ലറ അടിയിടികളും മുറാത്തു കേട്ടുതുടങ്ങി. "അയ്യോ, എന്നെ ഇടിച്ചു കൊല്ലാതിരിക്കിനെടാ പാപികളെ" എന്നാരോ വിളിച്ചുപറയുന്നതും, ഉരത്ത രണ്ടുമൂന്നിടികളും കരമ്പനും തേവിയും കേട്ടു. "വയ്യാടി തേവി! എന്നാലും കാളയെ അടിക്കുന്ന കാഞ്ഞിരക്കമ്പിങ്ങെടുത്തോ. നീ ചൂലുമെടുത്തോ." കരമ്പൻ വിളിച്ചുപറഞ്ഞു "അയ്യോ മാളോരെ! ഓടിവരണേ. ഇവിടിതാ നാലഞ്ചുപേർകിടന്നു തമ്മിൽത്തല്ലി ചാവാൻ തുടങ്ങുന്നേ. എടാ മഹാപാപികളെ! ഈ മുറ്റത്തുനിന്നും ഇറങ്ങിനെടാ. ആ തോട്ടിൻകരയ്ക്കു ചെന്ന് തമ്മിൽത്തല്ലി ചാവിനെടാ." ഒരിക്കെങ്ങും കേൾക്കാത്തവണ്ണം തേവി നിലവിളിച്ചോണ്ടു പറഞ്ഞു. മുന്നുറോളം പിന്നോക്കക്കാർ, വടി, ഉലക്ക, കടലാവണക്കിൻപത്തൽ, എന്നീ ഉപകരണങ്ങളോടുകൂടി കരമ്പന്റെ മുറ്റത്തേക്കു പാഞ്ഞുവന്നു. ആൾക്കൂട്ടത്തിന്റെ ഇരമ്പിക്കേററം കണ്ടപ്പോൾ— "ഇവിടെനിന്നാൽ അടികൊള്ളും എമ്മാ. നമുക്ക് കടന്നുകളയാം" എന്ന് പട്ടവും, "സ്റ്റീഫാ! ജീവൻവേണമെങ്കിൽ എന്റെകൂടെ ഓടിപ്പോരു്" എന്ന് കേശവനും, "ഞങ്ങളും വരുവാ കൂട്ടരെ, നിങ്ങളുടെ കൂടെ. വാ കുഞ്ഞേ" എന്നു ശ്രീകണ്ഠനും പറഞ്ഞു. നേതാക്കന്മാർ തോളോടുതോളുചേർന്ന് ഒരേവഴിക്കു പാഞ്ഞുപോയി.

—o—



# "മാധവ" ആയുർവ്വേദ ഔഷധങ്ങൾ

നാലു ദശാബ്ദക്കാലമായി ഫലസിദ്ധിയിൽ അദ്വിതീയമെന്നു് വിഖ്യാതിനേടിയതും പൊതുജനസംതൃപ്തി ആർജ്ജിച്ചുകഴിഞ്ഞതുമായ "മാധവ ആയുർവ്വേദ ഔഷധങ്ങൾ" ഉപയോഗിക്കുക!!

## "മാധവ" ബാലപീയൂഷം (*Regd. No. 162924*)

എല്ലാ ബാലരോഗങ്ങളേയും മാററി കുഞ്ഞുങ്ങൾക്കു് ആരോഗ്യവും തേജസ്സും ശരീരപുഷ്ടിയും നല്കുന്ന ഉത്തമ ടോണിക്കു്. 16 ഔ. 3 ക. 8 ഔ. 1 ക. 65 നയാപൈസാ.

## "മാധവ" സരസ്പരില

രക്തം ഉഷ്ണിച്ചുണ്ടാകുന്ന രോഗങ്ങൾക്കു് അത്യുത്തമം. രക്തശുദ്ധി വരുത്തി ശരീരത്തിലെ ചൂടിനേയും രക്തസമ്മർദ്ദത്തേയും ക്രമീകരിക്കുന്നു. 16 ഔ. 3 ക. 8 ഔ. 1 ക. 65 ന: പൈസാ.

## "മാധവ" ച്യവനപ്രാശം [WITH IRON & CALCIUM]

ശരീരത്തിലെ നശിച്ചുപോയ ധാത്വംശങ്ങളെ വീണ്ടെടുത്തു് ആയുസ്സും ആരോഗ്യവും ഓജസ്സും ഓർമ്മശക്തിയും വർദ്ധിപ്പിക്കുവാൻ വിശേഷം. ഒരു റാത്തൽ ഭരണി 4 ക. 50 ന. പൈസാ.

## "മാധവ" ചർമ്മസുധ [OINTMENT]

മുഖക്കുരു, പുഴക്കടി, നിറഭേദം മുതലായ എല്ലാ രക്തദൂഷ്യങ്ങൾക്കും സുഗന്ധത്തോടുകൂടിയ ലേപനം. ഡപ്പി 50 ന. പൈസാ.

## "മാധവ" ബാലജീവനം

ശിശുക്കൾക്കു് സുഖശോധനയ്ക്കും രക്തശുദ്ധി വരുത്തുന്നതിനും, ബാലരോഗങ്ങൾ ബാധിക്കാതെ സംരക്ഷണംനൽകുന്നതിനും ബിന്ദുമാത്രയിൽ കൊടുക്കാനുള്ള തൈലം. അര ഔ. കുപ്പി 60 ന. സ.

എല്ലാ സ്ഥലത്തും പ്രധാന മരുന്നുഷോപ്പുകളിൽനിന്നു ലഭിക്കുന്നു.

# മധവ ഫാർമസി (P) Ltd., എറണാകുളം.

**ഗവേണിങ്ങ് ഡയറക്ടർ: പൊരുതിയിൽ നാരായണൻവൈദ്യർ.**

Phone; Pharmacy 238 Residence: 638.

ഏജൻസി ഡിപ്പോകൾ:—

മാക്കററു റോഡ്-ചങ്ങനാശേരി, കുരിശുംമൂട്-കാഞ്ഞിരപ്പള്ളി, കഞ്ഞിക്കുഴി—കോട്ടയം, മെയിൻറോഡ്-വാകത്താനം, വെസ്റ്റ് റൌണ്ട്—തൃശ്ശൂർ, പൊന്നാനി, പെരിന്തൽമണ്ണ, കോഴിക്കോട്ട്, കൊടുവള്ളി, കൽപ്പററ, ബത്തേരി, മാഹി, തലശ്ശേരി, കണ്ണൂർ, ബിസ്സിമുഹല്ല—ബോംബെ, മാനന്തവാടി റോഡ്—മൈസൂർ.

# മന്ത്രിസഭക്കു് ക്ഷുദ്രമോ?

ഏകദേശം മൂന്നുമാസമായി കേരളമന്ത്രിസഭയുടെ കാലുകൾക്കു് ഒരു തളർച്ചവന്നിട്ടു്. എങ്കിലും ഇഴഞ്ഞിഴഞ്ഞു നടന്നു് കാര്യങ്ങളെല്ലാം അതു് ഒരുവിധം നോക്കിവരികയായിരുന്നു. രണ്ടാഴ്ചയ്ക്കു മുമ്പായി അതിന്റെ തലക്കു് എന്തോ തകരാറുപറ്റിയമാതിരി, അതു് പിച്ചും പേയും പുലയാട്ടും പറയാൻതുടങ്ങി. ഈ നില തുടർന്നാൽ കാര്യം അപകടത്തിലാവും എന്നു് ബോധ്യംവന്ന കേരളീയർ മന്ത്രിസഭയെ ശിരോരോഗചികിത്സാവിദഗ്ദ്ധനായ ഡാക്ടർ കേശവൻനായരെ ഏല്പിച്ചു "ഇതിന്റെ തലയ്ക്കകത്തു് തലച്ചോറില്ല. തലകറുത്ത ഒത്തിരി കൃമികൾ മാത്രമാണു് തലയ്ക്കകത്തുള്ളതു്. ഇഞ്ചക്ഷൻകൊണ്ടോ, ഓപ്പറേഷൻകൊണ്ടോ മരുന്നുകൾകൊണ്ടോ ഇതു ഭേദമാക്കാൻ സാദ്ധ്യമല്ല" മൂന്നുദിവസത്തെ പരിശോധനയ്ക്കുശേഷം ഡാക്ടർ അഭിപ്രായപ്പെട്ടു. ഖിന്നരായ കേരളീയർ ശവപ്രായത്തിൽ എത്തിയിരുന്ന മന്ത്രിസഭയെ തിര്യെ എടുത്തുകൊണ്ടുവന്നു് ഒരു കയറുകട്ടിലിൽ കിടത്തി, "ഇനിയുമോ" എന്ന അർത്ഥത്തിൽ കേരളത്തിലെ പെണ്ണുങ്ങളും ആണുങ്ങളും പരസ്പരം നോക്കി. നിസ്സഹായരായ നിലയിൽ കേരളം ഇങ്ങനെയിരിക്കുമ്പോൾ, മന്ത്രിസഭയുടെ മുറ്റമടിപ്പുകാരിയായ ലീല, ഒരു ചെറിയ മൺകുടവുമായി അങ്ങോട്ടുചെന്നതു്. 'ഞാൻ അടുക്കളവശത്തെ മുറ്റം അടിച്ചോണ്ടിരിക്കുമ്പോൾ നടകല്ലിന്റെ കീഴിൽനിന്നും ഈ കുടംകിട്ടി. ഇതിനകത്തെന്താണെന്നു് എല്ലാവരുംകൂടി ഒന്നു നോക്കിയേ" ലീല പറഞ്ഞു. സ്റ്റീഫൻ കുടംതുറന്നു് ഒരു പൂച്ചത്തല, ഒരു പാമ്പിൻപത്തി, രണ്ടു് ഓന്തിൻവാലു്, മുട്ടത്തോടു്. രണ്ടു് ആൾരൂപം, ഒരു ചെമ്പുതകിടു്, തുടങ്ങിയ ഒട്ടേറെ സാധനങ്ങൾ വാരി വെളിക്കിട്ടു.

"ഇതിന്റെ അർത്ഥം" അത്ഭുതഭാവത്തിൽ ഭാസ്ക്കരൻനായർ ചോദിച്ചു.

"കട്ടത്ത ക്ഷുദ്രം" വളരെ ഗൗരവസ്വരത്തിൽ മഹമ്മദുകോയ പറഞ്ഞു. മന്ത്രിസഭയ്ക്കു് ആരോ ക്ഷുദ്രം ചെയ്തിരിക്കുന്നു എന്നൊരു ഉൾവിളി കേരളത്തിനുണ്ടായി. "എന്തായാലും ആദ്യമായിട്ടു് ഒരു പ്രശ്നം വയ്പിച്ചിട്ടു മേൽക്കാര്യം" പൊന്നറശ്രീധർ പറഞ്ഞു. കേരളം ആ അഭിപ്രായത്തോടു യോജിച്ചു. "ഇട്ടിഎഴുത്തച്ഛൻ എന്നൊരു വലിയ ജോത്സ്യൻ ഞങ്ങളുടെ ദിക്കിലുണ്ടു്. അയാളെ വരുത്തിക്കളയാം. അയാൾ ഭയങ്കരനായ കാളീഉപാസകനുമാണു്" കുഞ്ഞുരാമൻനമ്പ്യാർ പറഞ്ഞു.

തിണ്ണയ്ക്കൊരു തഴപ്പായിൽ മന്ത്രിസഭയെ മലർത്തിക്കിടത്തിയിട്ടു്, അതിന്റെ തലയ്ക്കലായി കേരളം, ഒരു തടുക്കിൽ ഇരുന്നു. മുറ്റത്തു് ഇട്ടിഎഴുത്തച്ഛൻ ഒരു പലകയിൽ കവടി വാരി നിരത്തിയിട്ടു് കേരളാഭിമുഖമായി ഇരുന്നു.

"ആവട്ടെ—എന്നാൽ തുടങ്ങിക്കോളു ജോത്സ്യരെ, ജോത്സ്യരുടെ കൈയിലാ ഇവന്റെ ജീവനിരിക്കുന്നതു്" കേരളം ശോകസ്വരത്തിൽ പറഞ്ഞു. ജോത്സ്യർ ഏറെനേരം ധ്യാനപൂർവം എന്തോ മന്ത്രിച്ചതിനുശേഷം കവടി മെഴുമെഴാ ഉരുട്ടിത്തടവിത്തുടങ്ങി, എന്നിട്ടു് ഒരുപിടി കവടി വാരിപിടിച്ചു്, പലകയിൽ പലഭാഗത്തായി നിരത്തിവച്ചു. 'റാൻ–മേടമാ ലഗ്നം. ലഗ്നത്തിന്റൊപ്പുടെ പൊവ്വായും ഗുളികനും ഏഴുകോണിച്ചു നിൽക്കയാ. റാൻ" ജോത്സ്യൻ പറഞ്ഞുതുടങ്ങി. ഏതവനെങ്കിലും ഏഴുകോണിച്ചോ, കീങ്കോണിച്ചോ നിന്നോട്ടെ. ഫലം പറഞ്ഞാൽ മതി' കേരളം പറഞ്ഞു.

റാൻ– 'ഏഴുകോണേ, കുജ: ഗുളികസഹവർത്തിതു. കാൺഗ്രസോ, പി. എസ്. പി. യോപി, തുല്യത: സർവകഷ്ടേ, സർവനാശേ, സർവം ഹരിഹ്വം റാൻ–എന്നാണെ പ്രമാണം. കോൺഗ്രസും, പി. എസ്സ്. പി. യും എന്നതുപോലെ ചൊവ്വാഗുളികന്മാർ ലഗ്നത്തിനോടു് ഏഴുകോണിച്ചു ചേർന്നുനിന്നാൽ സർവ കഷ്ടതകളും സർവനാശവും സർവവും ഹരിക്കപ്പെടുന്നതായിട്ടും ഭവിക്കും" എന്നാണേ ഇതിൽനിന്നും കാണുന്നതു്. റാൻ' ജോത്സ്യൻ പറഞ്ഞു.

'എന്റെ ജോത്സ്യരെ! ഇതു വളരെ കഷ്ടമാണല്ലൊ. എന്താണു് ഈ മന്ത്രിസഭയ്ക്കു് ഇങ്ങിനൊരു പതനം വന്നതു്? ഇതു് ജീവിക്കാൻ സാദ്ധ്യതയുണ്ടോ? ഇതു് നശിക്കാൻ ആരോ ക്ഷുദ്രംചെയ്തത്രേ. ഇതിന്റൊ സൂക്ഷ്മ വിവരമെല്ലാം ജോൽസ്യർ ഒന്നു പറയണം കേരളം പറഞ്ഞു.

"റാൻ–പറയാമേ, അഷ്ടമത്തിൽ രാഹു പ്രബലനായി നിൽക്കുന്നു. അവിടെ വ്യാഴന്റെ ദൃഷ്ടിയുണ്ടെങ്കിലും ഒരു മറവുകൂടി കാണുന്നുണ്ടു്. ഇങ്ങനെ കണ്ടാൽ—"പരാന്നഭുക്താൻതടിയാൻ, പരധനാൽ പ്രതാപസംഭവ:വിദ്യാവിഹീനാൻ, നാഥവിദ്യാലയ ബന്ധുശ്രു: ഡം



ഭാൻ, ഗർവാൻ, പ്രതിഷ്ഠയ: മഗ്നഃത ജലധിം പാഷാണവൻ, വന: കാൺഗ്രസ് വദനഗഹ്വരേ' എന്നാണു പ്രമാണം. റാൻ. പരാന്നഭക്ഷണംകൊണ്ടു തടിച്ചവനും പരധനംകൊണ്ടു് പ്രതാപവാനും വിദ്യാശൂന്യനായിരുന്നിട്ടും വിദ്യാലയങ്ങളുടെ നാഥനും, ഡംഭു്, ഗർവ്വ് ഇവയുള്ളവനും ആയവനാൽ യാതൊന്നു പ്രതിഷ്ഠിക്കുന്നോ? അതു് കാൺഗ്രസിന്റെ വായിൽ വനങ്ങൾ എന്നപോലെ കല്ലു് എങ്ങിനെ സമുദ്രത്തിൽ താണുപോകുന്നോ, അതുപോലെ പെട്ടെന്നു കാണാതാകും. റാൻ—ഈ മന്ത്രിസഭയെ ഉണ്ടാക്കിയതു് അങ്ങിനുള്ള ഒരാളാണോ? റാൻ ജോൽസ്യൻ ചോദിച്ചു.

"കേരളം ഒന്നു ചിരിച്ചു. ഉം പറയൂ. ബാക്കികൂടി കേൾക്കട്ടെ, കേരളം പറഞ്ഞു.

"റാൻ—ശുക്രന്റെയും ചന്ദ്രന്റെയും നിലകൊണ്ടു കാണുന്നതു് മാടശ്ച ഏറുമാടശ്ച പെടുന്നഷ്ടധൂമവലയിതം ഹനന്ന ജന പ്രേതഷു—അനധാവനേസാർവത്രേഷു എന്നാണു്. റാൻ, എന്നുവച്ചാൽ വെറുതെ കരിഞ്ഞ മാടങ്ങളുടെയും ഏറുമാടങ്ങളുടെയും പുകകൊണ്ടു് ഈ മന്ത്രിസഭ മൂടിയിരിക്കുന്നതായിട്ടും കൊല്ലപ്പെട്ട ജനങ്ങളുടെ പ്രേതങ്ങൾ ഈ മന്ത്രിസഭയെ സർവദിക്കിലും പിന്തുടരുന്നതായിട്ടുംകൂടി കാണുന്നു. റാൻ." ജോൽസ്യൻ പറഞ്ഞു.

"അതും ഏറെക്കുറെ ശരിയാ ജോത്സ്യരെ. ഉം— തുടരൂ." കേരളം പറഞ്ഞു.

"ഗുളികന്റെ പാത്തുനില്പുകൊണ്ടും അംഗശോഷിയുള്ള ശനിയുടെ ആരൂഢസ്ഥാനത്തെ നില്പുകൊണ്ടും 'അംഗവഹ്നീനേഷു സഹ, സംഭവത് യാവത്, ഏതത് പൊട്ടേഷു കുമിളഭിഃ' എന്നാണു കാണുന്നതു്. അതിന്റെ ഭാവം എന്തെന്നാൽ അംഗവിഹീനന്മാരുടെ കൂട്ടുകെട്ടുകൊണ്ടു് ഏതൊന്നുണ്ടാകുന്നോ, അതു് കുമിളയെന്നപോലെ പെട്ടെന്നു പൊട്ടിത്തെറിച്ചു. റാൻ." ജോത്സ്യൻ പറഞ്ഞു.

കേരളം ഹസ്സൻ ഗനിയെ ഒന്നു നോക്കിയിട്ടു് പുഞ്ചിരിക്കൊണ്ടു

"അതും ശരിയാ ജോൽസ്യരെ. തുടർന്നാളു." കേരളം പറഞ്ഞു.

"ലഗ്നത്തിന്റെ ഏഴാമടത്തു് പാപഗ്രഹങ്ങൾ ഒന്നിച്ചു് ഒളിച്ചുനില്ക്കുന്നു. ഇതിന്റെ ഫലം പ്രമാണവശാൽ— 'നാസാധോഃവഹാര രോമജടിലോ, വരാഹശ്ച ബോധശൂന്യഃ നാസാശ്രേ ശൂണ്ഡിംവസതുഃ ധിക്കാരശ്ച സ്വേച്ഛാധിപതിഭിഃ സർവാംഗേഷു തണ്ടും ഗ്രസിതും നാശായതേ' എന്നാണു്. ഭാവാർത്ഥം എന്തെന്നാൽ, മൂക്കിനടിയിൽ പന്നിക്കുഞ്ചിപോലെയുള്ളവനും, പന്നിയെപ്പോലെ വിവരമില്ലാത്തവനുമായ ഒരുത്തനും, മൂക്കിന്റററ്റത്തു് ശുണ്ഠിയെ വെച്ചോണ്ടിരിക്കുന്നവനും, ധിക്കാരിയും സ്വേച്ഛാധിപതിയും ആയ ഒരുത്തനും, തണ്ടിനാൽ സർവാംഗങ്ങളും വിഴുങ്ങപ്പെട്ടവനുമായ ഒരുത്തനും നാശത്തിനായിക്കൊണ്ടു് ഈ മന്ത്രിസഭയിൽ ഉൾപ്പെട്ടിട്ടുണ്ടു്. റാൻ." ജോത്സ്യൻ പറഞ്ഞു.

"എന്തു പറയാനാ ജോത്സ്യരെ. അത്തരം മൂന്നു ജന്തുക്കളെക്കൂടിയുൾപ്പെടുത്തിയാണു് ഈ മന്ത്രിസഭയുണ്ടാക്കിയതു്." കേരളം സങ്കടസ്വരത്തിൽ പറഞ്ഞു.

"റാൻ. പന്ത്രണ്ടാമിടത്തേക്കും ഭാഗ്യസ്ഥാനമായ ഒൻപതാമടത്തിലേക്കും ശുക്രന്റെ ദൃഷ്ടിയുണ്ടെങ്കിലും ഭാഗ്യസ്ഥാനാധിപനായ വ്യാഴവും, പ്രതാപസ്ഥാനാധിപനായ സൂര്യനും അസൂയയോടുകൂടി നോക്കുന്നു. ഇതിന്റെ ഫലം പ്രമാണവശാൽ— 'വാസേഗ്രഹേ ഗർഭഭിഃ ഖാദിപ്യേ‌യോ, കുടലേഷു സഹഗർഭഗ്രഹഃ ശത്രു. ക്ഷുദ്രജനോ തൃതീയഃ' ഗർഭത്തിൽ കിടക്കുമ്പോൾ മാതാവിന്റെ കുടലു ഗർഭപാത്രവും ഒന്നിച്ചു ഭക്ഷിക്കുന്നതിൽ സംതൃപ്തിയടയുന്ന ശിശുവിനെപ്പോലെയുള്ള മൂന്നുപേർ, ഈ മന്ത്രിസഭയെസംബന്ധിച്ചുണ്ടു്. റാൻ" ജോത്സ്യൻ പറഞ്ഞു.

"മൂന്നുപേരുണ്ടോ ജോൽസ്യരെ? കുഞ്ഞും, ജനാർദ്ദനനും, അങ്ങിനെ രണ്ടുപേരെ അറിയാം. ഓ— ഓ— ചാഴിക്കാടൻ എന്നൊരു: തിരുവാഴിത്താനും കിടക്കുന്നല്ലോ—പെമ്പിളയുടെ മാപ്പിളയാണെന്നും, കൊച്ചുങ്ങളുടെ അപ്പനാണെന്നും ഭാവിച്ചോണ്ടു്. ശരി— ശരി. മൂന്നുപേരും വെളിക്കുവന്നിട്ടുണ്ടു്. അപ്പോഴേ ജോൽസ്യരെ! ആരാ ക്ഷുദ്രംചെയ്തിരിക്കുന്നതു്? അതൊന്നറിയണമല്ലോ." കേരളം പറഞ്ഞു.

"പാവങ്ങളായ ചൊവ്വാദി ഗ്രഹങ്ങൾ ലഗ്നത്തിനു് അത്ര പ്രതികൂലമല്ലാതെ സ്ഥിതിചെയ്യുംവിധത്തിൽ നില്ക്കുന്നതുനോക്കുമ്പോൾ, സ്ഥിരമായി ശത്രുഭാവത്തിൽ നില്ക്കുന്നവരല്ലാ ക്ഷുദ്രംചെയ്തതെന്നുവരുന്നു. റാൻ." ജ്യോൽസ്യൻ പറഞ്ഞു.

"അപ്പോൾ കമ്മ്യൂണിസ്റ്റുകളല്ല ക്ഷുദ്രംചെയ്തതു് അല്ലേ. പിന്നെ ആരപ്പാ ഇതു ചെയ്തതു്." കേരളം അത്ഭുതഭാവത്തിൽ ചോദിച്ചു.

"റാൻ— ശത്രുക്കളല്ല ശാത്രുക്കളാകുന്നതും—" ജോൽസ്യൻ പറഞ്ഞു തുടങ്ങിയപ്പോൾ,

"അതല്ലേ. മിത്രഭാവത്തിൽ അരികേ വസിക്കുന്നവരാണു് ശത്രുക്കളാകുന്നതു്. അതറിയാം. എങ്കിലും ഇച്ചതി ചെയ്തവൻ ആരാണു്? ഇത്ര കറുത്ത വിഷജന്തുക്കളും കിടക്കുന്നോ?" കേരളം സ്വല്പം സ്വല്പം സ്വഗതമായിട്ടും അല്പം അല്ലാതെയും പറഞ്ഞു.

"എപ്പോഴും കൂടെനില്ക്കുന്നവരും നില്ക്കേണ്ടവരുമായ പുണ്യഗ്രഹങ്ങളായ ബുധശുക്രവ്യാഴന്മാർ പാപന്മാരോടു സംക്രമിച്ചു് അവരുടെ വലയത്തിൽപ്പെട്ടു നില്ക്കയാണു്. അങ്ങിനെ വന്നാൽ 'ഫലന്തേ, ക്രിമിരധിവസിതുഃ ഇതി, ഗഹ്വരേ ഹൃദയരഭഃ രാജയക്ഷ്മാണു വസതുഃ ഇതി, ഗോപ്യാൻ പതുങ്ങാൻ, ക്രൂരജന്തുഭിഃ സുഹൃത്ഭാവത് ബഭൂവരുഃ" എന്നാണു് പ്രമാണം. എന്നു പറഞ്ഞാൽ കായ്കളുടെ ഉള്ളിൽ ക്രിമികൾ ഇരിക്കുന്നതുപോലെയും, ഹൃദയത്തിൽ രാജയക്ഷ്മാവു് രോഗത്തിന്റെ അണുക്കൾ ഒതുങ്ങിക്കൂടിയിരിക്കുന്നതുപോലെയും സുഹൃത്തുക്കൾ എന്ന നാട്യത്തിൽ, ക്രൂരന്മാർ സ്നേഹസംഘത്തിൽ ഗോപ്യമായി പതുങ്ങിക്കിടക്കുന്നു, എന്നാണു് സാരം. റാൻ" ജോൽസ്യൻ പറഞ്ഞു.

"അങ്ങിനെ വരട്ടെ. അപ്പോൾ അവന്മാരാണു് ഈ ക്ഷുദ്രംചെയ്തതു്. അവർ ആരെല്ലാമെന്നു് ഒന്നു പറയാമോ.


— സ്വർണ്ണ-രത്നാഭരണങ്ങൾക്ക് —

# ഭീമാ & ബ്രദർ

H. O. ആലപ്പുഴ 2288

Br: കോട്ടയം 2518

ഞങ്ങളുടെ പുതിയ ഷോറൂമിന്റെ ഉത്ഘാടനംവരെ ഹെഡ്ഡ്ഓഫീസ് എതിർവശത്തുള്ള ശാരദാബിൽഡിംഗ്സിലേക്കുമാററിയിരിക്കുന്നു. ഷോറൂം ഉത്ഘാടനം പ്രതീക്ഷിക്കുക.

കഥാപ്രസംഗത്തിന്
കാഥികൻ—
**ശാസ്ത്രി K. C. പിള്ള**
മരുതമൺപള്ളി,
പൂയപ്പള്ളി P. O,
(Via) കൊട്ടാരക്കര.



പുതിയ കഥകൾ!
വിദഗ്ദ്ധമായ പശ്ചാത്തല
സംവിധാനം!

★

കേരളീയർക്കേററവും സുപരിചിതനും, ശാസ്ത്രി ഹയർ പരീക്ഷാ വിജയികളുടെ കണ്ണിലുണ്ണിയും, അഖില കേരള ശാസ്ത്രി ഹയർ അസോസിയേഷൻ പ്രസിഡൻറുമായ ശ്രീ. കെ ചെല്ലപ്പൻപിള്ളയുടെ "കഥാപ്രസംഗം" ഇതിനകംതന്നെ ജനസമ്മതിനേടിക്കഴിഞ്ഞു. നിങ്ങളുടെ പരിപാടി നേരത്തേതന്നെ ബുക്കുചെയ്യുക.

N. B. സ്കൂളുകൾക്ക് പ്രത്യേക സൗജന്യനിരക്കുകൾ.

# മാസവിശേഷങ്ങൾ

ആലപ്പുഴ— ഭരണകക്ഷിയായി ആരുതന്നെ അധികാരത്തിൽ വന്നാലും ആലപ്പുഴ ഡിസ്ട്രിക്ടിനെ സംബന്ധിച്ചിടത്തോളം ഉള്ള എല്ലാ കാര്യങ്ങളിലും വളരെ അവഹേളനനയങ്ങളാണ് സ്വീകരിച്ചിട്ടുള്ളതു്. കോൺഗ്രസ്സുകാർ, പി. എസ്സ്. പി. ക്കാർ, കമ്മ്യൂണിസ്റ്റുകാർ, ഇവരൊക്കെ ഇവിടെ ഭരിച്ചവരാണ്. ഇന്ന് ഐക്യകക്ഷി ഭരിക്കയുമാണ്. ഇവിടെ ആര് എന്തുചെയ്തു. ആരും ഒന്നും ചെയ്തിട്ടില്ല. ഒരു എക്സ് മന്ത്രി ടി. എ. അബ്ദുള്ളായുടെ ഭരണകാലത്താണ് നമ്മുടെ റെയിൽവേ പഞ്ചസാരച്ചാക്കുപോലെ കോട്ടയത്തു മാറിച്ചിട്ടതു്. അതിനുശേഷം വീണ്ടും വന്നു ആലപ്പുഴമന്ത്രി സഖാവു ടി.വി. തോമസ്സ്. എന്തു ചെയ്തു മന്ത്രിയായപ്പോൾ നാടും നഗരവും മറന്നുപോയി. അതും അങ്ങിനെ ഇങ്ങനെ കഴിഞ്ഞു. അടുത്തതായി വന്നു ആലപ്പുഴ എം. എൽ. എ നഫീസത്തുബീവി. ഡപ്യൂട്ടിസ്പീക്കർ എന്നുള്ള ബഹുമതിയും സമ്പാദിച്ചു. പക്ഷെ പ്രയോജനം എന്തു്, മെഡിക്കൽ കോളേജ് ആലപ്പുഴ ഡിസ്ട്രിക്ടിൽതന്നെ കിട്ടുമെന്ന് ജനങ്ങൾ വിശ്വസിച്ചു, ഇപ്പോൾ കേൾക്കുന്നതെന്താണ്. മെഡിക്കൽ കോളേജ് കോട്ടയത്താണെന്ന്! ആര് എന്തു പറഞ്ഞാലും ആലപ്പുഴ ആലപ്പുഴ എപ്പോഴും പറയുന്ന നഫീസത്തുബീവി ഇന്നലെ ഒന്നും പറഞ്ഞില്ല, ഇന്ന് ഒന്നും പറയുന്നുമില്ലാ. "പാവം". കഴിഞ്ഞകാര്യങ്ങൾ എല്ലാംതന്നെ മറന്നുപോയി. നമ്മുടെ എം. എൽ. എ. മാരാണെങ്കിൽ മെഡിക്കൽകോളേജിനുവേണ്ടി ശ്രമിച്ചിരുന്നില്ലാ ശബ്ദമുയർത്തിയിട്ടില്ലാ എന്നുള്ളതു് മറച്ചുവെയ്ക്കാത്ത ഒരു പരമാർത്ഥം മാത്രമാണ്. അപ്പോഴപ്പോൾ അധികാരത്തിൽവരുന്ന ഭരണകക്ഷികൾക്ക് ഈ ഡിസ്ട്രിക്ടിലുള്ള ആളുകൾ ബുദ്ധിജീവികളല്ലാ എന്നുള്ളൊരു തെറ്റിദ്ധാരണയുണ്ട്. എന്നാൽ ഇവിടത്തെ ജനങ്ങൾ ബുദ്ധിജീവികളല്ലെങ്കിൽ നഫീസത്തുബീവി ഒരു എം. എൽ. എ. ആകുകയുമില്ലാ. കമ്മ്യൂണിസ്റ്റുകോട്ടയെന്നു മുദ്രയടിച്ചിരുന്ന ആലപ്പുഴ പട്ടണത്തിൽ ഒരു ഐക്യകക്ഷി വിജയിക്കുക എന്നുള്ളതു് ആർക്കും ചിന്തിക്കാൻപോലും അവകാശമില്ലാത്തതാണ്. വിമോചനസമരത്തിനു ശേഷം സമരത്തിനു മുൻകൈയെടുത്തു പ്രവർത്തിച്ച ജനങ്ങൾതന്നെ പറഞ്ഞിട്ടുണ്ട് വേണ്ടിവന്നാൽ വീണ്ടും സമരംതന്നെ. ഇന്നത്തെ ഐക്യകക്ഷിഗവൺമെൻറും ജനനേതാക്കളും ഇപ്പോൾ ചിന്തിച്ചു മുന്നോട്ടുപോകുവാൻ ശ്രമിക്കുക.

സ്മഗ്ലിംഗു സാധനങ്ങൾ പിടിക്കുവാൻ ഇവിടെ ചില യോഗ്യന്മാർ നടക്കുന്നുണ്ട്: എൻെറ ഉദ്യോഗം ഇന്നതാണെന്നും, ഞാൻ ഇതിനുവേണ്ടി നടക്കുകയാണെന്നും സ്വയം പ്രഖ്യാപിച്ചുകൊണ്ടാണ് കേസ്സുകൾ പിടിക്കുവാൻ ഒരുങ്ങുന്നതെങ്കിൽ ഉദ്യോഗസ്ഥൻ സമർത്ഥ

---

ജോൽസ്യരെ." കേരളം ചോദിച്ചു.

"റാൻ— അനുവാദം തന്നാൽ പറയാമേ. പക്ഷെ അവന്മാർ എന്നെ ഹിംസിച്ചുകളയും. അതുണ്ടാവില്ലെന്ന് അവിടുന്നേൽക്കുന്നപക്ഷം പറയാമേ. റാൻ" ജോൽസ്യൻ പറഞ്ഞു.

"ധൈര്യമായിട്ടു പറയൂ താങ്കൾ. അവന്മാരു് ഒരു ചുക്കും ചെയ്യാൻപോകുന്നില്ലെന്ന് ഞാൻ ഉറപ്പുതരുന്നു." കേരളം ഉറപ്പുകൊടുത്തു.

ജോൽസ്യൻ ഏറെനേരമിരുന്ന് ചില കണക്കുകളെല്ലാം കൂട്ടി.

"റാൻ— ശങ്കരശ്ച ചാക്കോശ്ച പനമ്പള്ളീശ്ച ദാമോദരോശ്ച' ശങ്കരൻ, ചാക്കോ, പനമ്പള്ളി, ദാമോദരമേനോൻ, ഗോവിന്ദൻനായർ എന്നുതുടങ്ങി ചങ്ങലപോലെ നീണ്ടുനീണ്ടു കിടക്കയാ അക്കൂട്ടർ. റാൻ." ജോൽസ്യൻ പറഞ്ഞു.

"ഇതിനെന്താ ജോൽസ്യരെ! ഒരു പ്രതിവിധി?" കേരളം ചോദിച്ചു.

"റാൻ— 'ഏതൽക്കരെ, ഏവം ഭവത്, ചാവത്കരെ, തത്ഹനനം' എന്നാണ് പ്രമാണം. ഏതു കരമാണോ ഈ മന്ത്രിസഭയെ ഉണ്ടാക്കിയതു് ആ കരംതന്നെയാണ് ഈ ശ ഖണ്ഡിജീവിയെ നശിപ്പിക്കേണ്ടതും." ജോൽസ്യൻ പറഞ്ഞു.

"ജോൽസ്യരെ! എൻെറ ഈ കരമാണ് ഇവനെ പടച്ചുവെച്ചതെന്ന് ഇവൻെറ കൂട്ടരു പറയുന്നു. ആ നിലയ്ക്ക് എൻെറ ഈ കരംകൊണ്ടുതന്നെ വേണമല്ലോ ഇവനെ നശിപ്പിക്കേണ്ടതും." കേരളം കുണ്ഠിതസ്വരത്തിൽ പറഞ്ഞു.

"അവിടുന്നല്ലേ കേരളം. അങ്ങയുടെ കരങ്ങൾക്കുമാത്രമേ ഇതിനു പ്രതിവിധിചെയ്യാൻ ശക്തിയുള്ളൂ. അല്ലാതെ ഇതിന് മറ്റുവിധത്തിൽ പരിഹാരമുണ്ടാക്കാൻ നോക്കണ്ട. മീനത്തിൽ മേടത്തിലേക്ക് ഇവൻ കിടക്കയാണ്. മേടം സൂര്യൻെറ ഉച്ചകാലമാണ്. അതു കഴിഞ്ഞാൽപ്പിന്നെ അധഃപതനമാണ്. കൂടിയാൽ ഒൻപതുമാസംകൂടി ഇവൻ ജീവിച്ചിരുന്നേക്കും.

—o—

ർതന്നെയെന്നു് തൽക്കാലം പറയുന്നുള്ളു.

കളർകോടു്— കൈതവന ജയ്ഹിന്ദ് ലൈബ്രറി & റീഡിംഗ്റൂമിന്റെ മന്ദിരോൽഘാടനവും, 9-ാമതു വാർഷികവും 61 മാർച്ച് 19-ാംനു ഞായറാഴ്ച ആഡംബരപൂർവം കൊണ്ടാടി, പഴയവീട്ടു ശ്രീ ഭഗവതിക്ഷേത്രത്തിലെ ഭരണി മഹോൽസവം രേവതി, അശ്വതി, ഭരണി എന്നീ ദിവസങ്ങളിൽ വിവിധ പരിപാടികളോടുകൂടി നടന്നു.

എരുമേലി എസ്റ്റേററ്— ചില യുവതികൾ പ്രണയലേഖനങ്ങളും ചില ഊമക്കത്തുകളുമെഴുതി അന്തസ്സും അഭിമാനവുമായി കഴിയുന്ന ചില ഏജൻറന്മാരെയും ചില കച്ചവടക്കാരെയും അവഹേളിക്കുവാനായി ശ്രമിച്ചതിന്റെ ഫലമായി കൊല്ലമുളയിലെ മറിയാമ്മ എന്നൊരു യുവതിയേയും, തുമരപ്പാറയിൽ ഒരു അദ്ധ്യാപികയേയുംകൊണ്ടു് നാട്ടുകാർ പിടിച്ചു ക്ഷമ പറയിച്ചതു് ആരും അറിഞ്ഞില്ല.

വെള്ളാരംകുന്നു്— പള്ളിക്കുസമീപമുള്ള പുതിയ കെട്ടിടത്തിൽ ഒരു ബുക്കുസ്റ്റാൾ തുറന്നിരിക്കുന്നു. സരസൻ ആവശ്യക്കാർക്കു് ബുക്ക്സ്റ്റാളിൽനിന്നും കിട്ടുന്നതാണു്.

കടമ്പനാട്ടു്— K. P. P. യിലെ ചില അന്തർനാടകങ്ങൾ അടുത്തതിൽ. ഫാഷനിൽ പല ദോഷതപങ്ങളും നടക്കുന്നു. വക്കീൽ ശ്രദ്ധിക്കണം.

ചെറുകുളഞ്ഞി—വലിയകുളം— സ്ഥലത്തെ ഡാക്ടർ കെ. കെ രാമകൃഷ്ണന്റെ ഹോമിയോ ഡിസ്പൻസറി അഭിവൃദ്ധിയിൽ. ബീഡിതെറുപ്പുകാരൻ ദാമോദരന്റെ ഭാഗവതപാരായണവും മററും സരസൻ അറിഞ്ഞു. വിശദവിവരം അടുത്തതിൽ.

മുണ്ടക്കയം ഈസ്റ്റ്— സ്ഥലത്തും പരിസരപ്രദേശത്തും ചില മോഷണങ്ങൾ വർദ്ധിച്ചുവരുന്നു. സ്ഥലം പോലീസിന്റെ ദൃഷ്ടി ഈ ഭാഗത്തേക്കുകൂടി തിരിയണമെന്നു് അപേക്ഷിക്കുന്നു.

മുണ്ടക്കയം— കണ്ടൻ ഫോർമാന്റെ മാമാ ഉദ്യോഗവും പാററായുടെ ഏജൻറപണിയും നാട്ടുകാരുടെയിടയിൽ സംസാരവിഷയം. പാറപ്പടിക്കാരുടെ പേരുവിവരവും മററും മററുവിശദവിവരവും അടുത്തതിൽ

കുടശനാട്ടു്— വട്ടിളകി നടക്കുന്ന "സിപ്പി" നീലസാലി ആസ്വദിച്ചിട്ടും മററു പലതും നടത്തിയിട്ടും നിന്റെ മദമിളകിയ പ്രേമം ശമിച്ചില്ലേ? അടുത്തതിലും കാണാനിടയാക്കരുതു് കേട്ടോ?

പിറവം— 41 കൊല്ലം പഴക്കമുള്ളതും ഹെൽത്തുയൂണിററായി ഉയർത്തിയതുമായ പിറവം ആസ്പത്രിക്കു് വാർഡുകൾ പണിയുന്നതിനു് അനേകം പ്രാവശ്യം ഗവമ്മെൻറിന്റെ അടുത്തു് നിവേദനം നടത്തിയിട്ടുള്ളതും മുൻ മെഡിക്കൽമന്ത്രി ശ്രീ. എ. എ. റഹീമിനു് പിറവം നിവാസികൾ കക്ഷിഭേദമെന്യേ സമുചിതമായ ഒരു സ്വീകരണം നൽകിയപ്പോൾ പിറവം ആസ്പത്രിയുടെ വികസനക്കാര്യം വളരെക്കാര്യമായി പരിഗണിക്കാമെന്നു മന്ത്രി പറഞ്ഞുപോയിട്ടും ആസ്പത്രിവികസനം ഇന്നുവരെ നടന്നിട്ടില്ലാ. എന്നാൽ 1960 ഏപ്രിലിൽമന്ത്രി ശ്രീ. വി. കെ. വേലപ്പനും പിറവം നിവാസികൾ കക്ഷിഭേദമെന്യേ വലിയൊരു സ്വീകരണം കൊടുത്തപ്പോൾ പിറവം ആസ്പത്രിയുടെ കാര്യത്തിൽ മുൻമന്ത്രി റഹീം ചെയ്ത തെററു് താനാവർത്തിക്കയില്ലെന്നു് സ്ഥലം എം. എൽ. എ. യും മന്ത്രിയുമായ ശ്രീ. ഇ. പി. പൗലൂസും ഇരിക്കത്തന്നെ അയൽനാട്ടുകാരനുംകൂടിയായ മന്ത്രി ശ്രീ. വേലപ്പൻ പറഞ്ഞ വാക്കു് ഇനിയെങ്കിലും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

അമ്പലപ്പുഴ— പുറക്കാട്ടുകമ്പോളത്തു് കടപ്പുറത്തിരുന്നു നടത്തിവരുന്ന പണംവച്ചുള്ള ചൂതുകളി നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരുന്നതിനാൽ അമ്പലപ്പുഴ പോലീസിന്റെ ശ്രദ്ധ പതിഞ്ഞു കാണാൻ ആഗ്രഹിക്കുന്നു.

തൃച്ചാററുകുളം— പെരുമ്പളം കവലയ്ക്കു സമീപമുള്ള ഒരു സങ്കേതത്തിൽ പതിവായി പണംവച്ചുള്ള ചീട്ടുകളി (മലത്തു്) നടത്തിവരുന്നു. അധികാരികൾ ഗൗനിക്കാത്തപക്ഷം പല അനിഷ്ടസംഭവത്തിനും ഇടയുണ്ടു്.

പാണാവള്ളി— പുരാതനകാലംമുതൽ വളരെ വിശ്വസ്തയോടെ ആരാധിച്ചുപോരുന്ന തളിയാപറമ്പു് ദേവീക്ഷേത്രത്തിലെ ഉൽസവം അലങ്കോലപ്പെടുത്താൻ ചില ചങ്ങനാശേരി പി. കെ. പാണാവള്ളിക്കൂട്ടർ കാണിക്കുന്ന വേലത്തുകളും സരസൻ അറിയുന്നു.

പൂച്ചാക്കൽ— മാർക്കററിനു സമീപം ചില പൂവാലന്മാരുടെ ശല്യംനിമിത്തം സ്ത്രീകൾക്കു മാർക്കററിൽ പോകാൻ നിവൃത്തിയില്ലാതായിത്തീർന്നിരിക്കുന്നു. അധികാരികൾ ശ്രദ്ധിക്കണം.

മാക്കേക്കടവു്— സരസൻ ചക്കാത്തുവായനക്കാരുടെ പേരുവിവരം അടുത്തതിൽ മുതലാളിയുടെ തൊഴിലാളിപ്രണയം സഖാവിന്റെ കത്തിയിരുപ്പു് കൂട്ടം മുതലായതു് അടുത്തതിൽ.

തൈക്കാട്ടുശേരി— മി. ഗോപാലൻനായരുടെ അശ്ലീലഭാഷ ഈ വയസ്സുകാലത്തെങ്കിലും നിർത്തുന്നതു് നന്നായിരിക്കും.

പള്ളിച്ചന്ത— ചില ചന്തക്കുട്ടന്മാരും കുട്ടികളും സരസനെ കാണുമ്പോൾ കൊഞ്ഞനം കുത്തുന്നതും ചായക്കടവിമർശനവും ഒളിച്ചുകളിയും സരസൻ അറിയുന്നു പല്ലിടകുത്തി മണക്കരുതേ!

അത്രുക്കററി— മാമ്മുവന്റെ പല ചരക്കുകടയിൽനിന്നും സരസൻ മോഷ്ടിക്കുന്നവർ കടലാസെങ്കിലും തിരിയെ




★ കഥാപ്രസംഗത്തിനു് ★

തിരുവാമ്പാടി സഹോദരികൾ.

[മാലതി — മായ]

കഥകൾ— ഭക്തമീര, ശാകുന്തളം, രാമരാജ്യം മുതലായവ.

പിന്നണി:
ഭാഗവതർ ഷണ്മുഖംപിള്ള & പാർട്ടി.

Booking Apply to:
വി. എം. പരമേശ്വരപ്പണിക്കർ,
വെളിംപറമ്പു്, തിരുവാമ്പാടി—ആലപ്പുഴ.

കൊടുക്കണെ മാത്താനം ഭഗവതിക്ഷേത്രത്തിലെ ഉൽസവം ഭംഗിയായി നടന്നു. പ്ളാററ്ഫാറം കെട്ടലും കൊടിയേററ മാററിവയ്ക്കലും പോലീസ് കേസും മററും അടുത്തതിൽ.

കുത്തിയതോട്— സരസൻ ചക്കാത്തുവായനക്കാരുടെ എണ്ണം വർദ്ധിച്ചുവരുന്നു. ശരിയായ കണക്ക് അടുത്തതിൽ. ജൗളിക്കടമുതലാളിയുടെ മുഖവട്ടു കാട്ടി കച്ചറ കൊടുക്കുന്നതു് സരസൻ അറിയുന്നു.

കോതനല്ലൂർ— കുറുപ്പന്തറയിൽ ഒരു വിരുതൻ വേലുവിനോട്: പത്രം മാസിക ഇവകളുടെ പണം ആവശ്യപ്പെട്ടാൽ ഒഴിഞ്ഞുമാറുന്നതു് അത്രനല്ലതല്ല. ആളിന്റെ പേരു് അടുത്തതിൽ. സരസൻ ചക്കാത്തുവായനക്കാർ തുടരുന്നു. ഒററപ്രതി കോതനല്ലൂർ ജനയുഗം ഏജൻറിന്റെപക്കൽനിന്നു കിട്ടുന്നതാണ്.

മരുതമൺപള്ളി— മരുതമൺപള്ളി ശ്രീ ഭഗവതിക്ഷേത്രത്തിലെ ഈ വർഷത്തെ ഉൽസവം പൂർവാധികം ഭംഗിയായി നടന്നിരിക്കുന്നു.

ചങ്ങംകരി— മൈലക്കോട്ട സിസ്റ്റേഴ്സിന്റെയും പന്തളം പി. കെ. യുടേയും കലാപരിപാടികൾ സദസ്യർക്ക് ഒരു കലാവിരുന്നുതന്നെയായിരുന്നു. ഹെഡ്മാസ്റ്റർക്കും ശേഷം ബന്ധപ്പെട്ടവർക്കും സരസന്റെ അഭിനന്ദനങ്ങൾ. സരസൻ ചക്കാത്തുവായനക്കാരുടെ പേരുവിവരം അടുത്തതിൽ.

മദ്രാസ്— കഴിഞ്ഞലക്കം മാസികയിൽ ചക്കാത്തുവായനക്കാരെപ്പററി വന്ന വാർത്തയുടെ പ്രത്യാഘാതമെന്നവണ്ണം ചിലർ "ഇതാ നാലണ തന്നാണ് സരസൻ വാങ്ങിക്കുന്നതു്, ഓമ്മവേണം" എന്നു് കടക്കാർക്ക് താക്കീതുകൊടുത്തവരുമുണ്ടു്. സരസൻ വിതരണം നടത്തുന്ന പ്രധാന കടക്കാരുടെ പേരുവിവരം പ്രസിദ്ധീകരിക്കുകയല്ലാതെ, എല്ലാ കടക്കാരുടെയും പേരുവിവരം ഒരു ലക്കത്തിൽ പ്രസിദ്ധീകരിക്കുക വിഷമമാണ്. 15 കോപ്പിക്കുമേൽ വിതരണം ചെയ്യുന്നപക്ഷം ഇനി ഒരു സന്ദർഭത്തിൽ മററു കടകളുടെ പേരുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

വെച്ചൂച്ചിറ— നാട്ടിലെ കുറെ സരസന്മാരുടെ നടപടികൾ വളരെ മോശമാണേ. സൂക്ഷിച്ചില്ലെങ്കിൽ സരസൻ കള്ളികൾ വെളിച്ചത്തുകൊണ്ടുവരും. കുത്താട്ടുകുളംമുക്കിനും ചില കോമാളിത്തരങ്ങൾ നടക്കുന്നതായി സരസൻ അറിയുന്നുണ്ടു്.

ഇക്കത്തുമ്മ— കണ്ണംകുളം കടത്തുവള്ളത്തിലെ കടത്തുകാരൻ രാത്രിയിൽ വരുന്ന യാത്രക്കാരെ അശ്ലീലംപറയുന്നതു് നല്ലതല്ല. നാട്ടുകാരുടെ കൈകൾ ചീത്തയാക്കല്ലെ. അൽപ്പംകൂടി മര്യാദകാണിച്ചില്ലെങ്കിൽ അനുഭവം പഴയതു്.

ചേർത്തല— പരസ്പരമുള്ള വൈരാഗ്യങ്ങൾ പത്രപ്രതിനിധികളെ സമീപിച്ചു് തീർക്കുക എന്നുള്ള നയം നാട്ടുകാർ ഉപേക്ഷിക്കേണ്ടതാണ്. സ്ഥലത്തെ മുൻസിഫ് സത്യസന്ധനും സമാധാനപ്രേമിയുമാണ്. എന്നാൽ കീഴുദ്യോഗസ്ഥന്മാരുടെ അധികാരമത്സരങ്ങൾ കുഴപ്പങ്ങൾക്കു വഴിതെളിച്ചുവരുന്നതായി അറിയുന്നു.

അത്തുങ്കൽ— മദ്യപാനികളുടെയും ചൂതുകളിക്കാരുടെയും ജനസംഖ്യ ഇവിടെ കൂടുതലാണ്. പോലീസിന്റെ ശ്രദ്ധയെ ആകർഷിക്കുന്നു.

പെണ്ടണ്ട— പൂച്ചാക്കൽ തെക്കേകരയിലുള്ള ഒരു സ്റ്റേഷനറിവ്യാപാരിയുടെ പുതിയശമ്പളക്കാരനെ നിയമനവും മുതലാളിയുടെ വടക്കൻസർക്കീട്ടും കൊള്ളാം. കൊച്ചനുജൻമുതലാളിയുടെയും ശമ്പളക്കാരന്റെയും സാമിൽ വക്കും, വട്ടതല പള്ളിയിലെ കൊടികുത്തും, അനുജൻമുതലാളിയുടെ റേഷൻകടപ്പോക്കും, ശമ്പളക്കാരനുമായുള്ള പരിപാടികളും നല്ലതിനാണു്.

കണിച്ചുകുളങ്ങര— മാർച്ച് പതിമൂന്നാംതീയതി രാത്രി കുത്തിയതോട് P. C., പരമേശ്വരൻ എന്നയാൾ ഡ്രൈവർ എം. കെ. ജയനെ അകാരണമായി മർദ്ദിച്ചു് അവശനാക്കി എന്നറിയുന്നു.

പാതിരപ്പള്ളി— ചെട്ടികാട് 2336-ാംനമ്പർ സഹകരണസംഘത്തിന്റെ കഴിഞ്ഞ വാർഷികയോഗത്തിൽ ഉണ്ടായ കുഴപ്പങ്ങൾക്ക് പ്രസ്താവനകളും എതിർ പ്രസ്താവനകളും പുറത്തുവന്നിട്ടുള്ളതായി അറിയുന്നു. കമ്മിററിക്കാർ ചിലരുടെ കാര്യത്തിൽമാത്രം മുൻഗണന നോക്കാതെ കക്ഷിതാൽപ്പര്യംനോക്കി കാര്യങ്ങൾ സാധിച്ചുകൊടുക്കുന്നു എന്നുള്ള പരാതിയുണ്ടു്, കമ്മിററിയിൽത്തന്നെ ഭിന്നിപ്പുണ്ടാകാതെ ശ്രമിക്കണം എന്നുമാത്രം തൽക്കാലം.

കായംകുളം— പോലീസ് സക്കിൾ ഇൻസ്പെക്ടറും പാർട്ടിയുംചേർന്നു്' ക്ഷേത്രം മുതൽ നാൽപ്പതിൽപ്പുറം മോഷണം നടത്തിയിട്ടുള്ള ശ്രീധരൻപിള്ളയേയും പാർട്ടിയേയും കസ്റ്റഡിയിലാക്കിയിരിക്കുന്നു. ഗവ: ആശുപത്രിയുടെ പരിസരങ്ങളിൽ ചെല്ലുന്നവർ അയ്യോ! പകർച്ചവ്യാധി എന്നു ശബ്ദമുയർത്തുന്നു. അതും ഒരു നഗരശുചീകരണമാണ്.

മാവേലിക്കര— സ്ഥലത്തെ നഗരസഭകൊണ്ടു് പ്രയോജനം ജനങ്ങൾക്കല്ലാ, ചില ഉദ്യോഗസ്ഥന്മാർക്കുമാത്രമാണെന്നാണു് അറിയുന്നതു്.


സുപ്രസിദ്ധ കാഥിക

**M. S. ചന്ദ്രവല്ലി**

കളർകോട്,

ആലപ്പുഴ—കേരളാ.



മീനമാസത്തെ പരിപാടികൾ—

1. പുത്തൻചിറ
2. പള്ളിപ്പുറം
3 രാമപുരം
5. വേഴപ്ര
6. ക്ലാപ്പന
7. ഞാറയ്ക്കൽ
8. മഹാദേവികാട്
9. ഉളനാട്
11. അകത്തുമുറി
12. പുതുപ്പള്ളി
13. തിരുവട്ടാർ
14. ആലപ്പാട്ടുറ
17. കണ്ണൂർ
18. കൊയിലാണ്ടി
19. കിളിമാനൂർ
20. റാന്നി-പെരുനാട്

വിവരങ്ങൾക്ക—

**വേണുജി,**

**കളർകോട്, ആലപ്പുഴ.**

പുളിക്കീഴ്— ഒരു കയറെട്ടപ്പുമുതലാളിയുടെ ഭീഷണിയും തട്ടിപ്പും നാട്ടുകാരോടുതന്നെ തുടർന്നുകൊണ്ടുപോകുന്നതു് നല്ലതിനായിരിക്കുമോ.

ശാസ്താംകോട്ട— സ്ഥലത്തു സ്ഥാപിച്ചിട്ടുള്ള N. E. S ബ്ളോക്കു്, ബ്ളോക്കു് ഉദ്യോഗസ്ഥന്മാരുടെ സുഖവാസകേന്ദ്രമാണെന്നും, ബ്ളോക്കിൻെറ പ്രവർത്തനം നാട്ടുകാർക്കു് തൃപ്തികരമല്ലെന്നും അറിയുന്നു.

പുതിയകാവു്— സ്ഥലത്തെ R.V. M S-ം സ്ഥാപകാംഗങ്ങളുംചേൎന്നു് ഭഗവതിക്ഷേത്രത്തിലെ എട്ടാം ഉത്സവം മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് വിവിധ കലാപരിപാടികളോടുകൂടി നടത്തപ്പെട്ടു.

പൊന്നാംവെളി— സ്ഥലത്തെ ആയുൎവ്വേദാശുപത്രിയിലെ വൈദ്യനെ സമീപിക്കുന്ന രോഗികൾ, പേരും വയസ്സും മാത്രം പറഞ്ഞാൽ രോഗം കണ്ടുപിടിക്കുവാനുള്ള കഴിവു് വൈദ്യനുണ്ടെന്നു് ജനശബ്ദം.

---

# കഥികൻ

# ചങ്ങങ്കരി തങ്കപ്പൻ



പട്ടിണിപ്പാവങ്ങൾ (സെൻറു് മാർട്ടിൻ), മായാത്ത മാരിവില്ലു് തുടങ്ങിയ സ്വന്തം കൃതികൾക്കു പുറമെ, റാണി, ഭാരതസ്ത്രീകൾതൻ ഭാവശുദ്ധി തുടങ്ങി 20-ൽപരം കഥകൾ

**വിദഗ്ദ്ധ പശ്ചാത്തലം**

ബുക്കിംഗിനു്—

മാനേജർ, ഉദയാ ലോഡ്ജ്

അതിരമ്പുഴ P. O

ബുക്കിംഗിനു് ഏപ്രിൽ മാസത്തിൽ 14 ദിവസംമാത്രം.

---

ചീന്തലാർ— ചീന്തലാർ U. P. S-ൽനിന്നും, ചീന്തലാറിൻെറ ചരിത്രത്തിലാദ്യമായി ഒരു ബാച്ചു് ഒതഡ്ഫോറംകാർ പുറത്തുവരാറായിരിക്കുന്നു. ചീന്തലാററിൽ ഒരു L.P.S. പോലും ഇല്ലാതിരുന്നപ്പോൾ ഒരു ടീച്ചറുടെ കീഴിൽ താൽക്കാലികമായി വെച്ചുകെട്ടിയ ഷെഡ്ഡിൽ ആരംഭിച്ചു്, ഇന്നു് പത്തോളം അദ്ധ്യാപകന്മാരും മുന്നൂറോളം കുട്ടികളും അടങ്ങിയ ഒരു സ്ഥാപനമായി U.P.S. മാറിയിരിക്കുകയാണു്.

വടശ്ശേരിക്കര— കെ. എം. എസ്സ്. ലഘുനിക്ഷേപപദ്ധതി ഈ സ്ഥലത്തു് സാധാരണക്കാരനു് അനുഗ്രഹമായിരിക്കും. കുടിശിഖക്കാർ കുടിശിഖതീൎത്തു് ഏജൻറിനെ സഹായിക്കണം.

ബ്രഹ്മമംഗലം— സരസൻ തിരക്കി നടന്നു് നിരാശരാകാതെ സി. പി. ഷണ്മുഖൻെറയും, പി. ജെ. ചെറിയാൻെറയും കടകളിൽനിന്നും വാങ്ങിക്കുക.

കല്ലൂർ— പടിഞ്ഞാറെക്കുളത്തിൻെറ റോഡിൽ പണിയും പണിമുടക്കും. കുഞ്ഞിൻെറയും പാപ്പച്ചൻെറയും പറമ്പയിലും പരിസരത്തുമുള്ള കയിൽവേട്ടയും നിറുത്തിയാൽ കൊള്ളാം.

കരുനാഗപ്പള്ളി— ഹെൽത്തുസെൻററിലെ ചില മുൻകോപമുള്ള താഴ്ന്ന ജീവനക്കാരെ ഉൾമ്പാറക്കോ, ആളില്ലാത്ത മററു സ്ഥലങ്ങളിലേക്കോ അയച്ചില്ലെങ്കിൽ അവിടെ മരുന്നുവാങ്ങിക്കാൻ വരുന്ന രോഗികൾക്കു് മരുന്നിനുപകരം ആഭാസരീതിയിലുള്ള ചില കൊട്ടംവാക്കുകളാണു് കിട്ടുന്നതു്. ഈ രീതി മാററിയില്ലെങ്കിൽ സരസൻ കാൎയ്യങ്ങളെല്ലാം തുറന്നു പറയുമേ. എ. ഇ. ഓ. ആഫീസിൽ ചിലയാളുകൾക്കു് പ്രവേശനമുണ്ടെന്നും, ചിലയാളുകൾക്കു് പ്രവേശനം നിരോധിക്കുന്നതും എന്തിനാണു സാറേ!

കൽത്തൊട്ടി— വള്ളക്കടവിലേക്കു് ഒരു എത്തിനോട്ടം. പാവപ്പെട്ട ന്യൂസ് ഏജൻറിൻെറ വായിൽ മണ്ണിടുകയല്ലേ വാദ്ധ്യാരെ! പേപ്പറിൻെറ വരിസംഖ്യ കൊടുക്കാത്ത വിവരവും, ചോദിച്ചാൽ പറയുന്ന ഭീഷണിയും സരസനറിഞ്ഞു. പാക്കാത്തുവായന ഉടൻ നിറുത്തണെ!

പാലമററം— ഇവിടെ എവിടെ നോക്കിയാലും ആശാന്മാരുടെ ബഹളമാണു്. ആരാണു് ആശാൻ എന്നുള്ള കാൎയ്യത്തിൽ ഇവർ പരസ്പരംമത്സരിക്കുന്നു. അതിൽ ചില ആശാത്തികളും പങ്കെടുക്കുന്നു. പേരുവിവരം അടുത്തതിൽ.

ചവറ സൗത്തു്— പി. ഡി. പനസ്സുത്തോടിൽ ഭഗവതിക്ഷേത്രത്തിലെ ധ്വജപ്രതിഷ്ഠ ധാരാളം ഭക്തജനങ്ങളുടെ സാന്നിദ്ധ്യത്തിൽ സമംഗളം നടന്നിരിക്കുന്നു. സ്ഥലത്തെ ചില രാഷ്ട്രീയകലാകാരന്മാരാണു് വാററുകലാകാരന്മാരാകുന്നതു്. സ്വന്തം പാർട്ടിക്കു യോജിച്ചതാണോ എന്നു ചില അസൂയക്കാർ ചോദിക്കുന്നു.

അഞ്ചേരി— പള്ളം എൻ. ഇ. എസ്സ്. ബ്ളോക്കിലെ പരിയാരം ഗ്രാമസേവകനെ കണ്ടവരുണ്ടോ എന്നു നാട്ടുകാർ അന്വേഷിച്ചുവരുന്നതായി അറിയുന്നു. മററു വിവരങ്ങൾ അടുത്തതിൽ.

വാരാപ്പുഴ— കാററക്കാട്ടു് ഭഗവതിക്ഷേത്രത്തിലെ പടയണിമഹോത്സവം ഏപ്രിൽ 25-ാംനു- കൊടിയേറി വിവിധപരിപാടികളോടുകൂടി മാർച്ചു് 5-ാം തീയതി അവസാനിച്ചിരിക്കുന്നു.

തിടനാട്ട്— തിടനാട്ടു് പാലത്തിൻെറ അപകടാവസ്ഥയെ മനസ്സിലാക്കി P.W.D-യിൽനിന്നും അപകടംത്ത സൂചിപ്പിക്കുന്ന ബോർഡു് പാലത്തിൻെറ ഇരുകരകളിലും സ്ഥാപിച്ചിട്ടുണ്ടു്. എന്നാൽ വാഹനങ്ങൾ ഒന്നുംതന്നെ ഭാരം ഇറക്കി പോകുന്നില്ല. അധികാരികൾ ശ്രദ്ധിക്കണം.

മൂവാററുപുഴ— വാഴപ്പിള്ളി, അമ്പുനിലം പരിസരങ്ങളിൽ രാത്രിയിലും പകലും പണംവച്ചുള്ള ചീട്ടുകളി അധികാരികൾ ശ്രദ്ധിച്ചാൽക്കൊള്ളാം. N. S. S. സ്കൂൾ റോഡിൻെറ ശോചനീയാവസ്ഥ മുനിസിപ്പാലിററി മറക്കരുതേ. ഹെൽത്തു് രവിയുടെ രാവിലെയുള്ള ശൃംഗാരക്കളിയും മററും സരസനറിയുന്നു.

....0....


# ശ്രീ ഭഗവതിവിലാസം

## ബോർഡിംഗ് & ലോഡ്ജിംഗ്

പ്രൈവററ് ബസ്സ്സ്റ്റാൻഡ്,

**കായംകുളം.**

# ശാസ്ത്രീയമായ പ്രസവരക്ഷ!

## അമ്മമാരിൽ ആരോഗ്യവും സൗന്ദര്യവും വർദ്ധിപ്പിക്കുന്നു.




പ്രസവംകഴിഞ്ഞാൽ അടുത്ത ദിവസംമുതൽ "പ്രസൂതികാമൃതം" കാലത്തും വൈകുന്നേരവും ആഹാരത്തിനുമുമ്പു് സേവിക്കുക. ഇങ്ങനെ 12 ദിവസം കഴിഞ്ഞാൽ "ധാന്വന്തരം കഷായം" അര ഔ: തിളപ്പിച്ചാറിയ വെള്ളം 1 ഔ: ചേർത്തു് കാലത്തും വൈകുന്നേരം 5 മണിക്കും ഉപയോഗിക്കുക. ഉച്ചയ്ക്കു് ആഹാരത്തിനു ശേഷവും, അത്താഴത്തിനു ശേഷവും "ദശമൂലാരിഷ്ടം" ഒരൗൺസുവീതം സേവിക്കുക. തേച്ചുകുളിക്കുവാൻ, നീരിളക്കക്കാരെങ്കിൽ "നിർഗ്ഗുണ്ഡിതൈലം" മുടികൊഴിച്ചിൽ ഉള്ളവരെങ്കിൽ സ്പെഷ്യൽ "നീലിഭൃംഗാദി തൈലമോ" ദേഹത്തു് "സ്കിൻടോൺ" കുഴമ്പും തേയ്ക്കുക. ഇപ്രകാരം 24 ദിവസം കഴിഞ്ഞാൽ "മൃഗമദാദി രസായനം" ഒരു മാസം തുടർച്ചയായി കാലത്തും വൈകുന്നേരവും ഒരു ക. തൂക്കം മുതൽ രണ്ടു ക. തൂക്കംവരെ സേവിക്കുക.

ഈ ശാസ്ത്രീയമായ പ്രസവരക്ഷാക്രമം അനുഷ്ഠിക്കുവാൻ ഓരോ അമ്മമാരും ശ്രദ്ധയുള്ളവരായിരിക്കുക.

ഔഷധങ്ങൾ താഴെപ്പറയുന്ന സ്ഥലങ്ങളിൽ കിട്ടും.

വി. പി. ഏർപ്പാടു് ഹെഡ്ഡാഫീസിൽമാത്രം—കൂടുതൽ വിവരം ഔഷധസഹിതം.

## S. D. ഫാർമസി, H. O. ആലപ്പുഴ. Phone No. 586 (P. Box. 61)

ബ്രാഞ്ചുകൾ— തിരുവനന്തപുരം, ചേർത്തല, അമ്പലപ്പുഴ, കത്തിയതോടു്, എടത്വാ, പാലാ, തൊടുപുഴ, കൊച്ചി (തോപ്പുംപടി), തൃശ്ശൂർ, ചങ്ങനാശ്ശേരി, മട്ടാഞ്ചേരി; എറണാകുളം (With Nursing home) ഈരാറ്റുപേട്ട, മുണ്ടക്കയം.

## S. D. ഫാർമസീസ്– ★ സ്ഖലനനിവാരണി ★

യുവലോകത്തിനു് അനുഗ്രഹീതമായ സിദ്ധൗഷധം.

രൂക്ഷമായ ആഹാരങ്ങൾ കഴിക്കുന്നതുകൊണ്ടോ, ദുശ്ശീലങ്ങൾക്കു് ചെറുപ്പത്തിൽ വശംവദനാകുന്നതുകൊണ്ടോ, കൃത്യസമയങ്ങളിൽ ആഹാരം ഉപയോഗിക്കാതെ ശരീരം ചൂടാകാൻ ഇടയാകുന്നതുകൊണ്ടോ, എന്നല്ല ഇതുപോലെയുള്ള മററു പലവിധ കാരണങ്ങളാൽ മൂത്രത്തിനു മുമ്പോ, പിമ്പോ. ഉറക്കത്തിൽ അറിഞ്ഞോ അറിയാതെയോ സ്വപ്നം കണ്ടോ ഉണ്ടാകുന്ന സ്ഖലനരോഗങ്ങളെ വളരെവേഗം ശമിപ്പിക്കുവാൻ ഞങ്ങളുടെ സ്ഖലനിവാരണി അതിപ്രശസ്തമാണു്. ഈ സിദ്ധൗഷധം പരസഹസ്രം ആളുകൾ ഉപയോഗിച്ചു് രോഗശാന്തി വരുത്തിയിട്ടുണ്ടു്.

രണ്ടാഴ്ച സേവിയ്ക്കുന്നതിനുള്ള ഡപ്പി 1 ക്കു് 5—50. V. P. ചാർജ്ജു് 1—19. S. T. പുറമെ.


Edited, Printed & Published by R. Madhavan Pillai at the Sarasan Press, Changanacherry.

# പൊതുജനസമക്ഷം



പതിനേഴുവർഷക്കാലത്തെ പ്രശസ്തസേവനം കൊണ്ടു് ലോകപ്രശസ്തിയും, അനുഭവസ്ഥരുടെ സംതൃപ്തിയിൽനിന്നും ഉളവായിട്ടുള്ള ആശംസാപൂർവ്വമായ അനേകം സാക്ഷിപത്രങ്ങളും, ആർജ്ജിച്ചിട്ടുള്ള വിജയാഫാർമസി വക സിദ്ധൗഷധങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന മൂന്നു സിദ്ധൗഷധങ്ങളെ സംബന്ധിച്ചുള്ള സാമാന്യ വിവരങ്ങൾ പൊതുജനസമക്ഷം സമർപ്പിക്കുന്നു.

## 1 ശശാങ്ക

ഇതു് സാധാരണ സ്ത്രീപുരുഷന്മാരുടെയിടയിൽ [illegible] [illegible]

24 ഗുളികകൾ അടങ്ങിയ പാക്കറ്റിനു് വില രൂ. 3. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 2 ധാതുകൽപ്പ

ഇതു് ധാതുക്ഷയം [illegible] [illegible]

റാത്തൽ ഒന്നിനു് 6 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

## 3 ജാതീകുസുമാദി

ഇതു് അർശ്ശോരോഗികൾക്കു് [illegible] [illegible]

റാത്തൽ ഒന്നിനു് 5 രൂപാ മാത്രം. പാക്കിംഗ് പോസ്റ്റേജ് പ്രത്യേകം.

നിർമ്മാതാക്കൾ:-

## വിജയാ ഫാർമസി

മാവേലിക്കര, കേരളം.

N. B. [illegible] വിജയാ ഫാർമസി, മാവേലിക്കര [illegible]

**വിജയാ ഫാർമസിയിൽ വരുന്നവർ തട്ടാരമ്പലം ബസ്സ്സ്റ്റാൻഡിൽ ഇറങ്ങുക.**

കാറ്റലോഗിനു് 25 നയാപൈസ സ്റ്റാമ്പയയ്ക്കുക.


Cover Printed at the Victory Press, Kottayam.